സീറോമലബാർ
സമുദായശക്തീകരണവർഷം
2026


VEDAPRACHARA
MADHYASTHAN

വാല്യം 99
ലക്കം 02
2026 ഓഗസ്റ്റ്

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly

Price ₹ 25/- Annual Subscription ₹ 300/-



2026
ഓഗസ്റ്റ്

THE OFFICIAL ORGAN OF
THE ARCHEPARCHY OF CHANGANACHERRY

ഓഗസ്റ്റ് 21നു മെത്രാഭിഷേകദിനം ആഘോഷിക്കുന്ന

**അഭി. മാർ ജോർജ് കോച്ചേരിപ്പിതാവിന്**

അതിരൂപതാകുടുംബത്തിന്റെ

പ്രാർഥനാശംസകൾ





‘നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ’
(ഉൽപത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

ചങ്ങനാശ്ശേരി അതിരൂപത
സ്ഥാപിതം: 20 മെയ് 1887

വാല്യം 99 • ലക്കം 02 • ഓഗസ്റ്റ് 2026

# ഉള്ളടക്കം


സർക്കുലർ: ലോഗോസ് ക്വിസ് – 2026 (26 Ch. TCL 27) ...............05
കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ സർക്കുലർ .......................06
കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ സർക്കുലർ..............................................11
കച്ചേരിക്കാര്യം...................................................................... 14
അനുസ്മരണങ്ങൾ................................................................ 16
സമുദായ ശക്തീകരണവർഷം ................................................24
സന്ദേശനിലയം........................................................................ 28
ചെറുപുഷ്പ മിഷൻ ലീഗ് .......................................................34
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ..................... 36
ഫാമിലി അപ്പോസ്തലേറ്റ്........................................................ 39
യുവദീപ്തി – എസ്.എം.വൈ.എം. ............................................43
ചാസ്സ്.......................................................................................45
ജീവകാരുണ്യനിധി ട്രസ്റ്റ്.......................................................... 51
ആതുരശുശ്രൂഷാമേഖല..........................................................52
പ്രവാസി അപ്പോസ്തലേറ്റ് .......................................................56
കത്തോലിക്കാ കോൺഗ്രസ്.....................................................57
കേരള ലേബർ മൂവ്മെന്റ് ......................................................59
ദളിത് കത്തോലിക്കാ മഹാജനസഭ............................................ 61
സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ .......................................62
വിൻസെൻഷ്യൻ വേദി............................................................. 63
കരിസ്മാറ്റിക് നവീകരണം.......................................................65
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി.......................................... 66
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് ..........................72



**വേദപ്രചാര മദ്ധ്യസ്ഥൻ**

ചങ്ങനാശ്ശേരി അതിരൂപതാ മുഖപത്രം



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com



**ANNUAL SUBSCRIPTION: ₹ 300/-**

# സർക്കുലർ

26 Ch. TCL 27

# ലോഗോസ് ക്വിസ് – 2026

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, അല്മായ പ്രേഷിതരേ,

ഈ വർഷത്തെ ലോഗോസ് ക്വിസ് സെപ്റ്റംബർ മാസം ഇരുപത്തിയേഴാം തീയതി ഉച്ചകഴിഞ്ഞ് നടത്തപ്പെടുന്ന വിവരം ഇതിനോടകം നിങ്ങൾ അറിഞ്ഞു കാണുമല്ലോ. സജീവവും ഊർജ്ജസ്വലവുമായ ദൈവവചനത്തിന്റെ ശുശ്രൂഷകരും, പ്രയോക്താക്കളും ആകാനാണ് മാമോദീസയിലൂടെ നാമെല്ലാം പ്രത്യേകമായി വിളിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ, വചനപഠനം ഓരോ ക്രൈസ്തവന്റെയും ജീവിതചര്യയായി മാറണം. ഇതു കേവലമൊരു ബൗദ്ധിക പഠനം മാത്രമല്ല, ജീവിക്കുന്ന വചനമായ ഈശോയെ വ്യക്തിപരമായി അനുഭവിക്കുന്ന വേദി കൂടിയാണ്. ഇപ്രകാരം, വചനപഠനത്തിലൂടെ വചനംവഴി നമ്മോടു സംസാരിക്കുന്ന ത്രിത്വൈക ദൈവത്തെ അനുഭവിക്കാൻ നമുക്കു സാധിക്കും. ലോഗോസ് ക്വിസ് മത്സരം ഇതിനായാണ് നമ്മെ ക്ഷണിക്കുന്നത്. ഈ വർഷത്തെ ലോഗോസ് ക്വിസ്സിന്റെ രജിസ്ട്രേഷൻ ഓഗസ്റ്റ് ഏഴാം തീയതി വെള്ളിയാഴ്ച അവസാനിക്കുകയാണ്. അതിനുമുമ്പായി എല്ലാ ഇടവകകളിൽ നിന്നും പരമാവധി ആളുകൾ ഈ ക്വിസ് മത്സരത്തിനായി രജിസ്റ്റർ ചെയ്യണമെന്ന് സ്നേഹത്തോടെ ഓർമിപ്പിക്കുന്നു. ലോഗോസ് ക്വിസിലൂടെ വചനമായ മിശിഹായെ സ്നേഹിക്കുന്നതിനും വചനം ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനും ഇടവരുത്തട്ടെ.

സ്നേഹപൂർവം,

✠ തോമസ് തറയിൽ

ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

---

**NB:** ***2026 ഓഗസ്റ്റ് 02 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചനപ്രഘോഷണത്തിനുശേഷം ഈ സർക്കുലർ വായിക്കേണ്ടതാണ്.

Ref: 4229/K-35/KCBC/OL/DS 29.07.2026

# 2026 ആഗസ്റ്റ് 17 കർഷകദിനം

കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ
പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ,
സഹോദരീ-സഹോദരന്മാരേ,

ചിങ്ങം ഒന്ന്, കർഷക ദിനം. ദൈവത്തിൽ പ്രത്യാശയർപ്പിച്ച് നിരന്തരം അധ്വാനിച്ച് കൃഷിയിറക്കാനും പ്രതീക്ഷയോടെ കാത്തിരിക്കാനുമുള്ള ദൈവീക സ്വരം അനുസരിച്ച് ജീവിതം സമർപ്പിച്ച കർഷകരെ ഓർമ്മിക്കാനുള്ള ദിനമാണ്. കർഷകരുടെ ജീവിതമെന്നത് അതിജീവനത്തിന്റെ വിജയഗാഥയാണ്. ''രാവിലെ വിത്തുവിതയ്ക്കുക, വൈകുന്നേരവും കൈപിൻവലിക്കരുത്, കാരണം, ഏതാണ് സഫലമാകുക, ഇതോ, അതോ, അഥവാ രണ്ടുമോ എന്ന് നീ അറിയുന്നില്ലല്ലോ'' എന്ന സഭാപ്രസംഗകന്റെ പ്രത്യാശയുടെ സന്ദേശം സ്വീകരിച്ച് കൃഷിയെ ഒരു ദൈവവിളിയായിക്കണ്ട് ജീവിതം മാറ്റിവച്ച കർഷക സമൂഹത്തെ ഒപ്പം ചേർത്തുപിടിക്കുന്നതിനുവേണ്ടി കെ.സി.ബി.സി.യുടെ ആഭിമുഖ്യത്തിൽ രൂപീകൃതമായ കർഷകസംഘടനയാണ് ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെന്റ് അഥവാ ഇൻഫാം. സുസ്ഥിരവും സുരക്ഷിതവും സുസംഘടിതവുമായ ഒരു കർഷക സമൂഹത്തെ രൂപപ്പെടുത്തുക എന്ന ദർശനത്തോടെ ജാതിമത വർഗ വർണ കക്ഷിരാഷ്ട്രീയ ഭേദമന്യേ എല്ലാവരെയും ഇൻഫാം ചേർത്തുപിടിക്കുന്നു. പരിസ്ഥിതിയെ പരിപാലിക്കുക, സമൂഹത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദിപ്പിച്ചുകൊണ്ട് ക്ഷേമരാഷ്ട്ര നിർമിതിയിൽ പങ്കാളികളാവുക, കൃഷി ഉത്പ്പന്നങ്ങൾ സംഭരിക്കുകയും സംസ്കരിക്കുകയും മൂല്യവർധിതമാക്കുകയും ചെയ്തുകൊണ്ട് രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുക, കാർഷിക വിഭവങ്ങൾ വിപ

ണനം നടത്തി ന്യായമായ വില കർഷകർക്ക് ലഭ്യമാക്കുക, കർഷകരുടെയും കൃഷിയുടെയും നിലനിൽപ്പിനും വളർച്ചയ്ക്കും വിഘാതമായി വരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക തുടങ്ങിയവയെല്ലാമാണ് ഈ കർഷക സംഘടനയുടെ ലക്ഷ്യം.

## സംഘടനാ വ്യാപനവും ശാക്തീകരണവും

ഇൻഫാം ഒരു ദേശീയ സംഘടനയാണെന്നതിൽ നമുക്ക് അഭിമാനിക്കാം. കേരളത്തിലെ വിവിധ രൂപതകളിലും കേരളത്തിന് പുറത്ത് 11 സംസ്ഥാനങ്ങളിലും പ്രവർത്തനം വ്യാപിപ്പിച്ചുകൊണ്ട് ചെറുകിട കർഷകരെ സഹായിക്കുന്നതിൽ ഇൻഫാം പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ദേശീയ തലം മുതൽ കുടുംബതലം വരെ വിവിധ മേഖലകളിൽ കർഷകരുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സംഘടന, ഇതിനായി വിവിധ കർമപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

## മണ്ണ് സംരക്ഷണവും പരിസ്ഥിതി പരിപാലനവും

രാസവള - കീടനാശിനി ഉപയോഗത്തിലൂടെ മൃതപ്രായമായ മണ്ണിനെ വീണ്ടെടുക്കുന്നതിനും പുനർജനിപ്പിക്കുന്നതിനുംവേണ്ടി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് 'ഭൂമി പുനർജനി' പദ്ധതി. 'ധരണീ സമൃദ്ധി'- പദ്ധതി, മണ്ണിന്റെ ഫലഭൂയിഷ്ടത വർധിപ്പിക്കുന്നതിന് ജൈവ വളങ്ങൾ, ജീവാണു വളങ്ങൾ തുടങ്ങിയവ നിർമിക്കുവാനും ഉപയോഗിക്കുവാനും കർഷകരെ പരിശീലിപ്പിച്ച് പ്രാപ്തരാക്കുന്ന പദ്ധതിയാണ്. 'വൃക്ഷോത്സവ്' എന്ന പദ്ധതിയിലൂടെ കേരളത്തിൽ ഇതിനോടകം അഞ്ചുലക്ഷത്തിൽ പരം തൈകൾ വിതരണം ചെയ്യുകയും നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ കർഷകർ പരിസ്ഥിതിയെ സംരക്ഷിക്കുന്നവരാണ്, നശിപ്പിക്കുന്നവരല്ല എന്ന് പ്രഖ്യാപിക്കുകയാണ് സംഘടന.

## 'പച്ചപ്പൊലിമ' പദ്ധതി

'സുഭിക്ഷ ഭാരതത്തിന് സുരക്ഷിത ഭക്ഷണമൊരുക്കുക' എന്ന ലക്ഷ്യവുമായി അഞ്ചു വർഷം നീണ്ടുനിൽക്കുന്ന 'പച്ചപ്പൊലിമ' എന്ന പദ്ധതി കർഷക കുടുംബങ്ങളിലൂടെ നടപ്പിൽ വരുത്തുന്നു. തെങ്ങ് കൃഷി പ്രോത്സാഹിപ്പിച്ച് കർഷകർക്ക് സ്ഥിര വരുമാനം ഉറപ്പുവരുത്തുന്നതിനുവേണ്ടി കേര ഗ്രാമങ്ങൾ രൂപീകരിക്കുക, ചെറുധാന്യങ്ങളുടെ കൃഷിയോടൊപ്പം ഭക്ഷ്യധാന്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക, പശു

വളർത്തൽ പ്രോത്സാഹിപ്പിച്ച് അവർക്ക് സ്ഥിര വരുമാനം ഉണ്ടാക്കുക, ഫലവൃക്ഷ കൃഷിയിലൂടെ കർഷക കുടുംബങ്ങളുടെ വരുമാനം വർധിപ്പിക്കുക, തേനീച്ചകൃഷി പ്രോത്സാഹിപ്പിക്കുക, വിഷരഹിത പച്ചക്കറി ഉൽപ്പാദനത്തിനായി അടുക്കളത്തോട്ടങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുക തുടങ്ങിയവയൊക്കെയാണ് പച്ചപ്പൊലിമയിലൂടെ ലക്ഷ്യമിടുന്നത്.

## വിളസംസ്കരണവും മൂല്യവർധിത ഉൽപ്പന്ന നിർമാണ പദ്ധതിയും

കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുകയും, അവയെ സംസ്കരിച്ച് മൂല്യവർധിത ഉൽപ്പന്നമാക്കുകയും ചെയ്യുന്ന പ്രക്രിയയും ഇൻഫാം ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. കാർഷിക വിളകളുടെ സംസ്കരണത്തിനും മൂല്യവർധനവിനുമുള്ള നടപടികൾ വിവിധ സംസ്ഥാനങ്ങളിലെ കാർഷികജില്ലകളുടെ നേതൃത്വത്തിൽ, സാമൂഹ്യ സന്നദ്ധ സംഘടനകൾ വഴിയും സമാന സ്വഭാവമുള്ള സ്ഥാപനങ്ങൾ വഴിയുമാണ് ഇൻഫാം നടപ്പിലാക്കുന്നത്.

## കാർഷിക വിഭവങ്ങളുടെ വിപണന സംവിധാനം

കർഷകരുടെ സംസ്കൃതവും മൂല്യവർധിതവുമായ ഉൽപ്പന്നങ്ങളുടെ വിപണനത്തിനുവേണ്ടി ഇൻഫാം മാളുകൾ ആരംഭിക്കുന്നതിനും കാർഷിക വിഭവങ്ങളുടെ സംഭരണത്തിനും അവയുടെ അസംസ്കൃത രീതിയിലുള്ള വിപണനത്തിനും അതോടൊപ്പം കൃഷിക്ക് ആവശ്യമായ വളങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്കായി ഇൻഫാം അഗ്രിമാർട്ടുകൾ ആരംഭിക്കുന്നതിനും ഇൻഫാം പദ്ധതിയിടുന്നു. കാർഷികോൽപ്പന്നങ്ങളുടെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും വിപണനത്തിനും വിതരണത്തിനുമായി സംസ്ഥാന തലത്തിലും അന്തർ സംസ്ഥാന തലത്തിലും നിലവിലുള്ള വ്യാപാര വിപണന ശൃംഖലകൾ ഉപയോഗപ്പെടുത്തുന്ന ഇൻഫാമിന്റെ പുതിയ പദ്ധതിയാണ് 'കിസാൻ ദോസ്ത് നെറ്റ്‌വർക്ക്'. കാർഷിക വിളകളുടെ വിപണനത്തിനുവേണ്ടി മറ്റ് ഓൺലൈൻ സംവിധാനങ്ങളും ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

## വിളഭൂമിയുടെ സംരക്ഷണവും ജീവന്റെ സുരക്ഷിതത്വവും

കർഷകരുടെയും കൃഷിയുടെയും നിലനിൽപ്പിനും വളർച്ചയ്ക്കും വിഘാതമായി നിൽക്കുന്ന, കർഷകന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന വന്യമൃഗ ശല്യം, പൊതുസമൂഹത്തിന്റെയും അധികാരി

കളുടെയും ശ്രദ്ധയിൽ കൊണ്ടുവരാനും പരിഹാരമാർഗങ്ങൾ കണ്ടെത്താനും ഇൻഫാം നടത്തിയ ചുവടുവയ്പ്പുകൾ വളരെ ശ്രദ്ധേയമാണ്. ബഫർസോൺ, പരിസ്ഥിതിലോല മേഖല, പരിസ്ഥിതി ദുർബല പ്രദേശം, വനസംരക്ഷണം തുടങ്ങിയ നിർദേശങ്ങളിലൂടെ വനവിസ്തൃതി വർധിപ്പിക്കുക എന്ന ഗൂഢ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന തൽപ്പരകക്ഷികളെ പൊതുസമൂഹത്തിനു മുൻപിൽ തുറന്നുകാട്ടാനും, വന്യജീവി സങ്കേതങ്ങൾക്കും പരിസ്ഥിതി ദുർബല പ്രദേശങ്ങൾക്കും ഒരു മറുപുറമുണ്ടെന്നും അവിടം ലക്ഷോപലക്ഷം കർഷകജനതയുടെ വാസഗേഹങ്ങൾ ഉൾപ്പെടുന്നതാണെന്നും, ഈ ഗൂഢലക്ഷ്യങ്ങൾ പ്രാവർത്തികമാക്കിയാൽ അവരുടെ ജീവിതം അനിശ്ചിതത്വത്തിലാകുമെന്നുമുള്ള സത്യം പൊതുസമൂഹത്തിനു വെളിപ്പെടുത്തി കൊടുക്കുന്നതിൽ ഇൻഫാം എടുത്ത ചുവടുവയ്പ്പുകൾ അവിസ്മരണീയമാണ്. കർഷക ജനതയുടെ ആവശ്യങ്ങളിൽ ഒപ്പം നിൽക്കാൻ ഈ സംഘടന എന്നും ബദ്ധശ്രദ്ധരാണ്.

## ഉപസംഹാരം

മണ്ണിൽ നിന്ന് ഫലങ്ങൾ കൊയ്തെടുത്ത് തങ്ങളുടെ സഹോദരങ്ങൾക്കും മറ്റു ജീവജാലങ്ങൾക്കും ഭക്ഷണം വിളമ്പുന്ന കർഷക സഹോദരങ്ങളുടെ കരങ്ങൾക്ക് കരുത്തുപകരാനും അവരുടെ മനസുകളെ ബലപ്പെടുത്താനും നമുക്ക് ഒരുമിച്ച് നിൽക്കാം. ഇൻഫാം ഇനിയും രൂപീകൃതമാകാത്ത മേഖലകളിൽ യൂണിറ്റുകൾ ആരംഭിച്ചുകൊണ്ട് കെ.സി .ബി.സി. നേതൃത്വം നൽകുന്ന ഈ കർഷക സംഘടനയെ നമുക്ക് ശക്തിപ്പെടുത്താം. ചെറുകിട കർഷക ഉന്നമനത്തിനുവേണ്ടി ഇൻഫാം വിഭാവനം ചെയ്തു നടപ്പാക്കുന്ന കർമപദ്ധതികൾ പൂർണമായ ഫലപ്രാപ്തിയിൽ എത്തിക്കുവാൻ അഭിവന്ദ്യ പിതാക്കന്മാരുടെയും വൈദികരുടെയും സന്യസ്തരുടെയും അൽമായ സഹോദരങ്ങളുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

കൃഷിയെയും കർഷകനെയും ഹൃദയത്തിൽ ചേർത്തുപിടിച്ച് നമുക്കുവേണ്ടി ജീവന്റെ അപ്പമായി തീർന്ന ഈശോയുടെ സമാധാനം നിങ്ങളോടുകൂടെ ഉണ്ടാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും സുരക്ഷിത വിളഭൂമിയായി നമ്മുടെ കൃഷിഭൂമി മാറട്ടെയെന്നും സഹോദരങ്ങളായ കർഷകർക്ക് പ്രത്യാശയും സമൃദ്ധിയും ഐശ്വര്യവും നിറഞ്ഞ ജീവിതം കർത്താവ് നൽകട്ടെയെന്നും പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം,

**✠ മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ രക്ഷാധികാരി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

**NB:** ***2026 ആഗസ്റ്റ് മാസം സൗകര്യപ്രദമായ ഒരു ഞായറാഴ്ച*** ഈ സർക്കുലർ കേരള കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

No: 4227/K-5/KCBC/OL/DS 16.07.2026

# ജസ്റ്റിസ് സൺഡേ (നീതിഞായർ) 2026 ആഗസ്റ്റ് 16

കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ
പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചതിന്റെ മധുര സ്മരണകൾ അയവിറക്കുന്ന ഈ വേളയിലും ഭാരതത്തിലെ പൗരന്മാരായ ദളിത് ക്രൈസ്തവർ പലവിധത്തിൽ അടിമത്വത്തിലും അവഗണനയിലും കഴിയുകയാണ്. ഇവരുടെ പ്രശ്നങ്ങളെക്കുറിച്ച് സഭാസമൂഹം ആഴത്തിൽ ചിന്തിക്കുന്നതിനും അവരുമായി ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിനും വേണ്ടിയാണ് ആഗസ്റ്റ് 15ന് ശേഷം വരുന്ന ഞായറാഴ്ച 'ജസ്റ്റിസ് സൺഡേ' ആയി സഭ ആചരിക്കുവാൻ സി.ബി.സി.ഐ. (ഭാരത കത്തോലിക്ക മെത്രാൻ സമിതി) 1986ൽ തീരുമാനം എടുത്തത്. ഈ വർഷം ആഗസ്റ്റ് 16-ാം തീയതി ജസ്റ്റിസ് സൺഡേ ആയി നാം ആചരിക്കുകയാണ്.

ജാതിയുടെ അടിസ്ഥാനത്തിൽ നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട അവശലക്ഷങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി ഇന്ത്യൻ ഭരണഘടനയിൽ പ്രത്യേക വ്യവസ്ഥകളും പരിരക്ഷകളും ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും 1950ലെ പട്ടികജാതി ഉത്തരവിൻ പ്രകാരം മേൽപ്പറഞ്ഞ ആനുകൂല്യങ്ങളും, പ്രത്യേക സംരക്ഷണവും പ്രസ്തുത വിഭാഗത്തിലെ ഹിന്ദു, സിഖ്, ബുദ്ധ മത വിശ്വാസികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. തത്ഫലമായി ഇന്ത്യയിലെ പട്ടികജാതി വംശജരായ ക്രിസ്ത്യാനികൾക്ക് പട്ടികജാതിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇത് വെറും മതവിവേചനമല്ല പ്രസ്തുത പരോക്ഷമായ മതപീഡനമാണ്. ഈ നടപടി അപരിഷ്കൃതവും, വിവേചനപരവും നിന്ദ്യവുമാണ്. ഭരണഘടന വാഗ്ദാനം ചെയ്യുന്ന മൗലികാവകാശങ്ങളുടെ ലംഘനവും ഭാരതത്തിന്റെ മതേതരത്വത്തിന് കളങ്കം ചാർത്തുന്ന തീരുമാനവുമാണ്.

ക്രിസ്തുമത വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ മതേതര രാജ്യമായ ഭാരതത്തിൽ നമ്മുടെ ദളിത് ക്രൈസ്തവ സഹോദരങ്ങൾ ഇന്നും

അവഗണനയും വിവേചനവും അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. പട്ടിക ജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ ദളിത് ക്രൈസ്തവർക്ക് സമൂഹത്തിൽ നീതിയും പരിരക്ഷയും ലഭിക്കുകയുള്ളൂ. ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര -സംസ്ഥാന ഗവൺമെന്റ് തലത്തിൽ സമ്മർദ്ദം ചെലുത്തി വരുന്നു. ഈ ആവശ്യത്തിലേക്ക് സഭാമക്കൾ എല്ലാവരുടെയും കൂട്ടായ പരിശ്രമവും നിരന്തരമായ പ്രാർത്ഥനയും ആവശ്യമാണ്.

ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വളർച്ചയിൽ കേരള സഭ വഹിക്കുന്ന പങ്ക് പ്രശംസനീയമാണ്. എങ്കിലും അവരുടെ ഉയർച്ചക്കായി സഭ ഇനിയും കൂടുതൽ ചെയ്യേണ്ടിയിരിക്കുന്നു. കെ.സി.ബി.സി., എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഓരോ രൂപതകളും വിദ്യാർത്ഥികൾക്ക് പ്രത്യേക സാമ്പത്തിക സഹായങ്ങളും ചെയ്തുവരുന്നു. യോഗ്യതയുള്ള ദളിത് ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ സഭാസ്ഥാപനങ്ങളിലെ തസ്തികകളിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്.

ദളിത് ക്രൈസ്തവരുടെ പ്രശ്നം നമ്മുടെ സഭയുടെ മുഴുവൻ പ്രശ്നമായി ഏറ്റെടുക്കുകയും അവരോടുള്ള നമ്മുടെ മനോഭാവങ്ങളിൽ മാറ്റം വരുത്തുകയും മുൻവിധി കൂടാതെ അവരോട് കരുണാപൂർവ്വം പെരുമാറുകയും അവരുടെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനങ്ങളും സഹായ സഹകരണങ്ങളും നൽകുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. ദളിത് ക്രൈസ്തവരുടെ ക്ഷേമത്തിനായി കെ.സി.ബി.സി.യുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്ന ഒരു സംഘടനയാണ് ഡി.സി. എം.എസ്. (ദളിത് കത്തോലിക്കാ മഹാജന സഭ). സംഘടനയുടെ ശാഖകൾ ഇല്ലാത്ത ദളിത് ക്രൈസ്തവരുള്ള ഇടവകകളിൽ അവ രൂപീകരിച്ച് പ്രവർത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ദളിത് കത്തോലിക്കാ വിദ്യാർത്ഥികളുടെ ശക്തീകരണത്തിന് എസ്.സി./ എസ്.റ്റി./ബി.സി. കമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്ന അക്കാദമികവും കലാപരവുമായ നാല് പദ്ധതികൾ റ്റി.എസ്.ഡി.റ്റി.പി. ഡവലപ്പ്മെന്റ് ടാലന്റ് പ്രോഗ്രാം, സിംഫണി, കരിയർ ഓറിയന്റേഷൻ, മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ഉടൻ പ്രായോഗികമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുകയാണ്. ജെ.ബി. കോശി കമ്മീഷൻ ദളിത് ക്രൈസ്തവർക്കുവേണ്ടി നൽകിയ ശുപാർശ നടപ്പിലാക്കുവാൻ സർക്കാരിന്റെ മേൽ കൂടുതൽ സമ്മർദ്ദം ചെലുത്തേണ്ടിയിരിക്കുന്നു. നീതി

ഞായറായി ഈ വർഷം ആഘോഷിക്കുന്ന ഓഗസ്റ്റ് 16ാം തീയതി കേരള കത്തോലിക്കാ സഭയിലെ ഇടവകകളിൽ ഡി.സി.എം.എസ്. പതാക ഉയർത്തുകയും ഈ ദിവസത്തിന്റെ പ്രാധാന്യത്തെപ്പറ്റി ദൈവജനത്തെ ബോധവത്കരിക്കുകയും, പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. കാരണം നമ്മുടെ ദളിത് കത്തോലിക്കാ സഹോദരങ്ങൾ സഭാഗാത്രത്തിന്റെ അവിഭാജ്യഘടകമാണല്ലോ. അന്നത്തെ സ്തോത്ര കാഴ്ച പ്രത്യേകമായി നമ്മുടെ ദളിത് സഹോദരങ്ങളുടെ ശക്തീകരണത്തിനായി മാറ്റിവയ്ക്കപ്പെടുന്നതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം**
*(ചെയർമാൻ)*

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**
**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് രാജപ്പൻ**
*(വൈസ്ചെയർമാന്മാർ)*

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി 682 025

---

**NB:** ***2026 ആഗസ്റ്റ് 16 ഞായറാഴ്ച*** ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.




# കച്ചേരിക്കാര്യം

## I
## ജസ്റ്റിസ് സൺഡേ

**2026 ഓഗസ്റ്റ് 16** ജസ്റ്റിസ് സൺഡേയായി ആചരിക്കുകയാണ്. അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച നമ്മുടെ അതിരൂപതയിലെ ദളിത് കത്തോലിക്കരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നീക്കിവെച്ചിരിക്കുന്നു. *2026 ഓഗസ്റ്റ് മുപ്പത്തിയൊന്നിനകം* അതിരൂപതാസാമ്പത്തികകാര്യാലയത്തിൽ അത് ഏല്പിക്കേണ്ടതാണ്.

## II
## പരിശുദ്ധ കുർബാനനിയോഗം

**2026 ജൂലൈ 7, 12** തീയതികളിൽ അതിരൂപതാകുടുംബത്തിൽ നിന്നും നിത്യസമ്മാനത്തിനു യാത്രയായ *കൊച്ചുതറ തോമസ്, പാലത്തുങ്കൽ ഡൊമിനിക്* എന്നീ ബഹു. വൈദികരെ നമ്മുടെ പ്രാർഥനയിലോർക്കാം. എല്ലാ വൈദികരും ബഹു. അച്ചന്മാർക്കുവേണ്ടി ഓരോ പരിശുദ്ധ കുർബാന വീതം അർപ്പിക്കേണ്ടതാണ്.

## III
## 2025-2026 സാമ്പത്തികവർഷത്തെ കണക്കുകൾ

2025-2026 സാമ്പത്തികവർഷത്തെ കണക്കുകൾ ഇനിയും സമർപ്പിക്കാനുള്ള പള്ളികൾ **2026 ഓഗസ്റ്റ് മുപ്പത്തിയൊന്നിനകം** അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

## അഭി. തോമസ് തറയിൽ പിതാവിന്റെ നാമഹേതുക തിരുനാൾ: കാരുണ്യ ഭവനങ്ങൾക്കായി സ്നേഹസമ്മാനങ്ങൾ കൈമാറി

അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റെ നാമഹേതുക തിരുനാൾ ദിനമായ ജൂലൈ 03, 2026 നോടനുബന്ധിച്ച് വിവിധ ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സംഭാവനയായി ലഭിച്ച തുകയും സാധനസാമഗ്രികളും അതിരൂപതയിലെ 105 ഓളം കാരുണ്യ ഭവനങ്ങളിലേക്കു വീതിച്ചു നൽകി.

| | |
|---|---|
| ലഭിച്ച ആകെ തുക (Total Cash Received) | ₹ 5,09,000/- |
| ലഭിച്ച സാധന സാമഗ്രികളുടെ മൂല്യം (Total Articles Received) | ₹ 95,765/- |

## അഭിനന്ദനങ്ങൾ



ഓസ്ട്രിയയിലെ സാൽസ്ബുർഗ്
യൂണിവേഴ്സിറ്റിയിൽനിന്നു
ദൈവശാസ്ത്രത്തിൽ *BETWEEN TRADITION AND MODERNITY: A SEARCH FOR THE MUSICAL IDENTITY OF THE SYRO-MALABAR CHURCH* എന്ന വിഷയത്തിൽ
ഡോക്ടറേറ്റ് നേടിയ

**പത്തിൽ ബഹു. ജോസഫ് അച്ചന്**

അതിരൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ

# ജീവിതനിയോഗം വിശ്വസ്തതയോടെ നിറവേറ്റിയ ശ്രേഷ്ഠപുരോഹിതൻ

## പാലത്തുങ്കൽ ബഹു. ഡൊമിനിക് അച്ചൻ

## (1935 – 2026)



91 വർഷങ്ങൾ ഈ ലോകത്തിൽ ജീവിക്കാനും അതിൽ 65 വർഷങ്ങൾ കർത്താവിന്റെ പുരോഹിതനായിരിക്കാനും ഭാഗ്യം ലഭിച്ച വ്യക്തിയായിരുന്നു ബഹു. ഡൊമിനിക് പാലത്തുങ്കലച്ചൻ. ദൈവം ഏൽപിച്ച നിയോഗങ്ങളും ഉത്തരവാദിത്വങ്ങളും വിശ്വസ്തതയോടും ആത്മാർത്ഥതയോടുംകൂടെ അദ്ദേഹം നിർവഹിച്ചു. ദൈവികമായ ശാന്തതയോടെ അച്ചൻ തന്റെ പിതൃഭവനത്തിലേക്കു മടങ്ങുമ്പോൾ മാതൃകാപരമായ ആ പൗരോഹിത്യജീവിതത്തെ അനുസ്മരിക്കുന്നതു നമുക്കേറെ പ്രചോദനാത്മകവും ഉപകാരപ്രദവുമായിരിക്കും.

ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകയിൽ പാലത്തുങ്കൽ ചാക്കോ-മറിയം ദമ്പതികളുടെ മകനായി 1935 ജൂലൈ 31നു ബഹു. ഡൊമിനിക്കച്ചൻ ഭൂജാതനായി. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ചങ്ങനാശേരി പാറേൽ സെന്റ് തോമസ് പെറ്റി സെമിനാരിയിൽ വൈദികപരിശീലനത്തിന്റെ ആദ്യഘട്ടവും തുടർന്ന് ആലുവ മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്രപഠനവും ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി. 1961 മാർച്ച് 12ന് ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിന്റെ കൈവയ്പുവഴി പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, തക്കല രൂപതകളിൽ വിവിധ ശുശ്രൂഷാമേഖലകളിൽ അദ്ദേഹം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. ചങ്ങനാശേരി അതിരൂപതയിലെ തൃക്കൊടിത്താനം, പൂന്തോപ്പ്, വേഴപ്രാ, തത്തംപള്ളി, വേരൂർ, എടത്വാ, ഇത്തിത്താനം, കുടമാളൂർ, മാമ്മൂട് തുടങ്ങിയ ഇടവകകളിൽ പാലത്തുങ്കലച്ചൻ തന്റെ അജപാലനശുശ്രൂഷ നിർവഹിച്ചു. എല്ലായിടത്തും ദൈവജനത്തിന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയിൽ അദ്ദേഹം പ്രത്യേക ശ്രദ്ധപതിപ്പിച്ചിരുന്നു. 1979 മുതൽ 1982 വരെ ചങ്ങനാശേരി അതിരൂപതയുടെ പ്രൊക്യുറേറ്ററായി സേവനമനുഷ്ഠിച്ച ഡൊമിനിക്കച്ചൻ അതിരൂപതയുടെ പൊതുവായ വളർച്ചയ്ക്കും തന്റേതായ സംഭാവനകൾ നൽകി.

1993 മുതൽ 2007 വരെയുള്ള 14 വർഷങ്ങൾ പാലത്തുങ്കലച്ചൻ തക്കല രൂപതയിൽ ശ്രദ്ധേയമായ അജപാലനശുശ്രൂഷ നിർവഹിച്ചു. തക്കല രൂപതയുടെ ആരംഭകാലത്ത് രൂപതാ സിഞ്ചെല്ലൂസ് ആയി നിയോഗിക്കപ്പെട്ട ഡൊമിനിക്കച്ചൻ

രൂപതയുടെ ആത്മീയ-ഭൗതിക വളർച്ചയിൽ പ്രത്യേക ശ്രദ്ധചെലുത്തി. ബിഷപ്സ് ഹൗസ്, പാസ്റ്ററൽ സെന്റർ, വിവിധ മിഷൻ സ്റ്റേഷനുകൾ എന്നിവയ്ക്കുവേണ്ടി ഭൗതികസാഹചര്യങ്ങൾ ഒരുക്കിയതിലും ഇപ്പോൾ സജീവ ഇടവകകളായി രൂപപ്പെട്ടിരിക്കുന്ന മിഷൻ സ്റ്റേഷനുകൾ ആരംഭിച്ചതിലും അച്ചന്റെ പങ്കു വലുതായിരുന്നു. പാലത്തുങ്കലച്ചൻ തക്കലയിൽനിന്നു ചങ്ങനാശേരിയിലേക്കു തിരിച്ചുപോരുന്ന അവസരത്തിൽ അന്നത്തെ തക്കല രൂപതാധ്യക്ഷനായിരുന്ന മാർ ജോർജ് ആലഞ്ചേരി പിതാവ് എഴുതിയ സർക്കുലർ ഡൊമിനിക്കച്ചന്റെ തക്കല രൂപതയിലെ ശുശ്രൂഷയുടെ ആഴം വെളിപ്പെടുത്തുന്നതാണ്. അതിൽനിന്നുള്ള ഒരു ഭാഗം താഴെകൊടുക്കുന്നു.

''പെ. ബഹു. ഡൊമിനിക്കച്ചൻ വൈദികർക്കും ജനങ്ങൾക്കും ഒരു മാതൃകാവൈദികനായിരുന്നു. പ്രാർത്ഥനാജീവിതത്തിലും ആരാധനാശുശ്രൂഷകളുടെ പരികർമ്മത്തിലും ശരിയായ നിഷ്ഠയും ക്രമവും അദ്ദേഹം പാലിച്ചിരുന്നു. 1993 മുതൽ അദ്ദേഹം കന്യാകുമാരി മിഷനിൽ സേവനം ചെയ്തിരുന്നു. തക്കല രൂപത സ്ഥാപിതമായതിനുശേഷം രൂപതയുടെ ആദ്യത്തെ ഫിനാൻസ് ഓഫീസർ എന്ന നിലയിലും പിന്നീട് ചാൻസലർ, പ്രോട്ടോ സിഞ്ചെള്ളൂസ് എന്നീ നിലകളിലും അച്ചൻ ചെയ്തിട്ടുള്ള സേവനം നിസ്തുലമാണ്. രൂപതയുടെ പൊതുസ്ഥാപനങ്ങൾക്കും മിഷൻകേന്ദ്രങ്ങൾക്കും ആവശ്യകമായ സ്ഥലങ്ങൾ വാങ്ങുക, രേഖകൾ ഉണ്ടാക്കി സൂക്ഷിക്കുക, കണക്കുകൾ കൃത്യമായി എഴുതി സമർപ്പിക്കുക എന്നിങ്ങനെ ഏറ്റം ശ്രമകരമായ ജോലികളാണ് കഴിഞ്ഞ പത്തു വർഷമായി അച്ചൻ ചെയ്തുകൊണ്ടിരുന്നത്. അതോടൊപ്പം രൂപതയിലെ സന്യാസിനികളുടെ പൊതുവായ ആനിമേറ്റർ, സെന്റ് വിൻസന്റ് ഡി പോൾ സഖ്യത്തിന്റെ ആധ്യാത്മിക ഉപദേഷ്ടാവ്, വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ കോർഡിനേറ്റർ, സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രസിഡന്റ് എന്നീ നിലകളിലും അച്ചൻ സേവനം ചെയ്തു. ഈ ജോലികളുടെ കഠിനമായ ക്ളേശങ്ങൾ അച്ചന്റെ ആരോഗ്യത്തിനുതന്നെ ഹാനികരമായി. തക്കല രൂപതയിലെ അജപാലനഘടനയ്ക്കു ഊടുംപാവും യഥാവിധി ചേർക്കുന്നതിന് ഏറ്റവുമധികം കഠിനാധ്വാനം ചെയ്ത ആളാണ് ബഹു. ഡൊമിനിക്കച്ചൻ. അതിനാൽ, അദ്ദേഹത്തോട് ഈ രൂപത എന്നും കടപ്പെട്ടിരിക്കും. ഈ രൂപതയുടെ ചരിത്രത്തിൽ അദ്ദേഹത്തിന്റെ പേര് തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെടേണ്ടതാണ്.'' ഇക്കാര്യങ്ങൾ ബഹു. പാലത്തുങ്കലച്ചന്റെ മൃതസംസ്കാരശുശ്രൂഷ വേളയിൽ കർദ്ദിനാൾ ആലഞ്ചേരി പിതാവ് പ്രത്യേകം അനുസ്മരിക്കുകയുണ്ടായി.

തക്കല രൂപതയിലെ ശുശ്രൂഷകൾക്കുശേഷം മാതൃരൂപതയിലേക്കു തിരിച്ചുവന്ന ബഹു. പാലത്തുങ്കലച്ചൻ മാമ്മൂട് ലൂർദ്മാതാ ഇടവകയുടെ വികാരിയായിട്ടാണ് നിയോഗിക്കപ്പെട്ടത്. വലിയ അജപാലനതീക്ഷ്ണതയോടെ തന്റെ പുതിയ കർമമേഖലയെ പുണരുന്ന ഡൊമിനിക്കച്ചനെയാണ് അച്ചന്റെകൂടെ കൊച്ചച്ചനായി ശുശ്രൂഷചെയ്യാൻ നിയോഗിക്കപ്പെട്ട എനിക്കവിടെ കാണാൻ

സാധിച്ചത്. അവിടെവച്ച് അച്ചനുമായുള്ള അടുത്ത പരിചയത്തിൽ എനിക്കു ബോധ്യമായ അച്ചന്റെ ചില സവിശേഷതകളും ഗുണങ്ങളും സൂചിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നു കരുതുന്നു.

സഭയെക്കുറിച്ച് ആഴമായ ബോധ്യങ്ങളുള്ള ഒരു പുരോഹിതനായിരുന്നു ബഹു. പാലത്തുങ്കലച്ചൻ. മാതൃസഭയെ ഏറെ സ്നേഹിച്ചിരുന്ന അദ്ദേഹം നമ്മുടെ സഭയുടെ പാരമ്പര്യങ്ങളോടു പൂർണമായ വിശ്വസ്തത പാലിക്കുകയും ആരാധനാക്രമാനുഷ്ഠാനങ്ങൾ കൃത്യമായി നിർവഹിക്കണമെന്നു നിർബന്ധം പുലർത്തുകയും ചെയ്ത വ്യക്തിയായിരുന്നു. പരിശുദ്ധ കുർബാന അതിന്റെ പൂർണതയിൽ അർപ്പിക്കാനും യാമപ്രാർഥനകൾ കൃത്യമായി ചൊല്ലാനും ദീർഘനേരം വ്യക്തിപരമായി പ്രാർഥിക്കാനും അച്ചൻ ശ്രദ്ധിച്ചിരുന്നു. ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിലും ഓരോ ദിവസവുമുള്ള പരിശുദ്ധ കുർബാനകളിൽ പകുതിയെണ്ണം അർപ്പിക്കാനും കുടുംബക്കൂട്ടായ്മകളിൽ പകുതിയെണ്ണത്തിനു നേതൃത്വം കൊടുക്കാനും അച്ചൻ നിർബന്ധപൂർവം ശ്രദ്ധിച്ചിരുന്നു. ഞായറാഴ്ചകളിലെ വചനപ്രഘോഷണം എല്ലാ കുർബാനകളിലും ഒരുപോലെ നടത്തപ്പെടണം എന്നുള്ള അച്ചന്റെ നിഷ്ഠയിൽ പ്രസംഗങ്ങൾ ഒന്നിച്ചൊരുങ്ങാനും ഒരുപോലെ പറയാനും അതുവഴി ഇടവകജനത്തിനു മുഴുവൻ ഒരേ സന്ദേശം നൽകാനും സാധിച്ചതു പ്രത്യേകം അനുസ്മരിക്കുന്നു.

തന്റെ പൗരോഹിത്യ ജീവിതത്തിൽ എന്നും അടിയുറച്ച ആദർശങ്ങൾ പുലർത്തിയ വൈദികനായിരുന്നു പാലത്തുങ്കലച്ചൻ. ജീവിതത്തിലുടനീളം സത്യത്തിനും നീതിക്കും അദ്ദേഹം ഏറെ പ്രാധാന്യം നൽകിയിരുന്നു. സാമ്പത്തിക കാര്യങ്ങളിലും മറ്റെല്ലാ പ്രവർത്തനങ്ങളിലും തികഞ്ഞ സുതാര്യതയും സത്യസന്ധതയും നിറഞ്ഞ ശുശ്രൂഷയായിരുന്നു അച്ചന്റേത്. പള്ളിയുടെ കണക്കുകളുടെ കാര്യത്തിൽ അദ്ദേഹം പുലർത്തിയിരുന്ന കൃത്യതയും കണിശതയും മാതൃകാപരമായിരുന്നു. അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും അച്ചൻ തയ്യാറായിരുന്നില്ല. മാസാവസാനം അദ്ദേഹത്തിനു വെഞ്ചരിപ്പിനും മറ്റും ലഭിച്ച തുകയുടെ പകുതി എനിക്കു നൽകാൻ വരുന്ന അച്ചന്റെ ചിത്രം എന്റെ മനസിലുണ്ട്. തുക കൃത്യമായി വിഭജിച്ചു ചില്ലറയുൾപ്പെടെ നൽകിയിട്ട് അതു കൊച്ചച്ചന് അവകാശപ്പെട്ടതാണ് എന്നുപറയുന്ന അച്ചന്റെ സത്യസന്ധതയും ഔദാര്യവും ഇന്നും മനസിൽ തെളിഞ്ഞുനിൽക്കുന്നു. അതുപോലെ വേർതിരിവില്ലാതെ എല്ലാവരെയും ഒരേപോലെ കാണാനും നീതിക്കുനിരക്കുന്ന നിലപാടുകൾ മാത്രം സ്വീകരിക്കാനും ഡൊമിനിക്കച്ചനു സാധിച്ചിരുന്നു. പണക്കാരനും പാവപ്പെട്ടവനും അച്ചന് ഒരുപോലെയായിരുന്നു. മറ്റു പരിഗണനകളൊന്നുമില്ലാതെ, കാര്യങ്ങളുടെ മെറിറ്റ് മാത്രം പരിഗണിച്ചായിരുന്നു അദ്ദേഹം തീരുമാനങ്ങളെടുത്തിരുന്നത്.

പുറമേ ഗൗരവക്കാരനെന്നു തോന്നുമ്പോഴും കരുണയും സ്നേഹവുമുള്ള ഒരു ഹൃദയമായിരുന്നു അച്ചന്റേത്. ആരുമറിയാതെ ബുദ്ധിമുട്ടനുഭവിക്കുന്നവരെ

സഹായിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അതോടൊപ്പം അധികാരികളോടു വിധേയത്വവും സഹോദരവൈദികരോടു സ്നേഹവും പുലർത്തിയിരുന്ന വ്യക്തിത്വമായിരുന്നു അച്ചന്റേത്. ധാരാളം തമാശകൾ പറയുകയും ആസ്വദിച്ചു ചിരിക്കുകയും ചെയ്യുന്ന പാലത്തുങ്കലച്ചനെ അടുത്തറിയാവുന്നവർ മറക്കുകയില്ല. അച്ചനിൽ വിളങ്ങിയിരുന്ന വലിയ ഒരു ഗുണമായിരുന്നു ജീവിത ലാളിത്യം. തന്റെ പേരിനു കാരണക്കാരനായ വിശുദ്ധ ഡൊമിനിക്കിനെപ്പോലെ ത്യാഗപൂർണവും ലളിതവുമായിരുന്നു അച്ചന്റെയും ജീവിതം. എല്ലാക്കാലത്തും ആഡംബരങ്ങളിൽനിന്നും ആർഭാടങ്ങളിൽനിന്നും ബഹളങ്ങളിൽനിന്നും അകന്നുനിന്ന ഡൊമിനിക്കച്ചൻ ഈശോയെപ്പോലെ എളിമയോടും ശാന്തതയോടുംകൂടി തന്റെ ജീവിതബലി പൂർത്തിയാക്കി.


2026 ജൂലൈ 12ന് ഇഹലോകവാസം വെടിഞ്ഞ ബഹു. പാലത്തുങ്കലച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾ 2026 ജൂലൈ 15നു ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ നടത്തപ്പെട്ടു. ശുശ്രൂഷകൾക്കു കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം, ബിഷപ് മാർ ജോർജ് രാജേന്ദ്രൻ തുടങ്ങിയവർ കാർമികരായിരുന്നു.

ജീവിതത്തിൽ ദൈവം നൽകിയതെല്ലാം നന്ദിയോടെ സ്വീകരിച്ചു നിത്യതയിലേക്കു യാത്രയായ ഡൊമിനിക്കച്ചന്റെ ആത്മശാന്തിക്കായി നമുക്കു പ്രാർത്ഥിക്കാം. ദൈവജനത്തിന്റെ വിശ്വസ്ത ഇടയനായിരുന്ന ബഹു. അച്ചനു കരുണാമയനായ ദൈവം നിത്യശാന്തിയും സ്വർഗസൗഭാഗ്യവും നൽകട്ടെ.

**ഫാ. ക്രിസ്റ്റി കൂട്ടുമ്മേൽ**

# സ്നേഹത്തിന്റെയും ജ്ഞാനത്തിന്റെയും പരിമളംപരത്തിയ

## കൊച്ചുതറ ബഹു. തോമസച്ചൻ



കൊച്ചുതറ ബഹു. തോമസച്ചന്റെ ചരമ വാർത്ത ഞെട്ടലോടെയാണ് ശ്രവിച്ചത്. വാർദ്ധക്യത്തിന്റെ അവശതകൾ ഉണ്ടായിരുന്നെങ്കിലും അധ്യാപനരംഗത്തും അജപാലനരംഗത്തും തീക്ഷ്ണതയോടെ വ്യാപരിച്ചിരുന്ന സന്ദർഭത്തിലാണ് പെട്ടെന്ന് കർത്താവിന്റെ സന്നിധിയിലേക്ക് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്. മരണം തീർത്തും ആകസ്മികമാണെന്നും ഏത് സമയത്തും അത് നമ്മെ പിടികൂടാമെന്നും വീണ്ടും നമ്മെ ഓർമിപ്പിക്കുകയാണ് നമുക്കെല്ലാവർക്കും പ്രിയങ്കരനായിരുന്ന ബഹു. കൊച്ചുതറയച്ചന്റെ നിര്യാണം.

ചമ്പക്കുളം ഫൊറോനായിൽപ്പെട്ട പടഹാരം സെന്റ് ജോസഫ്സ് ഇടവകയിൽ 1945 മാർച്ച് 3-നാണ് അച്ചൻ ജനിക്കുന്നത്. 81 സംവത്സരം ഈ ഭൂമിയിൽ ജീവിച്ച് വിശുദ്ധിയുടെയും സ്നേഹത്തിന്റെയും ജ്ഞാനത്തിന്റെയും പരിമളം പരത്തി ദൈവസന്നിധിയിലേക്ക് കടന്നുപോയ ബഹു. കൊച്ചുതറയച്ചൻ സഹസ്രാബ്ദത്തിന്റെ സംഭാവനകളാണ് തന്റെ സ്നേഹശുശ്രൂഷയിലൂടെ സഭയ്ക്കും സമൂഹത്തിനും നൽകിയതെന്നു വിലയിരുത്തിയാൽ അതിൽ തെല്ലും അതിശയോക്തിയില്ല. ഇപ്രകാരമുള്ള വലിയ മനുഷ്യർ നൂറ്റാണ്ടുകളിലോ സഹസ്രാബ്ദങ്ങളിലോ മാത്രമേ ഭൂമിയിൽ പിറവിയെടുക്കൂ എന്നതാണ് പണ്ഡിതനിരീക്ഷണം.

ബഹു. കൊച്ചുതറയച്ചൻ പണ്ഡിതനായ പുരോഹിതനായിരുന്നു. പാറേൽ പെറ്റി സെമിനാരിയിലും തുടർന്ന് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലുമായി വൈദികപരിശീലനം പൂർത്തിയാക്കി 1972 ഡിസംബർ 23-ന് അഭി. മാർ ആന്റണി പടിയറ പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു. തത്തംപള്ളി സെന്റ് മൈക്കിൾസ്, തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് എന്നീ പള്ളികളിൽ കൊച്ചച്ചനായി ശുശ്രൂഷചെയ്തശേഷം അദ്ദേഹം ബെൽജിയത്തെ ലുവൈനിൽ ഉപരിപഠനം നടത്താൻ യാത്രയായി. ലുവൈനിൽനിന്ന് അതിപ്രശസ്തമായരീതിയിൽ ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. അക്കാലത്ത് ലോകമെമ്പാടും ചർച്ചചെയ്തിരുന്ന വിമോചനദൈവശാസ്ത്രത്തെ അധികരിച്ചായിരുന്നു ഡോക്ടറേറ്റ്. അച്ചൻ നാട്ടിൽ തിരിച്ചുവന്ന് പ്രബോധനത്തിലും

അധ്യാപനത്തിലും മുഴുകി. സന്ദേശനിലയം ഡയറക്ടർ എന്ന നിലയിൽ (1984-85) നമ്മുടെ അതിരൂപതയിലെ മതബോധനരംഗത്ത് സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. തുടർന്ന് നാലുവർഷത്തോളം പി.ഒ.സി.യിൽ ദൈവ ശാസ്ത്ര അധ്യാപകനായിരുന്നു; ഒപ്പം കെ.സി.ബി.സി. മതബോധനകമ്മീഷന്റെ സെക്രട്ടറിയായും പ്രവർത്തിച്ചു. തുടർന്ന് അച്ചന്റെ അധ്യാപനശുശ്രൂഷ ഭാരത ത്തിന്റെ സീമകളോളം വികസിക്കുകയായിരുന്നു. ഇന്ത്യയുടെ വടക്കു പടിഞ്ഞാറൻ ഭാഗത്ത് ഷില്ലോങ്ങിൽ സ്ഥാപിതമായ ഓറിയൻസ് തിയളോജിക്കൽ കോളേജിൽ 14 വർഷത്തോളം ദൈവശാസ്ത്ര അധ്യാപകനായി വൈദികവിദ്യാർഥികൾക്ക് ദൈവികജ്ഞാനം പകർന്നുകൊടുത്തു. അവിടുത്തെ ജനതയുടെ ഗോത്രസംസ് കാരത്തെയും പ്രവർത്തനശൈലികളെയും വിപ്ലവവീര്യത്തെയും തൊട്ടറിയാൻ അച്ചനു സാധിച്ചു. സാംസ്കാരിക അനുരൂപണത്തിലൂടെ സഭ എപ്രകാരം വളരുന്നുവെന്ന് അദ്ദേഹം മനസ്സിലാക്കി. ഇന്ത്യയുടെ ഹൃദയഭാഗത്തേയ്ക്കാ യിരുന്നു പിന്നീട് അദ്ദേഹത്തിന്റെ വരവ്. മധ്യപ്രദേശിലുള്ള സത്നാ സെന്റ് എഫ്രേം മേജർ സെമിനാരിയിൽ 12 വർഷത്തോളം വൈദികവിദ്യാർഥികളെ വിവിധ ദൈവശാസ്ത്രവിഷയങ്ങൾ പഠിപ്പിച്ചു. ഇതിൽ ഏഴുവർഷക്കാലം അദ്ദേഹം മേജർ സെമിനാരി റെക്ടറായി സേവനംചെയ്തു. സെമിനാരി യിലെ ശുശ്രൂഷാകാലം പൂർത്തിയാക്കിയശേഷം അതിരൂപതയിൽ അദ്ദേഹം തിരിച്ചെത്തി. തുടർന്ന്, ചങ്ങനാശ്ശേരി തുരുത്തിയിലുള്ള ‘കാനാ’ കുടുംബ നവീകരണകേന്ദ്രത്തിന്റെയും സെന്റ് ജോൺ പോൾ സെക്കൻഡ് വിവാഹ-കുടുംബ പഠന ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ഡയറക്ടറായി അദ്ദേഹം നിയമിക്കപ്പെട്ടു. അഞ്ചുവർഷത്തോളം അദ്ദേഹം കാനയുടെ ഡയറക്ടർ ആയിരുന്നു.

വിവിധ ശുശ്രൂഷാകേന്ദ്രങ്ങളുടെയും പഠനകേന്ദ്രങ്ങളുടെയും സെമിനാരി കളുടെയും ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും അധ്യാപകനും പ്രഫസറും റെക്ടറും ഡയറക്ടറും എന്ന നിലയിൽ ദൈവശാസ്ത്രപരമായ രംഗത്ത് അച്ചൻ ചെയ്ത സേവനങ്ങൾ ഭാരതസഭയ്ക്ക് ഒരിക്കലും മറക്കാനാവില്ല. അച്ചന്റെ ക്ലാസ്സുകൾ പഠിതാക്കൾ അത്യധികം ഇഷ്ടപ്പെട്ടിരുന്നു. സമഗ്രമായ അറിവും അധ്യാപന പാടവവും ചോദ്യങ്ങൾക്ക് കൃത്യമായി മറുപടി നൽകുന്നതിനുള്ള സിദ്ധിയും അച്ചന്റെ അധ്യാപനത്തിന്റെ പ്രത്യേകതകൾ ആയിരുന്നു. യാതൊരു നോട്ടും ഉപയോഗിക്കാതെ ക്ലാസ്സിൽവന്ന് വിദ്യാർത്ഥികളെ അത്ഭുതസ്മിതരാക്കി ക്കൊണ്ട് ഗംഭീരമായി ക്ലാസ്സ് നയിക്കാൻ അച്ചന് കഴിഞ്ഞിരുന്നു. വിദ്യാർത്ഥികൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ക്ലാസ്സായിരുന്നു കൊച്ചുതറയച്ചന്റേത്. പഠിപ്പിക്കുന്ന കാര്യ ങ്ങൾ മനസ്സിൽ പതിഞ്ഞുനിൽക്കത്തക്കവിധം അടുക്കുംചിട്ടയോടുംകൂടെ ക്രമീകൃതമായി പഠിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. പാണ്ഡിത്യവും നർമ്മവും വിശകലന കലയും നിറഞ്ഞുനിന്ന ക്ലാസ്സുകൾ! ഭാരതസഭയ്ക്ക് ഇപ്ര കാരമുള്ള ഒരു വലിയ അധ്യാപകനെയാണ് നഷ്ടപ്പെട്ടിരിക്കുന്നത്. ഇത്തരത്തി ലുള്ള ഒരു അധ്യാപകനെ ഭാരതസഭയ്ക്ക് സംഭാവനചെയ്യാൻ സാധിച്ചതിൽ ചങ്ങനാശ്ശേരി അതിരൂപതയ്ക്ക് അഭിമാനിക്കാം.

വലിയൊരു ശിഷ്യസമ്പത്ത് അച്ചനുണ്ട്. നമ്മുടെ അതിരൂപതയിലും മറ്റു രൂപതകളിലും വൈദികരായി ശുശ്രൂഷചെയ്യുന്ന കൊച്ചച്ചന്മാരിൽ അനേകം പേർ അച്ചന്റെ ശിഷ്യന്മാരാണ്. റെക്ടർ എന്നനിലയിൽ പക്വമായ തീരുമാനങ്ങളെടുക്കാനും സ്റ്റാഫ് അംഗങ്ങളെ ഒന്നിപ്പിച്ചുനിർത്താനും അച്ചന് കഴിഞ്ഞിരുന്നു. വിദ്യാർഥികളോട് പ്രത്യേക വാത്സല്യവും കരുണാപൂർവ്വമായ ശ്രദ്ധയും അദ്ദേഹത്തിനുണ്ടായിരുന്നു. സത്നായിലും കാനായിലും റെക്ടറും ഡയറക്ടറും ആയിരിക്കെ അധ്യാപനത്തിൽ മാത്രമല്ല അദ്ദേഹം ശ്രദ്ധിച്ചത്, താൻ നേതൃത്വം കൊടുക്കുന്ന സ്ഥാപനത്തിന്റെ ഭൗതികവും ആത്മീയവുമായ വളർച്ചയ്ക്കുവേണ്ടി അദ്ദേഹം അത്യദ്ധ്വാനം ചെയ്തു. തന്റെ തുച്ഛമായ വരുമാനം മുഴുവനും ഈ സ്ഥാപനങ്ങളുടെ വികസനത്തിനുവേണ്ടി നീക്കിവെക്കാൻ അദ്ദേഹം മടികാണിച്ചില്ല. അദ്ദേഹത്തിന്റെ ആത്മാർത്ഥതയെയും സമർപ്പണത്തെയും എത്ര പ്രകീർത്തിച്ചാലും അധികമാവില്ല.

സെമിനാരിയിൽനിന്നു റിട്ടയർ ചെയ്തശേഷം അഞ്ചുവർഷത്തോളം കാനായുടെ ഡയറക്ടറായി സേവനം അനുഷ്ഠിച്ചപ്പോൾ കാനായുടെ സർവോന്മുഖമായ വളർച്ചയ്ക്കുവേണ്ടി അദ്ദേഹം അത്യദ്ധ്വാനം ചെയ്തു. കാനായ്ക്ക് ഇപ്പോൾ കൈവന്നിരിക്കുന്ന പല വികസനപ്രവർത്തനങ്ങൾക്കും ആരംഭംകുറിച്ചത് കൊച്ചുതറയച്ചനായിരുന്നു. സ്വന്തം പണവും ആരോഗ്യവും ബുദ്ധിശക്തിയുമെല്ലാം കാനായുടെ വളർച്ചയ്ക്കുവേണ്ടി അദ്ദേഹം വിനിയോഗിച്ചു. വിദ്യാർത്ഥികളെയും സഹപ്രവർത്തകരെയും ശ്രദ്ധാപൂർവ്വം ശ്രവിക്കാനും അവരുടെ പങ്കാളിത്തത്തോടെ ഉചിതമായകാര്യങ്ങൾ നടപ്പാക്കാനും കുറവുകൾ പരിഹരിക്കാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നുവെന്നത് എടുത്തുപറയേണ്ട കാര്യമാണ്. ജോലിക്കാരോടും ആശ്രിതരോടും കരുണകാണിക്കുവാനും വേണ്ടസമയത്ത് വേണ്ടപോലെ അവരെ സഹായിക്കാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

ബഹു. കൊച്ചുതറയച്ചൻ നലംതികഞ്ഞ പ്രഭാഷകനും എഴുത്തുകാരനുമായിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലും പ്രസംഗിക്കാൻ അദ്ദേഹത്തിന് വൈഭവമുണ്ടായിരുന്നു. ആരെയും ഹഠാദാകർഷിക്കുന്നതാണ് ഇംഗ്ലീഷ് ഭാഷയിലുള്ള അദ്ദേഹത്തിന്റെ പ്രസംഗം. അനേകം ദൈവശാസ്ത്രലേഖനങ്ങൾ അദ്ദേഹം രചിച്ചു. ദീർഘനാൾ സത്നാ സെമിനാരിയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന എഫ്രേംസ് തിയളോജിക്കൽ ജേർണ്ണലിന്റെയും കാനായിൽനിന്നു പ്രസിദ്ധീകരിക്കുന്ന ഇന്ത്യൻ ഫാമിലി സ്റ്റഡീസിന്റെയും ചീഫ് എഡിറ്റർ ആയിരുന്നു. Christianity and Tribal Societies of North India എന്ന പ്രഖ്യാതഗ്രന്ഥം 2020 ൽ പ്രസിദ്ധപ്പെടുത്തി. 448ഓളം പേജുകളുള്ള ഈ ബൃഹത്ഗ്രന്ഥം ബഹു. കൊച്ചുതറയച്ചൻ ആഗോള ക്രിസ്തീയസഭയ്ക്ക് നൽകിയ അതുല്യ സംഭാവനയാണ്.

ബഹു. കൊച്ചുതറയച്ചൻ നല്ലൊരു അജപാലകൻ കൂടിയായിരുന്നു. കാനായിൽനിന്നു വിരമിച്ചശേഷം അജപാലനപ്രവർത്തനങ്ങളിലാണ് അദ്ദേഹം ശ്രദ്ധപതിപ്പിച്ചത്. അതിനു മുൻപുതന്നെ മാന്നില തിരുക്കുടുംബപ്പള്ളി, മുടിയൂർക്കര തിരുക്കുടുംബപ്പള്ളി എന്നീ ഇടവകകളിൽ അദ്ദേഹം വികാരിയായി സേവനമനുഷ്ഠിച്ചിരുന്നു. വിരമിച്ചശേഷം ഏതാണ്ട് മൂന്നുവർഷത്തോളം

അദ്ദേഹം കൊണ്ടാക്കൽ സെന്റ് ജോസഫ് ഇടവക വികാരിയായിരുന്നു. തുടർന്ന് പച്ച-ചെക്കിടികാട് ലൂർദ് മാതാ ഇടവക, മാമ്മൂട് ലൂർദ് മാതാ ഇടവക എന്നിവിടങ്ങളിൽ ശുശ്രൂഷചെയ്തു. മാമ്മൂട് പള്ളിയിലെ അജപാലനശുശ്രൂഷ യിൽ മുഴുകിയിരിക്കുമ്പോഴാണ് 2026 ജൂലൈ 7-ന് ആകസ്മികമായി അദ്ദേഹം നിത്യസമ്മാനത്തിനു വിളിക്കപ്പെടുന്നത്. ഇടവകകളിലെ ശുശ്രൂഷകളിൽ ദൈവ ജനത്തെ ശ്രവിക്കുകയും പരിഗണിക്കുകയും കരുതുകയും ചെയ്യുന്ന ഒരു നല്ല ഇടയനായിട്ടാണ് അദ്ദേഹം അനുസ്മരിക്കപ്പെടുന്നത്. ഇടവക ജനങ്ങൾക്ക് അദ്ദേഹത്തോട് അതിരറ്റസ്നേഹം ഉണ്ടായിരുന്നു. അദ്ദേഹമാകട്ടെ ഇടവക ജന ത്തിനുവേണ്ടി തന്നെത്തന്നെ ആത്മാർപ്പണം ചെയ്തു; മുഴുവൻ സമയവും ഇടവകജനത്തിന്റെ നന്മയ്ക്കുവേണ്ടി നീക്കിവെച്ചു.

കൊച്ചുതറ ബഹു. തോമസച്ചന്റെ മൃതസംസ്കാരശുശ്രൂഷ 2026 ജൂലൈ 13 (തിങ്കൾ)ന് പടഹാരം സെന്റ് ജോസഫ്സ് പള്ളിയിൽ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, മാർ ജോസഫ് പെരുന്തോട്ടം, മാർ ജോസഫ് കൊടകല്ലിൽ എന്നി വരുടെ കാർമ്മികത്വത്തിൽ നടത്തി.

ബഹു. കൊച്ചുതറയച്ചന്റെ വിയോഗം ചങ്ങനാശ്ശേരി അതിരൂപതയ്ക്കും ഭാരതസഭയ്ക്കാകമാനവും തീരാനഷ്ടമാണ്. എങ്കിലും ദൈവേഷ്ടത്തിനു വിധേ യപ്പെട്ട് ഈ നഷ്ടത്തെ നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം. അദ്ദേഹം നൽകിയ നല്ല മാതൃകകൾ നമുക്ക് കൈവിളക്കായി തീരട്ടെ. ഈ വിശുദ്ധനും പണ്ഡി തനുമായ വൈദികനിലൂടെ നമുക്ക് ലഭിച്ച അനുഗ്രഹങ്ങൾക്കു ദൈവത്തിന് നന്ദി പറയാം. ബഹു. കൊച്ചുതറയച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

**ഫാ. തോമസ് വള്ളിയാനിപ്പുറം**

## നിത്യതയിലേക്ക്



**സി. ട്രീസ ഫ്രാൻസീനാ മമ്പലം** CMC



**സി. മേരി ഷന്താൾ വല്ലയിൽ** MLF



**സി. ഡയനീഷ്യ കാട്ടൂപ്പാറ** CMC

"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി;
വിശ്വാസം കാത്തു." *(2 തിമോ. 4:7)*

# സമുദായ ശക്തീകരണവർഷം
## 2026 ഓഗസ്റ്റ് മുതൽ 2027 ഏപ്രിൽ വരെ

## വിവിധ സംഗമങ്ങൾ

### മേഖലാതലം

1. **സർക്കാർ ജോലിക്കാരുടെ സംഗമം (സമന്വയ)**

   കോട്ടയം, ചങ്ങനാശ്ശേരി, ആലപ്പുഴ, തിരുവനന്തപുരം കേന്ദ്രങ്ങളിൽ
   കോർഡിനേഷൻ ടീം : കത്തോലിക്കാ കോൺഗ്രസ്, ഫാമിലി അപ്പോസ്തലേറ്റ്, പി. ആർ. – ജാഗ്രതാസമിതി, ഡി.സി.എം.എസ്.

2. **മാധ്യമ പ്രവർത്തകരുടെ സംഗമം (Media Meet)**

   ചങ്ങനാശ്ശേരി, തിരുവനന്തപുരം കേന്ദ്രങ്ങളിൽ
   കോർഡിനേഷൻ ടീം : മീഡിയാ അപ്പോസ്തലേറ്റ്, പി. ആർ. – ജാഗ്രതാസമിതി, ഡി.എഫ്.സി.

### ഫൊറോനാതലം

1. **വ്യാപാരി വ്യവസായി സംഗമം (Biz Meet)**
   കോർഡിനേഷൻ ടീം : കെ.എൽ.എം., യുവദീപ്തി – എസ്.എം.വൈ.എം., ചാസ്സ്, കത്തോലിക്കാ കോൺഗ്രസ്
2. **റിട്ടയേർഡ് ജോലിക്കാരുടെ സംഗമം (Lumina)**
   കോർഡിനേഷൻ ടീം : ഫാമിലി അപ്പോസ്തലേറ്റ്, കുടുംബക്കൂട്ടായ്മ, വയോജനവേദി

### അതിരൂപതാതലം

1. **നേതൃസംഗമം : (Kepha Conclave)**

   വിവിധ പ്രേഷിത വകുപ്പുകളുടെ അതിരൂപത ഭാരവാഹികളുടെ സംഗമം
   കോർഡിനേഷൻ ടീം : പി. ആർ. – ജാഗ്രതാസമിതി, യുവദീപ്തി – എസ്.എം.വൈ.എം., കുടുംബക്കൂട്ടായ്മ, കത്തോലിക്കാ കോൺഗ്രസ്
2. **സോഷ്യൽ മീഡിയാ ഇൻഫ്ളുവൻസേഴ്സ് സംഗമം (Apostles)**
   കോർഡിനേഷൻ ടീം : മീഡിയാ അപ്പോസ്തലേറ്റ്, സന്ദേശനിലയം, കെ.സി.എസ്.എൽ.
3. **അഭിഭാഷകരുടെ സംഗമം (നീതി സദസ്സ്)**
   കോർഡിനേഷൻ ടീം : പി. ആർ. – ജാഗ്രതാസമിതി

## നസ്രാണി സംഗമം

### ഇടവകതലം (ഡിസംബർ മാസത്തിന് മുൻപ് നടത്തുന്നത് അഭികാമ്യമായിരിക്കും)

**ഇടവകതല നസ്രാണി സംഗമം: പ്രായോഗിക നിർദ്ദേശങ്ങൾ**

1. ഇടവകയിലെ വിവിധ വാർഡുകളിൽ നിന്നും നസ്രാണി റാലി വൈകുന്നേരം പള്ളിയിൽ എത്തിച്ചേരുന്ന വിധം ക്രമീകരിക്കുക.
2. പള്ളിയിൽ സായാഹ്ന പ്രാർത്ഥന – ആഘോഷമായ റംശാ – തുടർന്ന് സമുദായ പ്രതിജ്ഞ – പൂർവ്വികസ്മരണ
3. ഇടവകയിലെ വിവിധ സംഘടനകളുടെയും കുടുംബകൂട്ടായ്മകളുടെയും നേതൃത്വത്തിൽ നസ്രാണി ഭക്ഷണമേള (അത്താഴം) ക്രമീകരിക്കുക.
4. പൊതുസമ്മേളനം – നസ്രാണി കലാസന്ധ്യയോടെ സമാപനം

## ഫൊറോനാതലം

ഫൊറോന തലത്തിൽ നസ്രാണി സംഗമം ഇനിയും നടത്താനുള്ള ഫൊറോനകൾ ഡിസംബർ മാസത്തിന് മുൻപ് നടത്തേണ്ടതാണ്.

## അതിരൂപതാതലം

അതിരൂപതാ തലത്തിൽ എല്ലാ സംഘടനകളുടെയും സഹകരണത്തോടെ 2027 ഏപ്രിലിൽ നസ്രാണി സംഗമം നടത്തുന്നതാണ്.

## നസ്രാണി ക്വിസ് 2026

കോർഡിനേഷൻ ടീം: സന്ദേശനിലയം, യുവദീപ്തി എസ്.എം.വൈ.എം. ഫാമിലി അപ്പോസ്തലേറ്റ്, കെ.സി.എസ്.എൽ.

***ഘട്ടം 1:* ഇടവക തലം** (Parish Level) ഒക്ടോബർ 18 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 03:00 മുതൽ 04:30 വരെ

***മത്സരരീതി:*** മൾട്ടിപ്പിൾ ചോയ്സ് ക്വസ്റ്റ്യൻ പേപ്പർ (MCQ). ആകെ മാർക്ക്: 100 (1 ചോദ്യത്തിന് 1 മാർക്ക് വീതം)

**പ്രായമനുസരിച്ചുള്ള തരംതിരിവ് (5 വിഭാഗങ്ങൾ):**

- 5-ാം ക്ലാസ് മുതൽ 7-ാം ക്ലാസ് വരെയുള്ള സൺഡേസ്കൂൾ കുട്ടികൾ.
- 8-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള സൺഡേസ്കൂൾ കുട്ടികൾ.
- 12-ാം ക്ലാസ് സൺഡേസ്കൂൾ കഴിഞ്ഞവർ മുതൽ 30 വയസ്സ് വരെയുള്ളവർ (1995 ജനുവരി 1-നു ശേഷം ജനിച്ചവർ).
- 1975 ജനുവരി 1-നും 1994 ഡിസംബർ 31-നും ഇടയിൽ ജനിച്ചവർ വരെയുള്ളവർ
- 1974 ഡിസംബർ 31-നോ അതിനുമുമ്പോ ജനിച്ചവർ

***പഠന ഗ്രന്ഥം:***

- ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും – സി. ജെസ്‌ലിൻ തോമസ് JS (സമുദായ ശക്തീകരണ വർഷം - മിഷൻലീഗ് പഠനഗ്രന്ഥം) (1-2 വിഭാഗങ്ങൾക്ക്)
- സീറോമലബാർ സഭ സമുദായ ശക്തീകരണ വർഷം 2026 കൈപ്പുസ്തകം അനുബന്ധം ഉൾപ്പെടെ – സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ (3-5 വരെയുള്ള വിഭാഗങ്ങൾക്ക്)

***തിരഞ്ഞെടുപ്പ് രീതി:***

ഓരോ വിഭാഗത്തിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന ഒരു ആണും ഒരു പെണ്ണും ഫൊറോന തല മത്സരത്തിന് യോഗ്യത നേടുന്നു (10 പേർ). ഏറ്റവും കൂടുതൽ മാർക്ക് നേടിയ കൂടുതൽ പേർ ഉണ്ടെങ്കിൽ അവരെല്ലാവരും ഫൊറോന മത്സരത്തിന് യോഗ്യരാകുന്നു. എല്ലാ വിഭാഗത്തിലും ഇത് ബാധകമാണ്. (ഇടവക തലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന 10 പേർക്ക് ഇടവകയിൽ വെച്ച് സമ്മാനം നൽകുന്നത് അഭികാമ്യമാണ്).

***ഘട്ടം 2:* ഫൊറോന തലം** (Forane Level) നവംബർ 1 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 03:00 മുതൽ 04:30 വരെ

***പഠന ഗ്രന്ഥങ്ങൾ:***

- ➢ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും – സി. ജെസ്‌ലിൻ തോമസ് JS (സമുദായ ശക്തീകരണ വർഷം - മിഷൻലീഗ് പഠനഗ്രന്ഥം) (1-2 വിഭാഗങ്ങൾക്ക്) 75%
- ➢ സീറോമലബാർ സഭ സമുദായ ശക്തീകരണ വർഷം 2026 കൈപ്പുസ്തകം (3-5 വരെയുള്ള വിഭാഗങ്ങൾക്ക്) 75%
- ➢ ചങ്ങനാശേരി അതിരൂപത: മുൻപേ പറക്കുന്ന പക്ഷി – റവ. ഫാ. ജോസഫ് പനക്കേഴം 25%

***മത്സര രീതി*** : മൾട്ടിപ്പിൾ ചോയ്സ് ക്വസ്റ്റ്യൻ പേപ്പർ (MCQ)

*പങ്കാളിത്തം:*

ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നും എത്തുന്ന പ്രതിഭകൾ.

*തിരഞ്ഞെടുപ്പ് രീതി:*

ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന വിജയികളെ കണ്ടെത്തുന്നു. ഓരോ വിഭാഗത്തിൽ നിന്നും 2 പേർ വീതം (ആണും പെണ്ണും) ആകെ 10 പേർ അതിരൂപതാ തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നു.

***ഘട്ടം 3:* അതിരൂപതാ തലം – ഗ്രാൻഡ് ഫിനാലെ** (Archdiocese Level)

നവംബർ 15 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 03:00 മുതൽ 06:30 വരെ (ചങ്ങനാശ്ശേരി എസ്. ബി. കോളേജ് കാവുകാട്ട് ഹാളിൽ)

***പഠന ഗ്രന്ഥങ്ങൾ:***

- ➢ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും – സി. ജെസ്‌ലിൻ തോമസ് JS (സമുദായ ശക്തീകരണ വർഷം - മിഷൻലീഗ് പഠനഗ്രന്ഥം) (1-2 വിഭാഗങ്ങൾക്ക്) 50%
- ➢ സീറോമലബാർ സഭ സമുദായ ശക്തീകരണ വർഷം 2026 കൈപ്പുസ്തകം (3-5 വരെയുള്ള വിഭാഗങ്ങൾക്ക്) 50%
- ➢ ചങ്ങനാശേരി അതിരൂപത: മുൻപേ പറക്കുന്ന പക്ഷി – റവ. ഫാ. ജോസഫ് പനക്കേഴം 20%
- ➢ സാമ്പത്തിക സാക്ഷരതയും കുടുംബശക്തീകരണവും – ഡോ. പി. സി. അനിയൻകുഞ്ഞ് 20%
- ➢ ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് 1, 2 അധ്യായങ്ങൾ 10%

ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് PDF ലഭ്യമാണ്. മറ്റ് മൂന്ന് പുസ്തകങ്ങളും ചങ്ങനാശ്ശേരി സെന്റ് ജോസഫ്സ് ബുക്ക്സ്റ്റാളിലും മാർത്തോമ്മാവിദ്യാനികേതനിലും ലഭ്യമാണ്.

ഈ പുസ്തകങ്ങളുടെ എല്ലാം ഓഡിയോ ബുക്ക് MAC RADIO യിൽ ജൂലൈ അവസാനം ലഭ്യമാക്കുന്നതാണ്. ക്വിസ് മത്സരത്തിന്റെ പ്രധാനപ്പെട്ട ഭാഗങ്ങൾ വീഡിയോ രൂപത്തിൽ MAC TV യിൽ വിവിധ എപ്പിസോഡുകളായി ജൂലൈ അവസാനം ലഭ്യമാക്കുന്നതാണ്. കൂടാതെ വചനവയൽ മൊബൈൽ ആപ്ലിക്കേഷനിലെ നസ്രാണി പഠനകളരിയിൽ 5000 ചോദ്യങ്ങൾ അടങ്ങിയ ക്വിസ് മത്സരത്തിൽ പങ്കെടുത്ത് നസ്രാണി ക്വിസ് 2026 നു ഒരുങ്ങാവുന്നതാണ്.

## *സംവിധാനം*

- ⇨ ഓരോ സംഘടനയുടെയും നേതൃത്വത്തിൽ സ്വന്തമായി ക്വിസ് മാസ്റ്ററെ നിശ്ച യിച്ച് മത്സരം നടത്തുന്നു. ആദ്യ രണ്ട് വിഭാഗങ്ങൾക്കു സന്ദേശനിലയവും മൂന്നാം വിഭാഗത്തിനു യുവദീപ്തി SMYM ഉം, അവസാനത്തെ രണ്ട് വിഭാഗ ങ്ങൾക്കു ഫാമിലി അപ്പോസ്തലേറ്റും ക്വിസ് മത്സരത്തിന് നേതൃത്വം നൽകുന്നു.
- ⇨ അതിരൂപതാതലമത്സരത്തിൽ ഓരോ വിഭാഗത്തിൽ നിന്നും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് യഥാക്രമം 10000, 5000, 3000 രൂപാ സമ്മാനങ്ങൾ ലഭിക്കുന്നതാണ്. കൂടാതെ അതിരൂപതാതല മത്സരത്തിന് അർ ഹരാകുന്ന എല്ലാവർക്കും പ്രത്യേക പ്രോത്സാഹന സമ്മാനങ്ങൾ ഉണ്ടായിരി ക്കുന്നതാണ്.
- ⇨ ഇടവകതല മത്സരത്തിന് ഒരുക്കമായി ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ കുടുംബ കൂട്ടായ്മകളിൽ ക്വിസ് മത്സരം നടത്തി ഒരുങ്ങേണ്ടതാണ്. സീറോ മലബാർ സമുദായ ശക്തീകരണ വർഷം 2026 കൈപുസ്തകം 3, 4 അധ്യായ ങ്ങൾ അടിസ്ഥാനമാക്കി ഓഗസ്റ്റ് മാസവും 5, 6, 7 അധ്യായങ്ങൾ അടിസ്ഥാന മാക്കി സെപ്റ്റംബർ മാസവും കുടുംബക്കൂട്ടായ്മകളിൽ നടത്താവുന്ന രീതി യിൽ ചോദ്യങ്ങൾ PDF രൂപത്തിൽ ബഹുമാനപ്പെട്ട വൈദികർക്ക് അയച്ചു തരു ന്നതാണ്.

***ക്വിസ് ബുക്ക് :*** വചന വയലിന്റെ www.bibliya.in എന്ന സൈറ്റിലും ബിബ്ലിയ ആപ്പിലും ക്വിസ് ബുക്കുകൾ ലഭിക്കുന്നതാണ്.

1 ബിബ്ലിയ ക്വിസ് ബുക്കിൽ ചോദ്യോത്തരങ്ങൾ 24 മണിക്കൂറും ഫ്രീയായി ചെയ്ത് പഠിക്കുവാൻ ആയിട്ട് അവസരം ഉണ്ടാകുന്നതാണ്.

2 ബിബ്ലിയ ക്വിസ് ബുക്കിൽ ഇംഗ്ലീഷിലും മലയാളത്തിലും സമുദായ ശക്തീക രണ വർഷ കൈപുസ്തകത്തിന്റെ ചോദ്യോത്തരങ്ങൾ അധ്യായങ്ങളുടെ അടി സ്ഥാനത്തിൽ ലഭിക്കുന്നതാണ്.

3 ബിബ്ലിയായിലെ ദബാർ പ്ലാറ്റ്ഫോമിൽ ആഴ്ച്ചതോറും വിവിധ ക്വിസുകൾ സമു ദായ ശക്തീകരണ കൈപ്പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്നതാണ്.

### *കൂടുതൽ അറിയാൻ: Contact 9539701122*

ഗൂഗിൾ പ്ലേ സ്റ്റോറിൽ Bibliya പേരിൽ ആപ് ലഭിക്കുന്നതാണ്. ആപ് പ്ലേസ്റ്റോറിൽ നിന്ന് ഡൗൺ ലോഡ് ചെയ്ത് ഗൂഗിളിൽ open ചെയ്തു രജിസ്റ്റർ ചെയ്ത് profile update ചെയ്താൽ മാത്രമേ ആപ് active ആകുകയുള്ളൂ. ആപ്പിൾ ഫോൺ ഉപഭോക്താക്കൾക്കും കമ്പ്യൂട്ടർ ഉപയോഗിക്കുന്നവർക്കും www.bibliya.in എന്ന സൈറ്റിലും ഈ സേവനം ലഭിക്കുന്നതാണ്.

സീറോമലബാർ സഭ സമുദായ ശക്തീകരണ വർഷം 2026 കൈപ്പുസ്തകം, ചങ്ങനാശേരി അതിരൂപത: മുൻപേ പറക്കുന്ന പക്ഷി, സാമ്പത്തിക സാക്ഷരതയും കുടുംബശക്തീകരണവും എന്നീ പുസ്തകങ്ങളുടെ e-book www.bibliya.in എന്ന സൈറ്റിൽ ലഭ്യമാണ്.

**അതിരൂപതയിലെ പകുതി ഭവനങ്ങളെയെങ്കിലും ഈ വർഷം തന്നെ ദീപിക വരിക്കാരാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.**

# സന്ദേശനിലയം

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

അൽഫോൻസാതീർത്ഥാടനത്തിന്റെ ധന്യമായ സ്മരണയിൽ നമ്മുടെ വിശ്വാസപരിശീലന തീർത്ഥാടനം നമുക്ക് തുടരാം. ഇതുമായി ബന്ധപ്പെട്ട് ഏറെ അധ്വാനിച്ച എല്ലാ അധ്യാപകരെയും വിദ്യാർത്ഥികളെയും പ്രത്യേകമായി അഭിനന്ദിക്കുന്നു. ഈ അധ്യയനവർഷത്തിന്റെ മൂന്നാം മാസം മതബോധന മണിക്കൂർ, ആഘോഷമായ വിശുദ്ധകുർബാന സ്വീകരണത്തിന്റെ തുടർപരി ശീലനം, അക്ഷരക്കളരി എന്നീ ത്രിവിധ പദ്ധതികളുടെ ഗുണഫലങ്ങൾ നമ്മൾ സ്വന്തമാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതാകട്ടെ.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതെലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## അറിയിപ്പുകൾ

**ആഗസ്റ്റ്**

01 ശനി : **പതിനഞ്ചുനോമ്പാരംഭം, അൽഫോൻസാ തീർത്ഥാടനം** *(ഓഫീസ് അവധി)*

02 ഞായർ : കൈത്താ നാലാം ഞായർ ക്ലാസ്സ് - 9
സ്പെരാൻസ - തിരുവനന്തപുരം ഫൊറോന
റ്റീച്ചേഴ്സ് ഈവ്: സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, പന്തളം *(രാവിലെ 9.30)*

03 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: ലിസ്യു സൺഡേസ്കൂൾ അതിരമ്പുഴ (*വൈകുന്നേരം 6-9)*

04 ചൊവ്വ : വി. ജോൺ മരിയ വിയാന്നി,
റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ് സൺഡേ സ്കൂൾ, പുഷ്പഗിരി, തെള്ളകം (*വൈകുന്നേരം 6-9)*

05 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് മാത്യൂസ് സൺഡേ സ്കൂൾ, കോട്ടയ്ക്കപ്പുറം (*വൈകുന്നേരം 6-9)*

06 വ്യാഴം : കർത്താവിന്റെ രൂപാന്തരീകരണം

08 ശനി : CLT ക്ലാസ്സ് – 4, ഫൊറോന ധ്യാനം / സെമിനാർ കൊല്ലം – ആയൂർ ഫൊറോന *(രാവിലെ 9.30–4)*

09 ഞായർ : കൈത്താ അഞ്ചാം ഞായർ ക്ലാസ്സ് - 10
**പി.റ്റി.എഫ്. & സൺഡേസ്കൂൾ ലീഡേഴ്സ് മീറ്റ്**

11 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് തോമസ് സൺഡേ സ്കൂൾ, കുമാരനല്ലൂർ (*വൈകുന്നേരം 6-9*)

12 ബുധൻ : **സി.ആർ.റ്റി. അംഗങ്ങളുടെ സംയുക്തയോഗം സന്ദേശനിലയത്തിൽ *(രാവിലെ 10ന്)***
ഫൊറോന ധ്യാനം / സെമിനാർ തുരുത്തി ഫൊറോന *(രാവിലെ 9.30-4)*
റ്റീച്ചേഴ്സ് ഈവ്: ഹോളി ഫാമിലി സൺഡേ സ്കൂൾ, മുടിയൂർക്കര (*വൈകുന്നേരം 6-9 വരെ*)

13 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: ടൊൽവ് അപ്പോസെൽസ് സൺഡേ സ്കൂൾ, മാന്നാനം (*വൈകുന്നേരം 6-9 വരെ*)

14 വെള്ളി : റ്റീച്ചേഴ്സ് ഈവ്: നവനസ്രത്ത് സൺഡേ സ്കൂൾ, കുമരകം (*വൈകുന്നേരം 6-9*)

15 ശനി : പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം, കടമുള്ള ദിവസം *(ഓഫീസ് അവധി)*

16 ഞായർ : കൈത്താ ആറാം ഞായർ ക്ലാസ്സ് - 11
സ്പെരാൻസ - കോട്ടയം ഫൊറോന
റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, കുടമാളൂർ (*രാവിലെ 9.30*)

17 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: ചെറുപുഷ്പം സൺഡേ സ്കൂൾ, ആർപ്പൂക്കര (*വൈകുന്നേരം 6-9*)

20 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോർജ് സൺഡേ സ്കൂൾ, ഐക്കരച്ചിറ (*വൈകുന്നേരം 6-9*)

22 ശനി : CLT ക്ലാസ്സ് - 5, ഫൊറോന ധ്യാനം / സെമിനാർ കുടമാളൂർ ഫൊറോന *(രാവിലെ 9.30-4)*

23 ഞായർ : കൈത്താ ഏഴാം ഞായർ ക്ലാസ്സ് - 12
സ്പെരാൻസ - തുരുത്തി ഫൊറോന
റ്റീച്ചേഴ്സ് ഈവ്: ലൂർദ്ദ് മാതാ സൺഡേ സ്കൂൾ, പുതുശ്ശേരി (*വൈകുന്നേരം 6-9*)

24 തിങ്കൾ : ഫൊറോന ധ്യാനം / സെമിനാർ അതിരമ്പുഴ ഫൊറോന (*രാവിലെ 9.30-4)*
റ്റീച്ചേഴ്സ് ഈവ്: ഹോളി ഫാമിലി സൺഡേ സ്കൂൾ, പാറമ്പുഴ (*വൈകുന്നേരം 6-9*)

25 ചൊവ്വ : ഒന്നാം ഓണം (ഓഫീസ് അവധി)

26 ബുധൻ : തിരുവോണം (ഓഫീസ് അവധി)

27 വ്യാഴം : ഫൊറോന ധ്യാനം / സെമിനാർ അമ്പൂരി ഫൊറോന *(രാവിലെ 9.30-4),* CLT ധ്യാനം ആരംഭിക്കുന്നു.
ബി.സി.റ്റി. ക്ലാസ്സ് - 1, ആലപ്പുഴ, മുഹമ്മ ഫൊറോനകൾക്ക് *(ആലപ്പുഴയിൽ)*

28 വെള്ളി : ബി.സി.റ്റി. ക്ലാസ്സ് - 2, ആലപ്പുഴ, മുഹമ്മ ഫൊറോനകൾക്ക്, CLT ധ്യാനം സമാപിക്കുന്നു.

29 ശനി : മർത്ത് എവുപ്രാസ്യാ, ഫൊറോന ബൈബിൾ കലോത്സവം - രചനാമത്സരങ്ങൾ

**ഏലിയാ-സ്ലീവാ - മൂശേക്കാലങ്ങൾ**

30 ഞായർ : ഏലിയാ-സ്ലീവാ - മൂശെ ഒന്നാം ഞായർ ക്ലാസ്സ് - 13
സ്പെരാൻസ - കുറുമ്പനാടം ഫൊറോന
റ്റീച്ചേഴ്സ് ഈവ്: സെന്റ് ആന്റണീസ് സൺഡേ സ്കൂൾ, തടിയൂർ; സെന്റ് ജോസഫ് സൺഡേ സ്കൂൾ, എഴുമറ്റൂർ (*രാവിലെ 9.30)*

**സെപ്റ്റംബർ**

01 ചൊവ്വ : എട്ടുനോമ്പാരംഭം

03 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് ആന്റണീസ് സൺഡേ സ്കൂൾ, ചീപ്പുങ്കൽ (*വൈകുന്നേരം 6-9)*

04 വെള്ളി : ഫൊറോന ധ്യാനം / സെമിനാർ കുറുമ്പനാടം ഫൊറോന *(രാവിലെ 9.30-4)*, ബി.സി.റ്റി. ക്ലാസ്സ് - 3, ആലപ്പുഴ, മുഹമ്മ ഫൊറോനകൾക്ക്, CLT ക്ലാസ്സ് - 6

05 ശനി : CLT ക്ലാസ്സ് - 7, കൊൽക്കത്തയിലെ വിശുദ്ധ തെരേസാ
റ്റീച്ചേഴ്സ് ഈവ്: സെന്റ് സേവ്യേഴ്സ് സൺഡേ സ്കൂൾ, വില്ലൂന്നി (*വൈകുന്നേരം 6-9)*

06 ഞായർ : ഏലിയാ-സ്ലീവാ - മൂശെ രണ്ടാം ഞായർ ക്ലാസ്സ് - 14
സ്പെരാൻസ - എടത്വാ ഫൊറോന
റ്റീച്ചേഴ്സ് ഈവ്: ലൂർദ്ദ്മാതാ സൺഡേ സ്കൂൾ, അയിരൂർ (*രാവിലെ 9.30)*

08 ചൊവ്വ : പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ

**ഫൊറോനാ ധ്യാനവും സെമിനാറും**

2026 ജൂൺ 25 മുതൽ ആരംഭിച്ച ധ്യാനം / സെമിനാർ എന്നിവയ്ക്ക് മതാധ്യാപകരായ എല്ലാവരുടെയും മുഴുവൻ സമയ പങ്കാളിത്തം ഉണ്ടാകേണ്ടതാണ്. മതാധ്യാപകരിൽ ആത്മനവീകരണത്തിലൂടെ പുത്തൻ ഉണർവ് സൃഷ്ടിക്കുന്നതിനുതകുംവിധം രാവിലെ സെമിനാറും ഉച്ചകഴിഞ്ഞ് ധ്യാനചിന്തകളുമായി ഇത് ക്രമീകരിച്ചിരിക്കുന്നത്. സ്വന്തം ഫൊറോനയിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർ അടുത്തുള്ള ഫൊറോനയിൽ അറിയിച്ചതിനുശേഷം നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## സ്പെരാൻസ ഏകദിന സെമിനാർ

ഹയർകോഴ്സ് കുട്ടികൾക്കുള്ള ഏകദിന സെമിനാർ ജൂൺ മാസം മുതൽ ഫൊറോനതലത്തിൽ ആരംഭിച്ചു. മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുവാൻവേണ്ടി ഞായറാഴ്ചകളിൽ സൺഡേ സ്കൂൾ സമയത്താണ് ഇവ നടത്തപ്പെടുക. കരിയർ സാധ്യതകൾ ചൂണ്ടിക്കാട്ടുക, ഭാവിയെക്കുറിച്ചുള്ള ഉത്ക്കണ്ഠകൾ ലഘൂകരിക്കുക, ദിശാബോധം നല്കുക, കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിൽ ജാഗ്രത പുലർത്തുക എന്നിവയിലൂന്നിയുള്ളതും പ്രഗത്ഭരായവർ നയിക്കുന്നതുമായ ക്ലാസ്സുകളാണ് ക്രമീകരിച്ചിട്ടുള്ളത്. എല്ലാ സൺഡേ സ്കൂളുകളും ഇതിനോട് സഹകരിക്കുക.

## പി.റ്റി.എഫ്. & സൺഡേ സ്കൂൾ ലീഡേഴ്സ്

സൺഡേ സ്കൂളുകളിലെ ലീഡേഴ്സിന്റെയും പി.റ്റി.എഫ്.ന്റെയും പ്രതിനിധികളെ തിരഞ്ഞെടുത്തുവല്ലോ. പി.റ്റി.എഫ്. & സൺഡേ സ്കൂൾ ലീഡേഴ്സ് മീറ്റും, സ്കോളർഷിപ്പ് പരീക്ഷയിൽ അർഹരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണവും ആഗസ്റ്റ് 9 ഞായറാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ സന്ദേശനിലയത്തിൽ നടത്തപ്പെടുന്നു. എല്ലാ സൺഡേ സ്കൂളിൽ നിന്നും പ്രതിനിധികളെ മീറ്റിങ്ങിന് അയയ്ക്കേണ്ടതാണ്. പി.റ്റി.എഫ്. പ്രതിനിധി പ്രസിഡന്റ് / വൈസ് പ്രസിഡന്റ്, സൺഡേ സ്കൂൾ ലീഡേഴ്സ് (ആൺകുട്ടി + പെൺകുട്ടി) സ്കോളർഷിപ്പിന് അർഹരായവർ എന്നിവരെ നിർബന്ധമായും മീറ്റിങ്ങിൽ പങ്കെടുപ്പിക്കേണ്ടതാണ്. പരിശുദ്ധകുർബാന ഉണ്ടായിരിക്കും. പങ്കെടുക്കുന്നവരുടെ എണ്ണം ഗൂഗിൾഫോമിൽ പൂരിപ്പിച്ചയയ്ക്കണം.

## സി.ആർ.റ്റി. സമ്മേളനം

കാറ്റക്കെറ്റിക്കൽ റിസോഴ്സ് ടീം (സി.ആർ.റ്റി.) അംഗങ്ങളുടെ സംയുക്ത യോഗം ആഗസ്റ്റ് 12ന് രാവിലെ 10നു സന്ദേശനിലയത്തിൽ നടത്തപ്പെടും. എല്ലാവരുടെയും പങ്കാളിത്തം ഇതിൽ ഉണ്ടാകണം. ശ്രദ്ധേയമായ മാറ്റങ്ങൾ അത് അർഹിക്കുന്ന വിധത്തിൽ മനസ്സിലാക്കുന്നതിനും നടപ്പിലാക്കുന്നതിനും ഓരോ സി.ആർ.റ്റി. അംഗത്തിന്റെയും സാന്നിധ്യം അനിവാര്യമാണ്. ഈ വർഷത്തെ വിസിറ്റ് സംബന്ധിച്ച് എല്ലാ വിഷയങ്ങളും ഈ മീറ്റിങ്ങിൽ ചർച്ച ചെയ്യുന്നതും നിർദ്ദേശങ്ങൾ നൽകുന്നതുമാണ്. ആഗസ്റ്റ് 12ലെ സി.ആർ.റ്റി. മീറ്റിങ്ങിൽ പങ്കെടുക്കുവാൻ തീർത്തും സാധിക്കാത്തവർ മാത്രം ആഗസ്റ്റ് 9 ഞായറാഴ്ച 2 മണിക്ക് നടത്തുന്ന മീറ്റിങ്ങിൽ പങ്കെടുക്കുക. ഈ മീറ്റിംഗുകളിലേതിലെങ്കിലും പങ്കെടുക്കാത്തവർക്ക് ഈ വർഷത്തെ സി.ആർ.റ്റി. സന്ദർശനത്തിന് പങ്കെടുക്കുവാൻ സാധിക്കുകയില്ല. സന്ദേശനിലയത്തിൽനിന്നും നൽകുന്ന രണ്ടു തീയതികളിൽ ഏതെങ്കിലും ഒരു ദിവസംതന്നെ സന്ദർശനം നടത്തുന്നതിന് വേണ്ടിയുള്ള ക്രമീകരണം സൺഡേ സ്കൂളുകളിൽ നടത്തുന്നതിന് പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുക.

സി.ആർ.റ്റി. വിസിറ്റിന് മുന്നൊരുക്കമായി സൺഡേസ്കൂൾ സെൽഫ് അസ്സസ്മെന്റ് ഫോമിന്റെ PDF എല്ലാ സൺഡേസ്കൂൾക്കും നൽകുന്നതാണ്.

പ്രിന്റ് എടുത്തു വായിച്ചു മനസ്സിലാക്കി സ്വയം വിലയിരുത്തി രണ്ടാഴ്ചക്കുള്ളിൽ സന്ദേശനിലയത്തിൽ നൽകേണ്ടതാണ്. വിസിറ്റ് ഓഗസ്റ്റ് നാലാമത്തെ ഞായർ മുതൽ ആരംഭിക്കും.

### ബി.സി.റ്റി. കോഴ്സ്

ബി.സി.റ്റി. ക്ലാസ്സുകൾ 2026 ആഗസ്റ്റ് 27, 28, സെപ്റ്റംബർ 4 എന്നീ ദിവസങ്ങളിൽ ആലപ്പുഴയിൽ നടത്തപ്പെടുന്നു. സെപ്റ്റംബർ 12ന് അതിരമ്പുഴയിലും ഒക്ടോബർ 2ന് എടത്വായിലും പ്രത്യേക ബാച്ചുകൾ ആരംഭിക്കുന്നതാണ്.

### നന്ദി /സ്വാഗതം

സൺഡേ സ്കൂൾ ഫൊറോന ഡയറക്ടർമാരായി സേവനം ചെയ്ത റവ. ഫാ. ഏലിയാസ് കരിക്കണ്ടത്തിൽ (എടത്വാ) റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ (കുടമാളൂർ) എന്നിവർക്ക് സന്ദേശനിലയം കുടുംബത്തിന്റെ നന്ദി.

സൺഡേസ്കൂൾ ഫൊറോനാ ഡയറക്ടർമാരായി നിമയിതരായിരിക്കുന്ന ഫാ. കുര്യൻ ഇളംകുളം (എടത്വാ), ഫാ. സിറിൾ കളരിക്കൽ (കുടമാളൂർ) എന്നിവർക്ക് സന്ദേശനിലയം കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

### ആദരാഞ്ജലികൾ

മുഹമ്മ സൺഡേ സ്കൂൾ മുൻ അധ്യാപകൻ കെ. കെ. എബ്രാഹമിന്റെയും കൊടിനാട്ടുംകുന്ന് സൺഡേ സ്കൂൾ അധ്യാപിക സി. റ്റെസ്മിൻ എസ്.ഡി. യുടെ പിതാവിന്റെയും തൃക്കൊടിത്താനം സൺഡേ സ്കൂൾ അധ്യാപിക ബെന്നി ജോർജിന്റെ ഭർത്താവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം - മിഷൻ ലീഗ് കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

## 2025–26 അധ്യയനവർഷം അതിരൂപതാ സ്കോളർഷിപ്പിന് അർഹരായവർ

### ക്ലാസ്സ് 5

1. റോസ് സിനോയ്, ക്രിസ്തുരാജ് സൺഡേ സ്കൂൾ, ഏറ്റുമാനൂർ
2. ലിഡിയ ജോമോൻ, സെന്റ് സേവ്യേഴ്സ് സൺഡേ സ്കൂൾ, പുതുക്കരി
3. തെരേസാ റ്റോജോ, ക്രിസ്തുരാജ് സൺഡേ സ്കൂൾ, ഏറ്റുമാനൂർ

### ക്ലാസ്സ് 6

ഇല്ല

### ക്ലാസ്സ് 7

4. ഹെലൻ മേരി റോയി, ലൂർദ്ദ് സൺഡേ സ്കൂൾ തിരുവനന്തപുരം
5. അയോണ മരിയ ജൈബി, ഡോൺബോസ്കോ സൺഡേ സ്കൂൾ ചെത്തിപ്പുഴ

### ക്ലാസ്സ് 8

6. റോസ് മറിയം സാൽവി, സെന്റ് മേരീസ് സൺഡേ സ്കൂൾ, മുണ്ടുപാലം
7. നെവിൻ ബോബി, സെന്റ് മേരീസ് സൺഡേ സ്കൂൾ, കൂത്രപ്പള്ളി
8. എയ്ഞ്ചൽ സെലിൻ ലിജു, സെന്റ് ജോർജ്ജ് സൺഡേ സ്കൂൾ, മുട്ടാർ

9. അലക്സിയ അരുൺ, സെന്റ് മേരീസ് സൺഡേ സ്കൂൾ, അതിരമ്പുഴ
10. ഐറിൻ ട്രീസാ സഖറിയാ, സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, ചാഞ്ഞോടി
11. അബിയാ അന്നാ തോമസ്, ഹോളിഫാമിലി സൺഡേ സ്കൂൾ, മാന്നില
12. സാറാ ജോർട്ടിൻ, സെന്റ് ജൂഡ് സൺഡേ സ്കൂൾ, യൂദാപുരം

**ക്ലാസ്സ് 9**

13. അൽനാ മറിയം തോമസ്, സെന്റ് മേരീസ് സൺഡേ സ്കൂൾ, അതിരമ്പുഴ
14. ഷോൺ വി. ജോൺസൺ, സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, ചാഞ്ഞോടി
15. ജിയന്ന മരിയ ജോജൻ, ക്രിസ്തുരാജ് സൺഡേ സ്കൂൾ, ഏറ്റുമാനൂർ
16. ഡെറിൻ തെരേസാ ജോജോ, ലൂർദ്ദ് മാതാ സൺഡേ സ്കൂൾ, ഈര
17. മരീറ്റ എൽസബത്ത് സെന്റ് സേവ്യേഴ്സ് സൺഡേ സ്കൂൾ, വില്ലൂന്നി

**ക്ലാസ്സ് 10**

18. ജോവാന്ന മരിയ സനീഷ്, ലൂർദ്ദ് മാതാ സൺഡേ സ്കൂൾ, താഴത്തുവടകര
19. റീത്താ ബിനു, എമ്മാവൂസ് സൺഡേ സ്കൂൾ, തിരുവനന്തപുരം

**ക്ലാസ്സ് 11**

ഇല്ല

**ക്ലാസ്സ് 12**

20. ജാനിയ തെരേസാ ജോസഫ്, ഡോൺബോസ്കോ സൺഡേ സ്കൂൾ, ചെത്തിപ്പുഴ

# ചെറുപുഷ്പ മിഷൻ ലീഗ്
# (CML)

സ്നേഹം നിറഞ്ഞ കുഞ്ഞുമിഷനറിമാരെ,

മിഷനറി തീക്ഷ്ണത പ്രോജ്വലിപ്പിക്കാൻ അൽഫോൻസാ തീർത്ഥാടനം സഹായകമായിട്ടുണ്ടാകുമല്ലോ! തീർത്ഥാടനത്തിന് ഒരുക്കമായ വിവിധ പ്രയാണങ്ങളും ഭവനസന്ദർശനങ്ങളും സുകൃതജപ സമാഹരണവുമൊക്കെ നമ്മുടെ പ്രവർത്തനമണ്ഡലങ്ങളിൽ ഒരുപാട് സഹായകമായിട്ടുണ്ട്. തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ (റോമ 12:11) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്ക് ഹൃദയത്തിൽ സൂക്ഷിക്കാം!

ഈശോയിൽ സ്നേഹപൂർവം,

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## അറിയിപ്പുകൾ

*സുകൃതജപം : എന്റെ ഈശോയേ, എന്റെ ആശ്രയമേ*

*ദൈവവചനം : ദൈവത്തിന്റെ നിയോഗവും വിളിയും അനുസരിച്ച് ഓരോരുത്തരും ജീവിതം നയിക്കട്ടെ. (1 കോറി 7:17)*

*നിയോഗം : എല്ലാ മെത്രാന്മാർക്കും വേണ്ടി പ്രാർത്ഥിക്കാം.*

**2026 ആഗസ്റ്റ്**

01 ശനി : പതിനഞ്ചുനോമ്പ് ആരംഭം, 38-ാമത് അൽഫോൻസാ തീർത്ഥാടനം (ഓഫീസ് അവധി)

02 ഞായർ : ഇടയനോടൊപ്പം ശാഖകളിൽ

04 ചൊവ്വ : വി. ജോൺ മരിയ വിയാനി, ഇടവക വൈദികദിനം, ഇടവക വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാം.

06 വ്യാഴം : കർത്താവിന്റെ രൂപാന്തരീകരണ തിരുനാൾ

08 ശനി : ബേത്‌ലഹേം മീറ്റ്, പഠനഗ്രന്ഥ ചർച്ച

11 ചൊവ്വ : 17-ാമത് കുഞ്ഞേട്ടൻ ചരമവാർഷികം, അല്മായ ദിനം, **(ഞായറാഴ്ച കുഞ്ഞേട്ടൻ അനുസ്മരണം ശാഖകളിൽ നടത്തുക)**

13 വ്യാഴം : വി. ജോൺ ബർക്കുമാൻസ് (അൾത്താര ബാലന്മാരുടെ ദിനം)

15 ശനി : പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം, കടമുള്ള ദിവസം (ഓഫീസ് അവധി), കുമ്പസാരക്രമീകരണം

16 ഞായർ : അൾത്താര ബാലന്മാരുടെ മീറ്റിംഗ് (ശാഖകളിൽ)

25 ചൊവ്വ : ഒന്നാം ഓണം (ഓഫീസ് അവധി)

26 ബുധൻ : തിരുവോണം (ഓഫീസ് അവധി)

29 ശനി : വി. എവുപ്രാസ്യാ

*പ്രവർത്തനം : വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ഇടയനോടൊപ്പം എന്ന പ്രോഗ്രാം സംഘടിപ്പിക്കുക, പ്രാർത്ഥിച്ച് ഒരുങ്ങി നോമ്പെടുത്ത് അൽഫോൻസാ തീർത്ഥാടനത്തിൽ പങ്കുചേരുക.*

NB: എല്ലാ ശനിയാഴ്ചകളിലും ശാഖകളിൽ ശനിയാഴ്ച സമ്മേളനം നടത്തണം.

**ഏലിയാ-സ്ലീവാ -മൂശാക്കാലം**

**2026 സെപ്റ്റംബർ**

01 ചൊവ്വ : എട്ടു നോമ്പാരംഭം

05 ശനി : കൊൽക്കത്തയിലെ വി. തെരേസ

08 ചൊവ്വ : പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ

09 ബുധൻ : സ്ഥാപക ഡയറക്ടർ ചരമദിനം - ഡയറക്ടേഴ്സ് ദിനം

## ഇടവക വൈദികരുടെ തിരുനാൾ

ആഗസ്റ്റ് 4 ഇടവക വൈദികരുടെ മധ്യസ്ഥനായ ജോൺ മരിയ വിയാനിയുടെ തിരുനാൾ ഇടവക വൈദിക ദിനമായി ആചരിക്കുന്നു. ആഗസ്റ്റ് 2 ഞായറാഴ്ച ഇടവകയിലെ വൈദികരെ, കുഞ്ഞുമിഷനറിമാർ ഒന്നുചേർന്ന് ആദരിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്യുന്നതോടൊപ്പം അവരുടെ ദൈവവിളിയെക്കുറിച്ച് ചോദിച്ചറിയുന്നതും നല്ലതാണ്. ഇടവകയിൽ നിന്ന് ദൈവവിളി സ്വീകരിച്ച വൈദികർക്കും ഇടവകയിൽ സേവനം ചെയ്ത വൈദികർക്കും ആശംസകൾ അർപ്പിക്കാം.

## കുഞ്ഞേട്ടൻ അനുസ്മരണം

മിഷൻലീഗിന്റെ സ്ഥാപക നേതാവ് കുഞ്ഞേട്ടന്റെ 17-ാമത് ചരമവാർഷികം ആഗസ്റ്റ് പതിനൊന്നാം തീയതിയാണ്. അന്ന് ചൊവ്വാഴ്ച ആയതിനാൽ ഓഗസ്റ്റ് എട്ടാം തീയതിയോ, ഒമ്പതാം തീയതിയോ ശാഖകളിൽ കുഞ്ഞേട്ടൻ അനുസ്മരണം നടത്തേണ്ടതാണ്.

## നന്ദി, സ്വാഗതം

മിഷൻലീഗ് മേഖലാ ഡയറക്ടർമാരായി വിലയേറിയ സേവനം കാഴ്ചവച്ച ഫാ. ഏലിയാസ് കരിക്കണ്ടത്തിൽ (എടത്വാ), ഫാ. ജോസഫ് കൊല്ലംപറമ്പിൽ (കുടമാളൂർ) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ നന്ദി.

പുതിയ മേഖലാ ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന ഫാ. സെബാസ്റ്റ്യൻ കളത്തിപ്പറമ്പിൽ (എടത്വാ), ഫാ. സിറിൾ കളരിക്കൽ (കുടമാളൂർ) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

പുതിയ മേഖലാ ജോയിന്റ് ഡയറക്ടറായി സ്ഥാനമേറ്റ സി. അമല ഒളശ്ശയിൽ SABSന് അതിരൂപതാ മിഷൻലീഗ് കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

ഏവർക്കും സ്വർഗ്ഗാരോപണത്തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ സ്നേഹപൂർവം നേരുന്നു.

പഠനം പൂർത്തിയാക്കി തിരികെയെത്തിയപ്പോൾ അഭി. പിതാവ് എന്നെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യങ്ങൾ കുടുംബക്കൂട്ടായ്മ, ബൈബിൾ അപ്പോസ്തലേറ്റ്, ദീപിക, ലിറ്റർജിക്കൽ അപ്പോസ്തലേറ്റ് എന്നിവയുടെ ഡയറക്ടർ സ്ഥാനം വഹിക്കുക എന്നതാണ്. ഈ വകുപ്പുകൾ വളരെ കാര്യക്ഷമമായി കൈകാര്യം ചെയ്തതിനുശേഷം പുതിയ പ്രവർത്തനമേഖലയിലേക്കു പോയ ബഹു. ജോർജ് മാന്തുരുത്തിലച്ചനെ സ്നേഹത്തോടും നന്ദിയോടും ഓർക്കുന്നു.

പ്രസ്തുത പ്രവർത്തനങ്ങൾ വിജയകരമായും ഭംഗിയായും മുന്നോട്ടു കൊണ്ടു പോകണമെങ്കിൽ നിങ്ങളുടെ ഏവരുടെയും സഹായസഹകരണങ്ങൾ കൂടിയേ തീരു. ആയതിനാൽ എല്ലാ സഹായസഹകരണങ്ങളും നൽകി എല്ലാ പ്രവർത്തനങ്ങളും ദൈവസന്നിധിയിൽ വിജയകരമാക്കി തീർക്കാൻ സഹായിക്കണമേ.

നമ്മുടെ ഡിപ്പാർട്ടുമെന്റ് ഉടൻ നടത്താൻ പോകുന്ന പ്രധാന പരിപാടികൾ നൂറുമേനി സീസൺ ഫോർ ഗ്രാന്റ് ഫിനാലേയും സമാപന സമ്മേളനവും ലോഗോസ് 2026 മത്സരവുമാണ്.

പ്രധാനപ്പെട്ട ഈ രണ്ടുകാര്യങ്ങളും വിജയിക്കണമെങ്കിൽ ഏവരുടെയും സഹകരണങ്ങൾ കൂടിയേ തീരു. ഗ്രാന്റ് ഫിനാലേയും നൂറുമേനി സമാപന സമ്മേളനവും നടക്കുന്നത് സെപ്റ്റംബർ 11, 12 തീയതികളിൽ എസ്.ബി. കോളേജിൽ വച്ചാണ്. 11-ാം തീയതി ഗ്രാന്റ്ഫിനാലെയും 12-ാം തീയതി സമാപന സമ്മേളനവും. എല്ലാ വിജയികളും സമാപനസമ്മേളനദിവസം എത്തി സമ്മാനങ്ങൾ ഏറ്റുവാങ്ങണമെന്ന് ഓർമിപ്പിക്കുന്നു. അതിനുമുമ്പായി വിജയികൾക്കുള്ള കൂപ്പണുകൾ ഓരോ ഇടവകയിലും എത്തിക്കുന്നതാണ്. കൂപ്പണുമായി വന്ന് നിങ്ങൾക്കായി ക്രമീകരിച്ചിരിക്കുന്ന കൗണ്ടറിൽനിന്നും സമ്മാനങ്ങൾ ഏറ്റു വാങ്ങേണ്ടതാണ്.

ഈ വർഷം മനഃപാഠമാക്കാൻ നൽകിയിരുന്ന തീർത്ഥാടക സങ്കീർത്തനങ്ങൾ 120 മുതൽ 134 വരെയുള്ളത് 715 കുട്ടികൾ മനപ്പാഠമാക്കി എന്നുള്ളത് ഏറെ സന്തോഷകരമാണ്. അവരെ അതിനായി തയ്യാറാക്കിയ ബഹു. വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സിനും അധ്യാപകർക്കും കൂട്ടായ്മാ ലീഡേഴ്സിനും കുട്ടികളുടെ മാതാപിതാക്കൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

സങ്കീർത്തനം പഠിച്ച എല്ലാ കുട്ടികൾക്കും 2000 രൂപ വീതം ക്യാഷ് പ്രൈസ് നൽകുന്നതാണ്. സമാപന സമ്മേളന ദിവസം എത്തി അവർക്കായി ക്രമീകരിച്ചിരിക്കുന്ന കൗണ്ടറിൽനിന്നും സമ്മാനങ്ങൾ ഏറ്റുവാങ്ങേണ്ടതാണ്.

പുതിയ കുടുംബക്കൂട്ടായ്മ ലീഡേഴ്സ് ഓരോ ഇടവകയിലും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ അവരിൽനിന്നും ഓരോ ഇടവകയിലെയും രണ്ടു പേരെവീതം തിരഞ്ഞെടുത്തു ഫൊറോനാസമിതിയും ഓരോ ഫൊറോന സമിതിയിൽനിന്നും രണ്ടുപേരെ വീതം തെരഞ്ഞെടുത്ത് അതിരൂപത സെൻട്രൽ കമ്മറ്റിയും രൂപീകരിക്കുന്നതാണ്. അതിനുള്ള നിർദ്ദേശങ്ങൾ ഉടൻതന്നെ നിങ്ങൾക്ക് ലഭിക്കുന്നതാണ്. അഭി. പിതാവിന്റെ പ്രത്യേക തീരുമാനമാണ് എല്ലാ ഇടവകകളിലും ഫൊറോനയിലും രൂപതയിലും പുതിയ നേതൃത്വം ഉണ്ടാവുക എന്നുള്ളത്. സഹകരണം പ്രതീക്ഷിക്കുന്നു.

കുടുംബക്കൂട്ടായ്മ ഫൊറോന ഡയറക്ടേഴ്സിന്റെ സന്ദർശനം ഓരോ ഫൊറോനയിലേയും ഇടവകകളിൽ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. പ്രസ്തുത സമയത്ത് എല്ലാ കൂട്ടായ്മ ലീഡേഴ്സിന്റെയും പങ്കാളിത്തം ഉണ്ടാകണണമെന്ന് ഓർമ്മിപ്പിക്കുന്നു.

കുടുംബക്കൂട്ടായ്മകളുടെ ഉപയോഗത്തിനായി പരിഷ്കരിച്ച ഡയറി മൂന്നു വർഷം ഉപയോഗിക്കത്തക്ക രീതിയിൽ തയ്യാറായിട്ടുണ്ട്. മൾട്ടി കളറിൽ ചെയ്തിരിക്കുന്ന ഡയറിയുടെ വില 150 രൂപയാണ്. ഓരോ കുടുംബക്കൂട്ടായ്മയും - ശ്രദ്ധിക്കേണ്ട എല്ലാ വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ അതിരൂപതയിലെ എല്ലാ കുടുംബക്കൂട്ടായ്മകളും ഇത് വാങ്ങി ഉപയോഗിക്കേണ്ടതാണ്. മാതൃകാ കൂട്ടായ്മകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

നിങ്ങളുടെ ഏവരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടെങ്കിൽ മാത്രമേ ഏറ്റെടുത്തിരിക്കുന്ന ദൗത്യം ഭംഗിയായി പൂർത്തീകരിക്കാൻ എനിക്ക് കഴിയുള്ളൂ. ആയതിനാൽ ഒരിക്കൽ കൂടി ഏവരേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. കുര്യൻ മൂലയിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

### നൂറുമേനി ഗ്രാന്റ് ഫിനാലേയും സമ്മാനദാനവും

2026 സെപ്റ്റംബർ 11, 12 തീയതികളിൽ എസ്.ബി. കോളേജ് കാവുകാട്ട് ഹാളിൽ നടക്കുന്നു. 12നു നടക്കുന്ന സമാപനസമ്മേളനത്തിൽ എല്ലാ മത്സര വിജയികളും എത്തിച്ചേർന്ന് സമ്മാനങ്ങൾ ഏറ്റുവാങ്ങേണ്ടതാണ്. ഇടവകകളിൽനിന്നും ലഭിക്കുന്ന കൂപ്പണുകൾ കൊണ്ടുവരണം.

### കൂട്ടായ്മ ഡയറി

കുടുബക്കൂട്ടായ്മകളുടെ ഉപയോഗത്തിനായി തയ്യാറാക്കിയിരിക്കുന്ന ഡയറി

ഓഫീസിൽ ലഭ്യമാണ്. 3 വർഷത്തേയ്ക്ക് ഉപയാഗിക്കാവുന്നവിധം തയ്യാറാക്കിയിരിക്കുന്ന ഡയറിയുടെ വില 150 രൂപയാണ്.

## ഹൃദയപൂർവം നന്ദി

കുടുംബകൂട്ടായ്മ, ബൈബിൾ അപ്പോസ്തലേറ്റ് ഫൊറോന ഡയറക്ടേഴ്സ് എന്ന നിലയിൽ വിവിധ ഫൊറോനകളിൽ മഹത്തായ ശുശ്രൂഷ ചെയ്തതിനു ശേഷം ശുശ്രൂഷകൾ കൈമാറുന്ന ഫാ. വർഗീസ് കായിത്തറ, ഫാ. റ്റോം കന്യാകോണിൽ, ഫാ. ബ്രിന്റോ മനയത്ത്, ഫാ. സേവ്യർ പുന്നശ്ശേരി എന്നീ ബഹു. വൈദികർക്ക് ഹൃദയപൂർവം നന്ദിയർപ്പിക്കുകയും പുതിയ പ്രവർത്തനമേഖലകളിൽ വിജയാശംസകൾ നേരുകയും ചെയ്യുന്നു.

## സ്വാഗതം

കുടുംബക്കൂട്ടായ്മ, ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടേഴ്സായി നിയമിതരായ ഫാ. എബിസൺ കുളങ്ങോട്ടിൽ (ആലപ്പുഴ ഫൊറോന), ഫാ. റ്റോണി തത്തക്കാട്ടുപുളിക്കൽ (കൊല്ലം-ആയൂർ ഫൊറോന), ഫാ. ജിതിൻ നടുത്തുണ്ടത്തിൽ (തിരുവനന്തപുരം ഫൊറോന), ഫാ. ജോസി കൊല്ലമ്മാലിൽ സി.എം.ഐ. (ചെങ്ങന്നൂർ ഫൊറോന) എന്നിവർക്ക് ഹൃദയംനിറഞ്ഞ സ്വാഗതം. നിങ്ങളിലൂടെ കുടുംബക്കൂട്ടായ്മകൾ കൂടുതൽ ശക്തിപ്പെടാനായി പ്രാർഥിക്കുന്നു.

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

സമുദായ ശക്തീകരണ വർഷാചരണം പാതിവഴി പിന്നിട്ടിരിക്കുകയാണ്. അതിരൂപത, ഫൊറോന, ഇടവക തലങ്ങളിൽ സമുദായ ശക്തീകരണവുമായി ബന്ധപ്പെട്ട് നമ്മൾ വിവിധ കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. മാർഗ രേഖയിലെ നിർദേശങ്ങൾക്കനുസരിച്ച് അവ നടപ്പിലാക്കാൻ ശ്രദ്ധിക്കുമല്ലോ. മാതൃവേദി, പിതൃവേദി സംഘടനകളുടെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുന്നതിനോടൊപ്പം തിരുബാലസഖ്യം, പ്രോലൈഫ് സെൽ, സീനിയർ സിറ്റിസൺ ഫോറം, യൂദിത്ത്-നവോമി ഫോറം, എലീശ്വാ ഫോറം, നല്ല സമറായൽ ഫോറം, പിയാത്ത ഫോറം, ഫെയ്ത്ത് ഫോറം തുടങ്ങിയ സ്ഥിരം സംവിധാനങ്ങളും യൂണിറ്റുതലത്തിൽ സജീവമാക്കാൻ ശ്രദ്ധിക്കുമല്ലോ.

ഏകസത്യദൈവത്തിലുള്ള വിശ്വാസത്തിനുവേണ്ടി ജീവൻ ബലികഴിച്ച മർത്ത് ശ്മോനിയേയും അവളുടെ ഏഴു മക്കളേയും ഈ കൈത്താക്കാലത്ത് നാം പ്രത്യേകമായി അനുസ്മരിക്കുന്നുണ്ട്. മക്കബായരുടെ രണ്ടാം പുസ്തകം ഏഴാം അധ്യായത്തിൽ വിവരിക്കുന്ന ഈ അമ്മയുടെയും മക്കളുടെയും ചരിത്രം കുടുംബജീവിതം നയിക്കുന്നവർക്ക് എന്നും പ്രചോദനമാണ്. കുടുംബ ജീവിതത്തിലൂടെ ദൈവത്തിനുസാക്ഷ്യം വഹിക്കാൻ, ജീവൻ ബലികഴിച്ചും വിശ്വാസം സംരക്ഷിക്കാൻ, ഫലം പുറപ്പെടുവിക്കുന്നവരാകാൻ അവരുടെ രക്തസാക്ഷിത്വം നമ്മെ ഓർമ്മപ്പെടുത്തുന്നു.

മാതൃവേദിയുടെ സ്വർഗീയ മദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാളിന്റെ പ്രാർത്ഥനകളും ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റെ മംഗളാശംസകളും ഏവർക്കും ഹൃദയപൂർവം നേരുന്നു.

**ഫാ. ജോൺ തറക്കുന്നേൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പാറയ്ക്കൽ**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### എൽ റോയ്: വിധവകൾക്കും വിഭാര്യർക്കുമുള്ള ധ്യാനം

അതിരൂപത ഫാമിലി അപ്പോസ്തലേറ്റിന്റെയും യൂദിത്ത്-നവോമി ഫോറത്തിന്റെയും ആഭിമുഖ്യത്തിൽ വിധവകൾക്കും വിഭാര്യർക്കുമായി കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ജൂലൈ 3 വെള്ളിയാഴ്ച വൈകുന്നേരം നാലുമണി മുതൽ ജൂലൈ 5 ഞായറാഴ്ച വൈകുന്നേരം നാലുമണി വരെ ബഹു. ജോസഫ് അയ്യങ്കരിയച്ചന്റെയും ഷാജി തുമ്പേച്ചിറയിലച്ചന്റെയും നേതൃത്വത്തിൽ ധ്യാനം സംഘടിപ്പിച്ചു. ഫാ. ജോസഫ് പാറയ്ക്കൽ, ഫാ. ജോണിക്കുട്ടി തറക്കുന്നേൽ, ജോ ജോസഫ്, മരീറ്റ മാനുവേൽ വടക്കേക്കളം, റൂബി തോമസ് കരിങ്ങണാമറ്റം, ഡോ. തങ്കു ഷാജു എന്നിവർ ക്ലാസുകൾ നയിച്ചു.

### പ്രോലൈഫ് കുട്ടനാട് റീജിയണൽ സംഗമം

'കേരള ജിയന്ന' എന്നറിയപ്പെടുന്ന അച്ചാമ്മ ജേക്കബിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് അതിരൂപത പ്രോലൈഫ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 11നു മുട്ടാർ കുമരഞ്ചിറ സെന്റ് തോമസ് പള്ളിയിൽ കുട്ടനാട് റീജിയണൽ പ്രോലൈഫ് സെമിനാറും അച്ചാമ്മ അനുസ്മരണവും സംഘടിപ്പിച്ചു. മേജർ ആർച്ചുബിഷപ് എമരിത്തൂസ് കർദിനാൾ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്ത സമ്മേളനത്തിന് അതിരൂപത പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി ഏത്തക്കാട് അദ്ധ്യക്ഷതവഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ അച്ചാമ്മ ജേക്കബിന്റെ പന്ത്രണ്ടാമത്തെ മകനും സലേഷ്യൻ സഭാംഗവുമായ ഫാ. റെജി പുലിക്കോടിനെ പൗരോഹിത്യ രജത ജൂബിലിയോടനുബന്ധിച്ച് ആദരിച്ചു. ഫാ. ജോസഫ് പാറയ്ക്കൽ, ഫാ. ജോസഫ് കട്ടപ്പുറം, റെജി ആഴാഞ്ചിറ എന്നിവർ പ്രസംഗിച്ചു. വലിയ കുടുംബങ്ങളുടെ പ്രസക്തിയെപ്പറ്റി യുഗേഷ് പുളിക്കൽ, എബ്രാഹം പുത്തൻകളം എന്നിവർ ക്ലാസുകൾ നയിച്ചു. എടത്വാ, ചമ്പക്കുളം, പുളിങ്കുന്ന് ഫൊറോനകളിലെ പ്രോലൈഫ് ശുശ്രൂഷകർ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു.

### എടത്വാ, ചമ്പക്കുളം, പുളിങ്കുന്ന് ഫൊറോനകളുടെ നസ്രാണി ഫാമിലി മീറ്റ്

എടത്വാ, ചമ്പക്കുളം, പുളിങ്കുന്ന് ഫൊറോനകളുടെ 'നസ്രാണി മീറ്റ് യുവദമ്പതീസംഗമം' ജൂലൈ 19നു ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയിൽ സംഘടിപ്പിച്ചു. പരിശുദ്ധ കുർബാനയും വചനപ്രഘോഷണവും കപ്പിൾസ് ഷെയറിങ്ങും ആരാധനയും അടങ്ങുന്ന പ്രാർഥനാനിർഭരമായ സായാഹ്നത്തിൽ അഭി. തോമസ് തറയിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. അഞ്ഞൂറിലധികം ആളുകൾ പങ്കെടുത്ത കൺവെൻഷന് ഫാ. ജയിംസ് പാലയ്ക്കൽ, ഫാ. തോമസ്കുട്ടി താന്നിയത്ത്, ഫാ. സ്കറിയ പഴയമഠം, ഫാ. മാത്യു നടയ്ക്കൽ, ഫാ. ജസ്റ്റിൻ എളമ്പളശേരിൽ എന്നിവർ നേതൃത്വം നൽകി. പ്രാർഥനാശുശ്രൂഷകൾ വൈകിട്ട് 8.30നു ഭക്ഷണത്തോടെ സമാപിച്ചു.

### ഗ്രാന്റ് പേരന്റ്സ് ഡേ

യോവാക്കിം-അന്ന ദമ്പതികളുടെ തിരുനാൾദിനമായ ജൂലൈ 26 ഗ്രാന്റ് പേരന്റ്സ് ഡേയായി യൂണിറ്റുകളിൽ ആചരിച്ചു. അന്നേദിവസം സീനിയർ സിറ്റിസൺ ഫോറത്തിന്റെ മീറ്റിങ്ങുകൾ സംഘടിപ്പിക്കുകയും മുതിർന്നവരെ ആദരിക്കുകയും ചെയ്തു.

## ഓർമ്മിക്കാൻ

### വിയാനി ഡേ

ആഗസ്റ്റ് നാലിനു വികാരിയച്ചന്മാരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളാണ്. അന്നേ ദിവസം ഡയറക്ടേഴ്സ് ഡേ ആയി ആചരിക്കുകയും യൂണിറ്റ് ഡയറക്ടറുമാരെ ആദരിക്കുകയും ചെയ്യുന്നത് സമുചിതമാണ്.

## പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാൾ

മാതൃവേദിയുടെ സ്വർഗീയ മധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാളിന് ഒരുക്കമായി ആഗസ്റ്റ് 1 മുതൽ 15 വരെ പ്രാർഥനാദിനമായി ആചരിക്കുക. നോമ്പ് അനുഷ്ഠിക്കാനും എല്ലാ ദിവസവും മുടങ്ങാതെ പരിശുദ്ധ കുർബാനയർപ്പിക്കാനും അംഗങ്ങൾ ശ്രദ്ധിക്കുമല്ലോ.

## നസ്രാണി ഫാമിലി മീറ്റ്

ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ, 50 വയസിൽ താഴെയുള്ള ദമ്പതികൾക്കായി സായാഹ്ന കൺവെൻഷനുകൾ ഫൊറോനാതലത്തിൽ നടത്തി വരുകയാണല്ലോ. തിരുവനന്തപുരം, അമ്പൂരി ഫൊറോനകളുടെ കൺവെൻഷൻ ആഗസ്റ്റ് 2 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4 മണി മുതൽ കഴക്കൂട്ടം സെന്റ് ജോൺ പോൾ II യൂത്ത് സെന്ററിലും; കുറുമ്പനാടം, തൃക്കൊടിത്താനം, ചെങ്ങന്നൂർ ഫൊറോനകളുടെ കൺവെൻഷൻ ആഗസ്റ്റ് 9 ഞായറാഴ്ച വൈകുന്നേരം 4 മുതൽ തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയിലും സംഘടിപ്പിക്കും. പരിശുദ്ധ കുർബാനയും വചനപ്രഘോഷണവും കപ്പിൾസ് ഷെയറിങ്ങും ആരാധനയും അടങ്ങുന്ന പ്രാർഥനാനിർഭരമായ ഒരു സായാഹ്നമാണ് വിഭാവനം ചെയ്യുന്നത്. അഭി. തോമസ് തറയിൽ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തും. പ്രാർഥനാശുശ്രൂഷകൾ വൈകിട്ട് 8.30നു ഭക്ഷണത്തോടെ സമാപിക്കും. ഒരുമിച്ചായിരിക്കാനും പ്രാർഥിക്കാനും ആത്മാവിൽ ശക്തിപ്പെടാനും ദമ്പതികൾക്കിടയിലുള്ള സ്നേഹബന്ധം ദൃഢപ്പെടുത്താനുമുള്ള ഈ അവസരം നഷ്ടപ്പെടുത്തില്ലല്ലോ.

## വിവാഹഒരുക്ക സെമിനാർ

| മാസം | തീയതി | സ്ഥലം |
|---|---|---|
| ഓഗസ്റ്റ് | 08, 09, 10 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 15, 16, 17 | |
| | 31, സെപ്റ്റം. 01, 02 | |
| സെപ്റ്റംബർ | 12, 13, 14 | |
| | 19, 20, 21 | |

വിവാഹഒരുക്ക സെമിനാർ വിവരങ്ങൾക്ക്: 0481 2424476, 9447016240 (ഫാമിലി അപ്പോസ്തലേറ്റ്)
വിളിക്കേണ്ട സമയം: രാവിലെ 10 മുതൽ വൈകിട്ട് 5 വരെ

## തൃക്കൊടിത്താനം
## സെന്റ് സേവ്യേഴ്സ് സൺഡേ സ്കൂൾ
## ശ്രീ ജേക്കബ് തോമസ് മനയ്ക്കൽ മെമ്മോറിയൽ

ഒന്നാമത്

# പ്രസംഗമത്സരം

**വിഷയം :**
**സ്വാതന്ത്ര്യ സമരത്തിലും നവോത്ഥാന മുന്നേറ്റത്തിലുമുള്ള ക്രൈസ്തവ ഭാഗധേയം**

**2026 ആഗസ്റ്റ് 16 ഞായറാഴ്ച | 2 PM ന്**

**തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന ദൈവാലയത്തിൽ**

ശ്രീ ജേക്കബ് തോമസ് മനയ്ക്കൽ, തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് സൺഡേ സ്കൂളിലെ ഹെഡ്മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി എന്ന നിലയിലും സൺഡേ സ്കൂൾ അധ്യാപകനായും സേവനം ചെയ്യുകയും കൈക്കാരൻ, പാരിഷ് കൗൺസിൽ സെക്രട്ടറി, പാരിഷ് കൗൺസിൽ അംഗം എന്നീ നിലകളിലുൾപ്പെടെ ഇടവകയുടെ വിവിധ പ്രവർത്തന മേഖലകളിലും സജീവമായിരുന്ന വ്യക്തി.

**ഒന്നാം സമ്മാനം**

5001 രൂപയും സർട്ടിഫിക്കറ്റും ജേക്കബ് തോമസ് മനയ്ക്കൽ മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും

**രണ്ടാം സമ്മാനം**

3001 രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും

**മൂന്നാം സമ്മാനം**

2001 രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും

**നിർദ്ദേശങ്ങൾ**

- ഒരു സൺഡേ സ്കൂളിൽ നിന്നും പരമാവധി രണ്ട് അധ്യാപകർക്കാണ് മത്സരത്തിൽ പങ്കെടുക്കാവുന്നത്.
- മത്സരത്തിൽ പങ്കെടുക്കുന്നവർ, സൺഡേസ്കൂൾ അധ്യാപകരാണ് എന്നു സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.
- മലയാളത്തിൽ മാത്രമായിരിക്കും മത്സരം.
- ആൺ പെൺ വ്യത്യാസം ഉണ്ടായിരിക്കുകയില്ല.
- 5 മിനിറ്റ് ആയിരിക്കും പരമാവധി സമയം. 4 മിനിറ്റ് ആവുമ്പോൾ വാണിംഗ് ബെൽ നൽകുന്നതായിരിക്കും.
- സമയപരിധി ലംഘിക്കുന്നത് അയോഗ്യതയായി പരിഗണിക്കുന്നതാണ്.
- മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും പങ്കാളിത്ത സർട്ടിഫിക്കറ്റ് നല്കുന്നതാണ്.
- വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
- പരിപാടിയുടെ ക്രമീകരണത്തിലും നടത്തിപ്പിലും ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ പ്രോഗ്രാം കമ്മിറ്റിക്ക് പൂർണ അധികാരം ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക:

+91 94477 82154 / +91 9447903534

**മത്സരത്തിനായി രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ട അവസാനദിവസം:**
**ആഗസ്റ്റ് 09 2026 (ഞായറാഴ്ച)**

# യുവദീപ്തി – എസ്.എം.വൈ.എം.

## പരിസ്ഥിതി ദിനാചരണം

യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ ജൂൺ 5, 6 തീയതികളിലായി ഫൊറോനാകളിലും യൂണിറ്റുകളിലും പരിസ്ഥിതി ദിനം ആചരിച്ചു. സെമിനാറുകൾ, ക്ലാസ്സുകൾ, വൃക്ഷത്തൈ നടീൽ, പരിസ്ഥിതി ക്വിസ്സ് മത്സരം എന്നിവയെല്ലാം സംഘടിപ്പിച്ചു. അതിരൂപതാതലത്തിൽ വിവിധ ഫൊറോനാകളുടെ സഹകരണത്തോടെ പേപ്പർ ക്യാരി ബാഗുകൾ നിർമ്മിച്ചു സൗജന്യമായി വിതരണം ചെയ്തു. അമ്പതിനായിരം ബാഗുകളാണ് നിർമ്മിച്ച് നൽകിയത്.

## പരിസ്ഥിതി പ്രസംഗമത്സരം

യുവദീപ്തി-എസ്.എം.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ ആന്റപ്പൻ ആമ്പിയായം പരിസ്ഥിതി പ്രസംഗമത്സരം ജൂൺ 13നു പാസ്റ്ററൽ സെന്ററിൽ നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ പ്രസിഡന്റ് അലക്സ് മഞ്ഞുമ്മേൽ അദ്ധ്യക്ഷനായിരുന്നു. ലൂസി പീലിപ്പോസ്, അജയ് വർഗീസ്, പോൾ എം. പി., സി. തെരസീന എൽ.ഡബ്ല്യു.എസ്.എച്ച്., ലാലിച്ചൻ മറ്റത്തിൽ എന്നിവർ പ്രസംഗിച്ചു.

## മത്സരവിജയികൾ

### യുവാക്കന്മാർ

| | | |
|---|---|---|
| ഫസ്റ്റ് | - | നെബിൻ ബിജു, ചമ്പക്കര, നെടുങ്കുന്നം ഫൊറോന |
| സെക്കന്റ് | - | ജോർജ്ജ് മൈക്കിൾ, സെന്റ് മേരീസ് ബസിലിക്ക ചമ്പക്കുളം |
| തേർഡ് | - | റിയാൽ മൈക്കിൽ, തത്തംപള്ളി, ആലപ്പുഴ ഫൊറോന |

### യുവതികൾ

| | | |
|---|---|---|
| ഫസ്റ്റ് | - | ഏയ്ഞ്ചൽ മരിയ വർഗീസ്, തോട്ടുവാത്തല, ചമ്പക്കുളം ഫൊറോന |
| സെക്കന്റ് | - | മെരീന സജി, മാവേലിക്കര, ചെങ്ങന്നൂർ ഫൊറോന |
| തേർഡ് | - | സോനാ മരിയ, വെളിയനാട്, പുളിങ്കുന്നു ഫൊറോന |

## ചങ്ങനാശേരി ഫൊറോനാ ക്യാംപ് 'ഹൈല – 26'

ചങ്ങനാശേരി ഫൊറോനാ യുവദീപ്തി-എസ്.എം.വൈ.എം.ന്റെ പ്രാർഥനാ പഠന പരിശീലനക്യാംപ് '*ഹൈല'26* ജൂൺ 26,27,28 തീയതികളിൽ വാഴപ്പള്ളി സെന്റ് തെരേസാസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തി. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ഫൊറോനാ പ്രസിഡന്റ് ഈപ്പൻ മാത്യു അദ്ധ്യക്ഷനായിരുന്നു. ഫൊറോനാ ഡയറക്ടർ ഫാ. മാത്യു പുത്തൻപുരയിൽ ആമുഖപ്രസംഗം നടത്തി. റോസി ജോജി, ടോം തോമസ്, ഡെറിൻ മാത്യു, കാതറിൻ അലക്സ് എന്നിവർ പ്രസംഗിച്ചു. ഫാ. സാവിയോ മാനാട്ട്, സിജോ പുത്തനങ്ങാടി, അലക്സ് മഞ്ഞുമ്മേൽ

എന്നിവർ ക്ലാസുകൾ നയിച്ചു. സഞ്ജയ് സതീഷ്, രേഷ്മാ ദേവസ്യ ടെസ്സ എന്നിവർ ക്യാംപിനു നേതൃത്വം നൽകി. ഫൊറോനാ വികാരി ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ക്യാംപ് സന്ദർശിച്ച് സന്ദേശം നൽകി.

**20–ാമതു നിരണം തീർത്ഥാടനം**

ജൂലൈ 5നു അതിരൂപതയുടെ ആഭിമുഖ്യത്തിൽ യുവദീപ്തി-എസ്.എം. വൈ.എം. നേതൃത്വം നൽകിയ ഇരുപതാമതു നിരണം തീർഥാടനം നടത്തി. രാവിലെ 6.30നു മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത കത്തീഡ്രൽ പള്ളിയിൽ അർപ്പിച്ച പരിശുദ്ധ കുർബാനയ്ക്കുശേഷം അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട്ട് കത്തിച്ച തിരി അതി രൂപതാ പ്രസിഡന്റ് അലക്സ് മഞ്ഞുമ്മേലിനും യുവദീപ്തി പതാക ഡെപ്യൂട്ടി പ്രസിഡന്റ് ലൂസി പീലിപ്പോസിനും നൽകിക്കൊണ്ട് തീർഥാടനം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട് മാർഗ്ഗനിർദേശ പ്രസംഗം നടത്തി. തീർഥാടനം ചങ്ങനാശേരി കവല, ളായിക്കാട്, ഇടിഞ്ഞില്ലം, വേങ്ങൽ, കാവുംഭാഗം, പൊടിയാടി വഴി നിരണത്തെത്തി കൽവിളക്കിൽ തിരിതെളിച്ച് തിരുശേഷിപ്പു ദൈവാലയത്തിൽ പ്രവേശിച്ചു. ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ഏന്ദാനാ പ്രാർഥന ചൊല്ലി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ (എമിരറ്റസ്) സന്ദേശം നൽകി. തുടർന്ന് തീർഥാടകർ ക്കെല്ലാം നേർച്ചക്കഞ്ഞി വിതരണം ചെയ്തു. അജയ് വർഗീസ്, പോൾ എം. പി., മിലൻ ജെ. ഇളപ്പുങ്കൽ, ക്രിസ്റ്റിൻ സേവ്യർ, ലാലിച്ചൻ മറ്റത്തിൽ, ബ്രദർ അലൻ പൂരത്തുംകാലയിൽ, ലിബിൻ ബി. ചാക്കോ, റ്റോസ്മി തോമസ്, എലിസബത്ത് വർഗീസ് എന്നിവർ തീർഥാടനത്തിനു നേതൃത്വം നൽകി.

**അലക്സ് സെബാസ്റ്റ്യൻ മഞ്ഞുമ്മേൽ**
*(പ്രസിഡന്റ്)*

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

# ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി (CHASS)

**ചാസിൽ നിന്നും ആശംസകൾ**

പ്രിയ ബഹുമാനപ്പെട്ട അച്ചാ/സുഹൃത്തേ,

നമ്മുടെ യൂണിറ്റു പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു എന്ന് അറിയുന്നതിൽ സന്തോഷം. 2025-26 സാമ്പത്തിക വർഷത്തെ ഓഡിറ്റിംഗ് നടത്താനുള്ള യൂണിറ്റുകൾ എത്രയും വേഗം ഓഡിറ്റിംഗ് പൂർത്തീകരിക്കേണ്ടതാണ്. ചാസിന്റെ ഏതെങ്കിലും ഒന്നോ രണ്ടോ പ്രവർത്തനങ്ങളിൽ മാത്രം യൂണിറ്റുകളൊതുങ്ങാതെ ജനോപകാരപ്രദമായ എല്ലാ പദ്ധതികളും യൂണിറ്റിൽ നടപ്പിലാക്കുവാൻ എക്സിക്യൂട്ടീവ് സമിതി പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ചിങ്ങം ഒന്ന് പുതുവർഷാരംഭം. പ്രകൃതി പുതുജീവൻ കൈവരിക്കുന്ന ഈ മാസം പ്രത്യാശയുടെയും സമൃദ്ധിയുടെയും, പുതിയ തുടക്കങ്ങളുടെയും ആരംഭമാണ്. ഈ അവസരത്തിൽ കൃഷിയേയും കാർഷികവൃത്തിയേയും പരിപോഷിപ്പിക്കുവാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. കൃഷിയെ സംരക്ഷിക്കുകയും കർഷകരെ ആദരിക്കുകയും ചെയ്യാൻ നാം തയ്യാറാകുമ്പോഴാണ് യഥാർത്ഥ സമൃദ്ധി കൈവരിക്കാൻ സാധിക്കുക.

ഓണത്തോടനുബന്ധിച്ച് ചാസ്-ഖാദി ഷോറൂമുകളിൽ ഖാദി ഉല്പന്നങ്ങൾക്ക് 30% റിബേറ്റോടുകൂടി ജൂലൈ 23 മുതൽ ഓഗസ്റ്റ് 26 വരെ ഖാദി ഫെസ്റ്റ് നടക്കുന്നു. ഫെസ്റ്റിന്റെ വിജയത്തിന് ചാസിന്റെ എല്ലാ പ്രവർത്തകരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. സ്വാതന്ത്ര്യദിനത്തിന്റെയും തിരുവോണത്തിന്റെയും എല്ലാ ആശംസകളും എല്ലാവർക്കും നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## കേന്ദ്രവാർത്തകൾ

**ലഹരി വിരുദ്ധ ദിനാചരണം:** ലോക ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി എസ്.എൽ.സി.എ. യുടെ സഹകരണത്തോടെ ചാസ് അങ്കണത്തിൽ ജൂൺ 26 ന് ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴത്തിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണവും ലഹരിവിരുദ്ധ പ്രതിജ്ഞയും നടത്തി.

**മുട്ടക്കോഴിക്കുഞ്ഞുങ്ങളും കൂടും വിതരണം ചെയ്തു:** വളർത്തുകൂട്ടം പദ്ധതിയുടെ ഭാഗമായി വിവിധ യൂണിറ്റുകളിൽ നിന്നും ഓർഡർ ലഭിച്ചതനുസരിച്ച് ജൂലൈ 7നു 600 മുട്ടക്കോഴിക്കുഞ്ഞുങ്ങളും കൂടും വിതരണം ചെയ്തു.

**തയ്യൽ മെഷീൻ വിതരണം ചെയതു:** വനിതാ ശക്തീകരണത്തിന്റെ ഭാഗമായി പാത്ത്‌വെയ്സ് ടു റിക്കവറി പദ്ധതിയിലൂടെ സബ്സിഡി നിരക്കിൽ ജൂലൈ 10നു 33 തയ്യൽ മെഷീൻ വിതരണം ചെയ്തു.

**പഠനശിബിരം:** കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 11നു പിന്നാക്ക വിഭാഗങ്ങൾക്കുള്ള ക്ഷേമ പദ്ധതികളെക്കുറിച്ച് എറണാകുളം പാലാരിവട്ടം പി.ഒ.സി. യിൽ സംഘടിപ്പിച്ച ക്ലാസിൽ ചാസ് ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം, അസി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല എന്നിവർ പങ്കെടുത്തു.

**ഓറിയന്റേഷൻ വിസിറ്റ്:** സോഷ്യൽ വർക്ക് ബിരുദാനന്തര ബിരുദ പഠനത്തിന്റെ ഭാഗമായി ചങ്ങനാശ്ശേരി എസ്.ബി, ചെത്തിപ്പുഴ ക്രിസ്തു ജ്യോതി എന്നീ കോളേജുകളിൽ നിന്നും ജൂലൈ 14, 15 തീയതികളിൽ വിദ്യാർത്ഥികളും അധ്യാപകരും ചാസ് കേന്ദ്ര ഓഫീസിൽ എത്തി. ചാസ് സാമൂഹികക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് പ്രോഗ്രാം ഓഫീസർ സി. ലിൻസി എ.എ.എസ്.സി., പ്രോജക്ട് ഓഫീസർ ആനി കെ. തോമസ്, എസ്.എൽ.സി.എ. സ്റ്റാഫ് സോളമൻ ഫെർണാണ്ടസ് എന്നിവർ ക്ലാസ് നയിച്ചു.

**കൃഷ്ണഗർ രൂപത അഭി. പിതാവിന്റെ സന്ദർശനം:** വെസ്റ്റ് ബംഗാൾ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന കൃഷ്ണഗർ രൂപതയുടെ പിതാവ് മാർ നിർമ്മൽ വിൻസെന്റ് ഗോമസ് എസ്.ഡി.ബി., ഫാ. അജയ് എന്നിവർ ജൂലൈ 14 നു ചാസ് കേന്ദ്ര ഓഫീസ് സന്ദർശിച്ചു. ചാസ്-ഖാദി, കോപ്ടാക് പ്രവർത്തനങ്ങളെക്കുറിച്ച് ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം, പ്രോജക്ട് കോഡിനേറ്റർ ആനി കെ. തോമസ് എന്നിവർ വിശദീകരിച്ചു.

**വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് പ്രോഗ്രാം:** ബിരുദ പഠനത്തിന്റെ ഭാഗമായി ജൂലൈ 20 നു കണ്ണൂർ ഡോൺ ബോസ്കോ കോളേജിൽ നിന്നും വിദ്യാർത്ഥികൾ ഇന്റേൺഷിപ്പിനായി ചാസിൽ എത്തി.

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**1) എസ്.എച്ച്.ജി. മരണാനന്തര സഹായം:** ഒരു കുടുംബത്തിന് 20,000 രൂപ വീതം 3 കുടുംബങ്ങൾക്ക് 60,000 (അറുപതിനായിരം) രൂപ മരണാനന്തര സഹായം അനുവദിച്ചു.

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 756. റോസമ്മ ആന്റണി | അമല | കത്തീഡ്രൽ | ചങ്ങനാശ്ശേരി |
| 757. പി. ആന്റണി തുണ്ടിയിൽ | കർഷകശ്രീ | കൊടുപ്പുന്ന | എടത്വാ |
| 758. മിനി ഷാജി, ചേരക്കുളം | ഐശ്വര്യ | ചാഞ്ഞോടി | തൃക്കൊടിത്താനം |

**2) മ്യൂചൽ ബെനഫിറ്റ് സ്കീം (എം.ബി.എസ്.)** 13 കുടുംബങ്ങൾക്ക് 1,30,000 (ഒരുലക്ഷത്തി മുപ്പതിനായിരം) രൂപ അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1399. കുരുവിള മാത്യു വെട്ടിത്താനം | ഇരവുചിറ | കുറുമ്പനാടം |
| 1400. തങ്കമ്മ സെബാസ്റ്റ്യൻ, ഏലമ്പള്ളി | ഫാത്തിമാപുരം | തൃക്കൊടിത്താനം |

| | | |
|---|---|---|
| 1401. ജോസ് ജേക്കബ്, കന്നിമേൽകോണിൽ | കൊടുപ്പുന്ന | എടത്വാ |
| 1402. ഫെളക്സി വർഗീസ്, താശ്ശിയിൽ | കരുവാറ്റ | എടത്വാ |
| 1403. ജോസഫ് പി.ജെ, പാലപ്പള്ളിൽ | ഫിൽഗിരി | കൊല്ലം |
| 1404. ജോസഫ്. പി.എഫ്, കരീക്കൽ | ചേപ്പുംപാറ | കോട്ടയം |
| 1405. അന്നക്കുട്ടി പാപ്പച്ചൻ, കൊറത്തറ | കിടങ്ങറ | ചങ്ങനാശ്ശേരി |
| 1406. കെ.വി. ഫിലിപ്പ്, കാട്ടടി | മിത്രക്കരി | പുളിങ്കുന്ന് |
| 1407. പി. ആന്റണി, തുണ്ടിയിൽ | കൊടുപ്പുന്ന | എടത്വാ |
| 1408. ത്രേസ്യാമ്മ ദേവസ്യാ കാവുങ്കൽ | കുറുമ്പനാടം | കുറുമ്പനാടം |
| 1409. ഓമന എസ്. നെടുംകണ്ടത്തിൽ | കരുവാറ്റ | എടത്വാ |
| 1410. മറിയാമ്മ ജെയിംസ് ളാഹയിൽ | നാലുകോടി | തൃക്കൊടിത്താനം |
| 1411. വർഗ്ഗീസ് ജോസ്, കുളങ്ങര | നാലുകോടി | തൃക്കൊടിത്താനം |

**3) ബാങ്ക് ലോൺ**

ചാസിന്റെ വിവിധ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന ജെ.എൽ.ജി. കളിലെ അംഗങ്ങൾക്ക് സ്വയംതൊഴിൽ സംരംഭം ഏറ്റെടുത്ത് നടത്തുന്നതിനും കാർഷിക ആവശ്യങ്ങൾക്കും ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും 11 ലക്ഷം രൂപ ലോൺ ലഭ്യമാക്കി.

| *തീയതി* | *എസ്.എച്ച്.ജി.* | *ജെ.എൽ.ജി.* | *യൂണിറ്റ്* |
|---|---|---|---|
| 06.07.2026 | ഹരിത | അക്ഷര | ഫാത്തിമാപുരം |
| 13.07.2026 | ദീപ്തി | പവിഴം | കൈനടി |
| 20.07.2026 | സ്നേഹധാര | നവജ്യോതി | ഫാത്തിമാപുരം |

## മേഖലാവാർത്തകൾ

**സ്വാശ്രയസംഘ രൂപീകരണം**

| *തീയതി* | *സംഘം* | *യൂണിറ്റ്* | *അംഗങ്ങൾ* |
|---|---|---|---|
| 18.06.2026 | ദർശന | കൈനടി | 10 |
| 26.06.2026 | സെന്റ് തോമസ് | പുന്നമട | 10 |
| 26.06.2026 | സെന്റ് ജോസഫ് | പുന്നമട | 10 |
| 01.07.2026 | വന്ദന | കരിമ്പനക്കുളം | 12 |
| 08.07.2026 | മില്ലേനിയൽസ് | ഫാത്തിമപുരം | 14 |
| 09.07.2026 | കെഎൽഎം സെന്റ് ജോസഫ് | മണ്ണഞ്ചേരി | 16 |
| 17.07.2026 | ഇതൾ | നെടുങ്ങാടപ്പള്ളി | 13 |

**പിതൃദിനാഘോഷം:** ഫാത്തിമാപുരം യൂണിറ്റിന്റെ നേതൃത്വത്തിൽ ജൂൺ 21 നു ലോകപിതൃദിനാഘോഷം നടത്തി. യൂണിറ്റ് പ്രസിഡന്റ് ജോസ് തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം ചങ്ങനാശ്ശേരി മുനിസിപ്പൽ ചെയർമാൻ ജോമി ജോസഫ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ്

പാറത്തറ അനുഗ്രഹപ്രഭാഷണം നടത്തി. യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 7 പുരുഷസ്വാശ്രയസംഘത്തിലെ അംഗങ്ങൾ പങ്കെടുത്തു.

**ലഹരി വിരുദ്ധ ദിനാചരണം:** ലോക ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന യൂണിറ്റുകളിൽ ലഹരിവിരുദ്ധ പ്രതിജ്ഞയും, ബോധവത്ക്കരണ ക്ലാസും സംഘടിപ്പിച്ചു.

| *തീയതി* | *യൂണിറ്റ്* |
|---|---|
| ജൂൺ 21 | കൊടുപ്പുന്ന |
| ജൂൺ 27 | ഫാത്തിമാപുരം |
| ജൂൺ 28 | അമ്പലപ്പുഴ, പൊങ്ങ, വടക്കേഅമിച്ചകരി |

**യൂണിറ്റ് നവീകരണം:** കായൽപ്പുറം യൂണിറ്റ് നവീകരണ സമ്മേളനം ജൂൺ 30നു യൂണിറ്റ് ഡയറക്ടർ ഫാ. റോയി പൊങ്ങനാംതടത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ചാസ് ഭാരവാഹികളും എക്സിക്യൂട്ടീവ് അംഗങ്ങളും ഉൾപ്പെട്ട യോഗത്തിൽ കോഡിനേറ്റർ ആൻസി ലോനിച്ചൻ ചാസിന്റെ പ്രവർത്തനമേഖലകൾ വിശദീകരിച്ചു. സംഘത്തിന്റെ പ്രവർത്തനങ്ങളെ ശാക്തീകരിക്കാൻ വേണ്ട തീരുമാനങ്ങൾ കൈക്കൊണ്ടു.

**സ്വാശ്രയസംഘസംഗമം:** യൂണിറ്റു ശാക്തീകരണത്തിന്റെ ഭാഗമായി ജൂലൈ 2നു പുതുക്കരി, കായൽപ്പുറം യൂണിറ്റുകളിൽ സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. മേഖലാ കോഡിനേറ്റർ ആൻസി ലോനിച്ചൻ, യൂണിറ്റു ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**പൾസ് തെറാപ്പി:** പുതുക്കരി യൂണിറ്റും, കമ്പാനിയോസും ചേർന്ന് ജീവിതശൈലി രോഗങ്ങളും മറ്റ് ശാരീരിക ബുദ്ധിമുട്ടുകളും അനുഭവിക്കുന്നവർക്ക് 15 ദിവസത്തെ സൗജന്യ പൾസ് തെറാപ്പി ക്യാമ്പ് സെന്റ് സേവ്യഴ്സ് പള്ളി പാരീഷ് ഹാളിൽ ജൂലൈ 3 മുതൽ സംഘടിപ്പിച്ചു. പേശികളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുവാനും ശരീരത്തിൽ നിന്നും അധിക കൊഴുപ്പ് കുറക്കാനും പൾസ് തെറാപ്പി സഹായിക്കുന്നു.

**സാന്ത്വനം കാൻസർ കെയർ പദ്ധതി:** സാന്ത്വനം കാൻസർ കെയർ പദ്ധതിയുടെ ഭാഗമായി കൈനടി, വടക്കേഅമിച്ചകരി എന്നീ യൂണിറ്റുകളുടെയും പഞ്ചായത്തുകളുടെയും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെയും നേതൃത്വത്തിൽ ജൂലൈ 5, 18 തീയതികളിൽ കാൻസർ ബോധവത്ക്കരണവും രോഗനിർണ്ണയ ക്യാമ്പും സംഘടിപ്പിച്ചു. കെ. ചിറ്റിലപ്പള്ളി ഫൗണ്ടേഷൻ, കാർക്കിനോസ് കാൻസർ ഹെൽത്ത് കെയർ, പ്രൊവിഡൻസ് ഹോസ്പിറ്റൽ, വിശ്വനാഥ് കാൻസർ കെയർ ഫൗണ്ടേഷൻ എന്നിവരുടെ സഹകരണത്തോടെയാണ് ക്യാമ്പ് നടത്തിയത്. കോഡിനേറ്റർമാരായ അൽഫോൻസാ വർഗ്ഗീസ്, ബിനു ജോസഫ് എന്നിവർ നേതൃത്വം നൽകി.

**അനുമോദിച്ചു:** ഫിൽഗിരി യൂണിറ്റിന്റെ നേതൃത്വത്തിൽ 10, +2, ക്ലാസുകളിൽ ഉന്നതവിജയം നേടിയ എട്ട് വിദ്യാർത്ഥികളെ യൂണിറ്റ് ഡയറക്ടർ ഫാ. ടോം

കന്യാകോണിൽ ക്യാഷ് അവാർഡും മെമന്റോയും നൽകി ആദരിച്ചു. ജൂലൈ 15നു യൂണിറ്റ് പ്രസിഡന്റ് സോജൻ തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി ജോസഫ് ദേവസ്യ, മിനി കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്:** ചമ്പക്കുളം മേഖലാ എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂലൈ 15നു പടഹാരം യൂണിറ്റിൽ സംഘടിപ്പിച്ചു. മേഖലാ സെക്രട്ടറി ജെസി ജോജി അദ്ധ്യക്ഷതവഹിച്ചു. മേഖലാ കോഡിനേറ്റർ ബിനു ജോസഫ് കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. മേഖലാ വൈസ് പ്രസിഡന്റ് മോൾബി ജെയ്മോൻ ചർച്ചയ്ക്ക് നേതൃത്വം നൽകി.

## പരിശീലന പരിപാടികൾ

**ബേക്കറി പരിശീലനം:** വടവാതൂർ യൂണിറ്റിൽ ജൂൺ 22 മുതൽ 8 ദിവസത്തെ ബേക്കറി പരിശീലനം സംഘടിപ്പിച്ചു. ഖാദി ബേക്കറി പരിശീലക ജോളി ലാലന്റെ നേതൃത്വത്തിൽ 13 വനിതകൾ പരിശീലനം നേടി.

**തയ്യൽ പരിശീലനം ആരംഭിച്ചു:** പുതുക്കരി യൂണിറ്റിന്റെ നേതൃത്വത്തിൽ ജൂലൈ 2നു തയ്യൽ പരിശീലനം ആരംഭിച്ചു. ചാസ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ആന്റോ മുട്ടത്തിൽ അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റു ഭാരവാഹികളുടെയും മേഖല കോഡിനേറ്ററുടെയും നേതൃത്വത്തിൽ 22 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

**തയ്യൽ പരിശീലനം സർട്ടിഫിക്കറ്റ് വിതരണം:** തുരുത്തി, നെടുങ്ങാടപ്പള്ളി യൂണിറ്റുകളിൽ കഴിഞ്ഞ മൂന്നുമാസക്കാലമായി നടത്തിവന്നിരുന്ന തയ്യൽ പരിശീലനം സമാപിച്ചു. പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**കൂൺകൃഷി പരിശീലനം:** നാലുകോടി യൂണിറ്റിന്റെ നേതൃത്വത്തിൽ തൃക്കൊടിത്താനം കൃഷി ഓഫീസുമായി സഹകരിച്ച് ജൂലൈ 20 നു കൂൺ കൃഷി പരിശീലനം സംഘടിപ്പിച്ചു. കൂൺകൃഷി പരിശീലകൻ സ്കറിയ ജോസഫ് ക്ലാസ്സ് നയിച്ചു. സെക്രട്ടറി സിബിച്ചൻ ഒട്ടത്തിൽ, വൈസ് പ്രസിഡന്റ് സാലിമ്മ ജോസഫ് എന്നിവർ നേതൃത്വം നൽകി. പരിശീലനത്തിൽ പങ്കെടുത്തവർക്ക് കൂൺവിത്തും ആവശ്യമായ അസംസ്കൃത വസ്തുക്കളും വിതരണം ചെയ്തു.

## എസ്.എൽ.സി.എ.

**അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം:** ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ചാസ്, സ്റ്റേറ്റ് ലെവൽ കോഡിനേറ്റിംങ് ഏജൻസി (എസ്.എൽ.സി.എ.), സെന്റ് തെരേസാസ് ഹയർ സെക്കന്ററി സ്കൂൾ വാഴപ്പള്ളി, എസ്.ബി. കോളേജ് ചങ്ങനാശ്ശേരി എന്നിവയുടെ നേതൃത്വത്തിൽ ജൂൺ 25 നു അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു.

സെന്റ് തെരേസാസ് ഹയർ സെക്കന്ററി സ്കൂളിൽനിന്നും മതുമൂല ജംഗ്ഷൻ വരെ നടത്തിയ റാലി ചങ്ങനാശ്ശേരി എം.എൽ.എ. വിനു ജോബ് ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി നർക്കോട്ടിക് ഡി.വൈ.എസ്.പി. അഷാദ് എസ്. ലഹരി വിരുദ്ധ സന്ദേശം നൽകി. ചങ്ങനാശ്ശേരി എക്സൈസ് എസ്.ഐ. ആദർശ് ജി.എൽ. ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, എസ്.എൽ.സി.എ. കോഡിനേറ്റർ ഫാ. ജോസഫ് ചോരേട്ട് ചാമക്കാല, അക്സെപ്റ്റ് ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, പ്രിൻസിപ്പൽ ഷിജി വർഗീസ്, എൻ.എസ്.എസ്. പ്രോഗ്രാം ഓഫിസർ സിനോമോൻ എൻ.ജെ. എന്നിവർ പ്രസംഗിച്ചു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ തെരുവ് നാടകവും ഫ്ളാഷ് മോബും അവതരിപ്പിച്ചു.

ജൂൺ 26 ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി അക്സെപ്റ്റ് കറ്റാനം, പുന്നപ്ര, ഡി–അഡിക്ഷൻ സെന്ററുകളുടെ നേതൃത്വത്തിൽ ഒരാഴ്ച നീണ്ടു നിൽക്കുന്ന ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ജൂലൈ 27നു സമാപന സമ്മേളനം കറ്റാനത്ത് കേരള സംസ്ഥാന എക്സൈസ് വകുപ്പ് മന്ത്രി എം. ലിജുവും പുന്നപ്രയിൽ ആലപ്പുഴ ജില്ലാ കളക്ടർ ഷാജി വി. നായരും ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, എസ്.എൽ.സി.എ. കോഡിനേറ്റർ ഫാ. ജോസഫ് ചോരേട്ട് ചാമക്കാല, അക് സെപ്റ്റ് ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, റവ. ഡോ. എബ്രഹാം മാത്യു എന്നിവർ പ്രസംഗിച്ചു. ചാസ്, സ്റ്റേറ്റ് ലെവൽ കോഡിനേറ്റിംങ് ഏജൻസി എന്നി വയുടെ നേതൃത്വത്തിൽ വിവിധ സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവത്ക്ക രണ ക്ലാസ് സംഘടിപ്പിച്ചു. അക്സെപ്റ്റ് ഐആർസിഎ കോഡിനേറ്റർമാരായ നിധിൻചന്ദ്ര, സച്ചിൻ ജോസ് എന്നിവർ ക്ലാസ് നയിച്ചു.

| *തീയതി* | *സ്കൂൾ* |
|---|---|
| 23.06.2026 | സെന്റ് അൽഫോൻസാ പബ്ലിക് സ്കൂൾ, കുടമാളൂർ |
| 29.06.2026 | സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ്, നെടുംകുന്നം |
| 29.06.2026 | സിസിഎം. ഹയർ സെക്കണ്ടറി സ്കൂൾ, കറിക്കാട്ടൂർ |
| 30.06.2026 | സെന്റ് അലോഷ്യസ് എച്ച്.എസ്.എസ്. അതിരമ്പുഴ |
| 30.06.2026 | സെന്റ് തെരേസാസ് ഗേൾസ് ഹൈസ്കൂൾ, നെടുംകുന്നം |

**ഇന്റർ സ്കൂൾ കോമ്പറ്റീഷൻ:** ജൂൺ 26 ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് എസ്എൽസിഎ യുടെ നേതൃത്വത്തിൽ ഇന്റർ സ്കൂൾ ലഹരി വിരുദ്ധ മാസാച രണ കോമ്പറ്റീഷൻ സംഘടിപ്പിച്ചു. പ്രസംഗമത്സരം, പോസ്റ്റർ ഡിസൈനിംഗ്, ഉപന്യാസം, തെരുവ് നാടകം, മറ്റ് ബോധവത്ക്കരണ പരിപാടികൾ എന്നിവ നടത്തി. പതിനാല് സ്കൂളുകൾ മത്സരത്തിൽ പങ്കെടുത്തു.

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

'കളർ എ ഡ്രീം' പദ്ധതിയിലേക്ക് **2026 ജൂൺ 21** മുതൽ **ജൂലൈ 22** വരെ വിവിധ ഇടവക/സംഘടനകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| | ഇടവക / സംഘടന | തുക |
|---|---|---|
| 1. | ലിറ്റിൽ ഫ്ളവർ - പുന്നവേലി | 200000 |
| 2. | സെന്റ് മാത്യൂസ് - കോട്ടയ്ക്കപ്പുറം | 100000 |
| 3. | സെന്റ് മേരീസ് - കടയനിക്കാട് | 100000 |
| 4. | സെന്റ് മേരീസ് - തേക്കുപാറ | 19000 |

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### സമ്പൂർണ ക്യാൻസർ ചികിത്സാകേന്ദ്രം

ഹോസ്പിറ്റലിൽ സമ്പൂർണ ക്യാൻസർ ചികിത്സാകേന്ദ്രം 'സാങ്റ്റ' (അഡ്വാൻസ്ഡ് നെക്സസ് ഫോർ കംപ്ലീറ്റ് ക്യാൻസർ ട്രീറ്റ്മെന്റ് ആന്റ് ആഫ്റ്റർ കെയർ) ജൂലൈ 21 രാവിലെ 9.30ന് സീറോമലബാർസഭയുടെ മുൻ മേജർ ആർച്ചു ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. സെന്റ് തോമസ് ആശുപത്രിയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഈ ചികിത്സാകേന്ദ്രം 3 ഘട്ടമായി ദക്ഷിണ കേരളത്തിലെ ഏറ്റവും വലിയ ക്യാൻസർ ചികിത്സാ കേന്ദ്രമായി മാറും. ബോധവത്ക്കരണം, പ്രതിരോധ മാർഗ്ഗങ്ങൾ, അന്തർദ്ദേശീയ നിലവാരമുള്ള ചികിത്സയും തുടർചികിത്സയും എന്നിവയ്ക്കുമായി പതിനാറ് ഡിപ്പാർട്ടുമെന്റുകളുടെ സംയുക്ത സംരംഭമാണിത്. ക്യാൻസർ സെന്ററിന്റെ അക്കാദമിക വിഭാഗം 2027ലും റിസർച്ച് സെന്റർ 2030നു ശേഷവും ആരംഭിക്കും. വരും വർഷങ്ങളിൽ പ്രത്യേകമായി ക്രമീകരിച്ച ക്യാൻസർ ബ്ലോക്കിൽ റേഡിയോ തെറാപ്പിക്കുള്ള സൗകര്യം ക്രമീകരിക്കും. സാന്തോം ഓഡിറ്റോയത്തിൽ നടന്ന ചടങ്ങിൽ ഹോസ്പിറ്റൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അധ്യക്ഷതവഹിച്ച യോഗത്തിൽ പ്രശസ്ത സിനിമതാരം ജൂവൽ മേരി മുഖ്യാഥിതിയായിരുന്നു. വിനു ജോബ് എം.എൽ.എ., മുനിസിപ്പൽ ചെയർമാൻ ജോമി കാവാലം, ഹോസ്പിറ്റൽ അസോ. ഡയറക്ടറുമാരായ ഫാ. ജോഷി മുപ്പതിൽചിറ, ഫാ. ജേക്കബ് അത്തിക്കളം, ഫാ. പ്രിൻസ് എതിരേറ്റ് കുടിലിൽ, മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ പ്രൊഫ. ഡോ. എൻ. രാധാകൃഷ്ണൻ, ഡോ. ജൂബി മാത്യു, ഡോ നവീൻ എസ്. നായർ, പോൾ മാത്യു എന്നിവർ പ്രസംഗിച്ചു. ഉദ്ഘാടനത്തിന്റെ ഭാഗമായി ആശുപത്രിയിൽ ക്യാൻസർ രോഗനിർണ്ണയ പാക്കേജുകൾ കുറഞ്ഞ നിരക്കിൽ ലഭ്യമാണ്. റഡിഡൻസ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവയ്ക്കായി സൗജന്യമായി ബോധവത്ക്കരണക്ലാസ്സുകളും ലഘുലേഖ വിതരണവും ക്രമീകരിക്കുന്നുണ്ട്. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 8943353603 നമ്പറിൽ ബന്ധപ്പെടണം. ക്യാൻസർ സെന്ററിന്റെ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നത് ഡോ. നവീൻ എസ്. നായർ, ഡോ. ബോബൻ തോമസ്, ഡോ. ജേക്കബ് കുര്യൻ, ഡോ. ജെൻസി ജോയി, ഡോ. അതുൽ ജെ. ജി., ഡോ. ബ്ലസി ജോൺസ് എന്നിവരടങ്ങിയ മെഡിക്കൽ സംഘമാണ്.

### 'അസന്റ് 26' ദക്ഷിണേന്ത്യൻ വൈദ്യശാസ്ത്ര കോൺഫറൻസ്

സെന്റ് തോമസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് കെയർ ആന്റ് മെഡിക്കൽ എഡ്യൂക്കേഷന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി കോണ്ടൂർ ബാക്ക്വാട്ടർ ആഡിറ്റോറിയത്തിൽ '*അസന്റ് 26*' ദക്ഷിണേന്ത്യൻ വൈദ്യശാസ്ത്ര കോൺഫറൻസ് സംഘടിപ്പിച്ചു. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് പ്രോ വൈസ് ചാൻസിലർ ഡോ. സി. പി. വിജയൻ ഉദ്ഘാടനം നിർവഹിച്ചു. വിവിധ വൈദ്യശാസ്ത്ര വിഭാഗങ്ങളെ സംയോജിപ്പിച്ച് സംഘടിപ്പിക്കുന്ന ഇത്തരം കോൺഫറൻസുകൾ ദക്ഷിണേന്ത്യയിൽ അസാധാരണമെന്നും അതുകൊണ്ടുതന്നെ

ഇത് കാലഘട്ടത്തിന്റെ അനിവാര്യതയെന്നും അദ്ദേഹം സൂചിപ്പിച്ചു. ഹോസ്പിറ്റൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ അസോ. ഡയറക്ടറുമാരായ ഫാ. ജോഷി മൂപ്പതിൽച്ചിറ, ഫാ. ജേക്കബ് അത്തിക്കളം, ഡോ. തോമസ് സഖറിയ, ഡോ. ജിന്നി ജോൺ, ഡോ. നവീൻ എസ്. നായർ, പോൾ മാത്യു എന്നിവർ പ്രസംഗിച്ചു. വിവിധ വിഭാഗങ്ങളിൽ നിന്നായി ഇരുന്നൂറ്റിയമ്പതിലധികം ഡോക്ടേഴ്സ് പങ്കെടുത്തു. കോൺഫറൻസിൽ ഡോ. മുരളി അപ്പുകുട്ടൻ, ഡോ. ദിലീപ് കുമാർ, ഡോ. ഭാഗ്യ എസ്., ഡോ. അഭിജിത്ത് രാധാകൃഷ്ണൻ, ഡോ. ഷിജു സ്റ്റാൻലി, ഡോ. ജൂബി മാത്യു എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. ഡോ. സാംസൻ സാമുവൽ, ഡോ. അരുൺ കുമാർ എ., ഡോ. ലിബി പുഷ്പരാജൻ, ഡോ. ജോർജ് മാത്യു, ഡോ. സുജിത്ത് എം. തോമസ്, ഡോ. അബിൻ വർഗീസ് തോമസ് എന്നിവർ വിവിധ സെഷനുകളിൽ മോഡറേറ്റർമാർ ആയിരുന്നു. വൈദ്യശാസ്ത്ര മേഖലയിൽ സുസ്ത്യർഹമായ സേവനം പൂർത്തിയാക്കിയ പ്രമുഖ വേരിക്കോസ് വെയിൻ സർജൻ ഡോ. എൻ. രാധാകൃഷ്ണൻ, കോട്ടയം എസ്. എച്ച്. മെഡിക്കൽ സെന്ററിലെ ഗൈനക്കോളജിസ്റ്റ് ഡോ. സി. ജെസി എം. ആന്റണി, ആലപ്പുഴ സഹൃദയ ഹോസ്പിറ്റൽ ചീഫ് മെഡിക്കൽ ഓഫീസർ ഡോ. ഹെഡ്ജ് എസ്. നന്ദകുമാർ, ചങ്ങനാശ്ശേരി ജനറൽ ഹോസ്പിറ്റൽ പീഡിയാട്രിഷൻ ഡോ. സേതുലക്ഷ്മി എസ്. എന്നിവരെ ആദരിച്ചു.

**ഹോം ഡേ: 'സാന്തോറിയ'**

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി കുടുംബത്തിന്റെ ഹോം ഡേ ആഘോഷങ്ങൾ വിപുലമായി സംഘടിപ്പിച്ചു. ജൂലൈ 2നു ജലസേചന വകുപ്പ് മന്ത്രി മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു. ആർച്ചുബിഷപ് മാർ തോമസ് തറയിൽ, മുൻ അതിരൂപത അധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം, പെരിയ ബഹു. വികാരി ജനറാളുമാർ, വിനു ജോബ് എം.എൽ.എ., റെജി ചെറിയാൻ എം.എൽ.എ. തുടങ്ങി രാഷ്ട്രീയ സാമൂഹിക രംഗത്തെ പ്രമുഖർ പ്രസംഗിച്ചു പരിപാടിയുടെ ഭാഗമായി വിവിധ കലാപരിപാടികളും സ്നേഹവിരുന്നും സംഘടിപ്പിച്ചു.

**'സമരിറ്റൻ മീറ്റ്'**

സ്നേഹത്തിന്റെയും കരുണയുടെയും സന്ദേശവുമായി ജൂലൈ 24ന് ഇടവകയിലെ പാലിയേറ്റീവ് കെയർ പ്രവർത്തകർക്കായി 'സമരിറ്റൻ മീറ്റ് 2026' സംഘടിപ്പിച്ചു. പാലിയേറ്റീവ് കെയർ വോളണ്ടിയർമാർക്കായി സേവനമൂല്യവും കരുതലിന്റെ ശക്തിയും പങ്കുവെക്കുന്ന ക്ലാസുകളും പരിശീലന സെഷനുകളും പ്രസ്തുത പരിപാടിയുടെ ഭാഗമായിരുന്നു.

**ഫാ. ഗ്രിഗറി പരുവപ്പറമ്പിൽ സ്മാരക ക്വിസ് മത്സര വിജയികൾ**

ചെത്തിപ്പുഴ സെന്റ് തോമസ് കോളജ് ഓഫ് നഴ്സിംഗ് സ്ഥാപക ഡയറക്ടർ ഫാ. ഗ്രിഗറി പരുവപ്പറമ്പിലിന്റെ അനുസ്മരണാർത്ഥം ജൂലൈ ഒന്നിന് സംഘടിപ്പിച്ച സംസ്ഥാനതല ക്വിസ് മത്സരം സാന്തോം ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. 26 ടീമുകൾ പങ്കെടുത്ത ക്വിസ് മത്സരത്തിൽ കോതമംഗലം സെന്റ് ജോസഫ് കോളജ് ഓഫ് നഴ്സിങ് വിദ്യാർഥികളായ അൽക്ക ബിനോ, ഫർസീന ഫൈസൽ എന്നിവർ ഒന്നാം സമ്മാനം കരസ്ഥമാക്കി.

## നഴ്സിങ് കോളേജിന് വിജയം

സ്റ്റുഡന്റ് നേഴ്സസ് അസോസിയേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'ധ്രുവ 2026' സൗത്ത് ഈസ്റ്റ് സോൺ ആർട്സ് ഫെസ്റ്റിവൽ മൗണ്ട് സിയോൺ മെഡിക്കൽ കോളേജിൽ ജൂലൈ 17,18 തീയതികളിൽ നടത്തപ്പെട്ടു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലെ 38 കോളേജുകളിൽ നിന്നുള്ള വിദ്യാർഥികൾ വിവിധ കലാമത്സരങ്ങളിൽ പങ്കെടുത്തു. പ്രസ്തുത മത്സരങ്ങളിൽ ചെത്തിപ്പുഴ സെന്റ് തോമസ് കോളേജ് ഓഫ് നഴ്സിങ് വിദ്യാർഥികൾ ഫസ്റ്റ് റണ്ണറപ്പ് നേടി.

# ഇൻഫന്റ് ജീസസ് ഹോസ്പിറ്റൽ മണിമല

## സി ടി സ്കാൻ & അൾട്ര സൗണ്ട് ഉദ്ഘാടനം

ഇൻഫന്റ് ജീസസ് ഹോസ്പിറ്റൽ, മണിമലയിൽ പുതുതായി സജ്ജീകരിച്ച അത്യാധുനിക CT Scan & Ultrasound വിഭാഗങ്ങളുടെ ഉദ്ഘാടനവും വെഞ്ചരിപ്പും ജൂൺ 28നു ചങ്ങനാശേരി അതിരൂപതാധ്യക്ഷൻ ആർച്ചുബിഷപ് മാർ തോമസ് തറയിൽ നിർവഹിക്കുകയും അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. കേരള സംസ്ഥാന ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി അനൂപ് ജേക്കബ് പുതിയ റേഡിയോളജി വിഭാഗങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു. കാഞ്ഞിരപ്പള്ളി എം.എൽ.എ. റോണി കെ. ബേബി മുഖ്യാതിഥിയായി ചടങ്ങിൽ പങ്കെടുത്തു. ആധുനിക സാങ്കേതികവിദ്യയും കരുതലോടെയുള്ള ചികിത്സയും സമന്വയിപ്പിച്ച്, ജനങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിച്ചുകൊണ്ട് മികച്ച ആരോഗ്യസേവനങ്ങൾ നൽകാനുള്ള ഞങ്ങളുടെ പ്രതിബദ്ധതയുടെ സുപ്രധാന നാഴികക്കല്ലാണ് ഈ പുതിയ സംരംഭം.

## രക്തദാന ക്യാമ്പ്

ഇൻഫന്റ് ജീസസ് ഹോസ്പിറ്റൽ, മണിമലയുടെ ആഭിമുഖ്യത്തിൽ യുവദീപ്തി-എസ്.എം.വൈ.എം. മണിമല ഫൊറോനയുടെ സഹകരണത്തോടെ ജൂൺ 26നു സംഘടിപ്പിച്ച രക്തദാനക്യാമ്പ് ശ്രദ്ധേയമായ ജനപങ്കാളിത്തത്തോടെ നടന്നു. ഇൻഫന്റ് ജീസസ് ഹോസ്പിറ്റൽ അസോസിയേറ്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) ഫാ. ജോസ് പുത്തൻചിറ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ യുവദീപ്തി-എസ്.എം.വൈ.എം. മണിമല ഫൊറോന ഡയറക്ടർ ഫാ. ബിനീഷ് എറത്തേടം ആമുഖപ്രഭാഷണം നടത്തി. യുവദീപ്തി-എസ്.എം.വൈ.എം. മണിമല ഫൊറോന പ്രസിഡന്റ് ലിനോ ലാൽ അധ്യക്ഷത വഹിച്ചു.

**ഫാ. ജയിംസ് കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടർമാർ)*

## പിതൃദിനാഘോഷം

ജൂൺ 21ന് അന്താരാഷ്ട്ര പിതൃദിനത്തിന്റെ ഭാഗമായി ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ പോസ്റ്റർ മേക്കിങ് കോമ്പറ്റീഷൻ നടത്തുകയുണ്ടായി. അച്ഛനെക്കുറിച്ചുള്ള വർണ്ണനകൾ അടങ്ങിയ പോസ്റ്റർ സ്വയം നിർമ്മിക്കുക എന്നതായിരുന്നു മത്സരം. നിരവധി സ്റ്റാഫുകൾ പങ്കെടുത്ത മത്സരത്തിൽ വിജയികളെ ഹോം ഡേയിൽ ആകർഷകമായ സമ്മാനങ്ങൾ നൽകി ആദരിക്കും.

## അന്താരാഷ്ട്ര യോഗ ദിനം

ജൂൺ 21ന് അന്താരാഷ്ട്ര യോഗദിനത്തോടനുബന്ധിച്ച് ശ്വാസം ആധാരവും മനസ്സ് അഭയസ്ഥലവും ആകുന്നു എന്ന സന്ദേശവുമായി ഡോക്ടർമാരും സ്റ്റാഫുകളും രോഗികളും അടക്കം അനവധി ആളുകൾ പങ്കെടുത്ത പരിപാടിയിൽ വിവിധ യോഗാസനങ്ങളും പ്രാണായാമവും അഭ്യസിപ്പിച്ചു. ശാരീരികവും മാനസികവുമായ ആരോഗ്യത്തെ പ്രോത്സാഹിപ്പിക്കുന്ന യോഗയുടെ പ്രാധാന്യം സംബന്ധിച്ചുള്ള ആരോഗ്യ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ഹോസ്പിറ്റൽ ഡയറക്ടർ തോമസ് മാളിയേക്കൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു.

## അന്താരാഷ്ട്ര ഡോക്ടേഴ്സ് ഡേ

ജൂലൈ ഒന്നിന് അന്താരാഷ്ട്ര ഡോക്ടേഴ്സ് ഡേ ആഘോഷിച്ചു. രോഗികളുടെ സൗഖ്യത്തിനായി പ്രവർത്തിക്കുന്ന ഹോസ്പിറ്റലിലെ ഡോക്ടേഴ്സിനെ ആദരിക്കുവാനായി ചേർന്ന യോഗത്തിൽ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ മുഖ്യസന്ദേശം നൽകുകയും ഡോക്ടർമാരെ ആദരിക്കുകയും ചെയ്തു. ചടങ്ങിൽ സഹൃദയ ഇൻചാർജുമാരും സ്റ്റാഫ് അംഗങ്ങളും ചേർന്ന് സ്നേഹാദരങ്ങൾ അർപ്പിക്കുകയും നന്ദി പ്രകാശിപ്പിക്കുന്നതിന് ഉപഹാരങ്ങൾ സമ്മാനിക്കുകയും ചെയ്തു.

## നാമഹേതുക തിരുനാൾ

ജൂലൈ മൂന്നിന് എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കലിന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. ഹോസ്പിറ്റൽ കോൺഫറൻസ് ഹാളിൽ ഒത്തുചേർന്ന ചടങ്ങിൽ ഡോക്ടേഴ്സിന്റെയും ഹോസ്പിറ്റൽ ഇൻ ചാർജുമാരുടെയും മറ്റു സ്റ്റാഫുകളുടെയും സാന്നിധ്യത്തിൽ അസി. എക്സി. ഡയറക്ടർമാരായ ഫാ. ആന്റണി പെരുമ്പള്ളിത്തറ, ഫാ. ചാക്കോ ഇടമുറിയിൽ തുടങ്ങിയവർ സ്നേഹാശംസകൾ അറിയിച്ചു. മുഴുവൻ സ്റ്റാഫിന്റെയും പ്രതിനിധിയായി ചീഫ് മെഡിക്കൽ ഓഫീസർ ഡോ. കെ. പി. ഹെഗ്ഡെ അച്ചന് ആശംസകൾ നേർന്നു. നാളിതുവരെയുള്ള അച്ചന്റെ പ്രവർത്തനവഴികൾ അടങ്ങിയ വീഡിയോയും പ്രദർശിപ്പിച്ചു. തുടർന്ന് ഭക്ഷണവിരുന്നും ഒരുക്കി.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
**ഫാ. ചാക്കോ ഇടമുറിയിൽ**
*(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർമാർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

# പ്രവാസി അപ്പോസ്തലേറ്റ്

സ്നേഹം നിറഞ്ഞ പ്രവാസിസഹോദരങ്ങളെ,

ഭാരതസഭയുടെ പ്രഥമ വിശുദ്ധയായ വി. അൽഫോൻസാമ്മയുടെയും (ജൂലൈ 28) വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെയും (ആഗസ്റ്റ് 4) പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും (ആഗസ്റ്റ് 15) പ്രാർഥനകളും മംഗളങ്ങളും ഇന്ത്യയുടെ 80-ാമത് സ്വാതന്ത്ര്യദിനത്തിന്റെ ആശംസകളും ഏറ്റവും സ്നേഹത്തോടെ അറിയിക്കുന്നു.

യു.എ.ഇ. ചാപ്റ്ററിന്റെ എക്സിക്യൂട്ടിവ് കമ്മിറ്റി മീറ്റിങ് ജൂൺ 21-ാം തീയതി രാത്രി എട്ടുമണിക്ക് ഓൺലൈനിൽ നടത്തുകയുണ്ടായി. യു.എ.ഇ. എക്സിക്യൂട്ടിവ് കമ്മിറ്റി അംഗമായും കോർഡിനേറ്ററായും കഴിഞ്ഞ അഞ്ചു വർഷക്കാലം പ്രവർത്തിച്ചുകൊണ്ടിരുന്ന ജോർജ് മീനത്തെക്കോണിലിന്റെ അനാരോഗ്യം പരിഗണിച്ച് എക്സിക്യൂട്ടിവ് അംഗമായിരുന്ന ബിനു ജോണിനെ യു.എ.ഇ. ചാപ്റ്റർ കോർഡിനേറ്ററായി നിയമിച്ചു. ഫലപ്രദമായ ചികിത്സയ്ക്കുശേഷം പൂർണ്ണ ആരോഗ്യവാനായി നമ്മുടെ പ്രവർത്തനങ്ങളിലേക്ക് വേഗം തിരികെ വരാൻ ജോർജ് മീനത്തെക്കോണിലിന് സാധിക്കട്ടെ എന്ന് പ്രാർഥിക്കുന്നു. അതോടൊപ്പം കഴിഞ്ഞ നാളുകളിൽ അദ്ദേഹം നൽകിയ എല്ലാ പ്രവർത്തനങ്ങൾക്കും പ്രവാസി അപ്പോസ്തലേറ്റിന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ഏറ്റെടുത്ത പുതിയ കർത്തവ്യം വിജയകരമായും ഭംഗിയായും മുന്നോട്ടു കൊണ്ടുപോകാൻബിനു ജോണിന് സാധിക്കട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(ഡയറക്ടർ)*

**ഓഫീസ് സമയം – രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ – 9207470117/ 8089920614 (നോർക്ക ഹെൽപ്പ് ഡെസ്ക്)**

# കത്തോലിക്കാ കോൺഗ്രസ് (AKCC)

## നേതൃസംഗമം

അതിരൂപത എക്സിക്യൂട്ടിവ് കമ്മിറ്റി അംഗങ്ങൾ, വിവിധ കൗൺസിലുകളുടെ ജനറൽ കോ-ഓർഡിനേറ്റേഴ്സ് എന്നിവരുടെ സംയുക്തസംഗമം ജൂലൈ 14നു സന്ദേശനിലയം ഹാളിൽ നടത്തപ്പെട്ടു. അതിരൂപത ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ഉദ്ഘാടനം ചെയ്ത നേതൃയോഗത്തിൽ അതിരൂപത പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ അധ്യക്ഷനായിരുന്നു. എക്സലൻഷ്യ സീസൺ 5 ക്വിസ് മത്സരം, ഗ്ലോബൽ സമ്മേളനം, ഫൊറോന- യൂണിറ്റ് മീറ്റിങ്ങുകൾ തുടങ്ങിയവയ്ക്ക് അന്തിമ രൂപം നൽകി. പ്രസ്തുത സംഗമത്തിൽ പ്രസിഡന്റ് ബിജു സെബാസ്റ്റ്യനെ അതിരൂപത പാസ്റ്ററൽ കൗൺസിലിലേക്കുള്ള കത്തോലിക്കാ കോൺഗ്രസ് പ്രതിനിധി ആയി തെരഞ്ഞെടുത്തു.

## ഭാരവാഹികളുടെ യോഗം

അതിരൂപതാസമിതിയുടെ 2024-27 വർഷത്തെ ഭാരവാഹികളുടെ മീറ്റിങ് ജൂൺ 19ന് അതിരൂപത ഓഫീസിൽ നടത്തപ്പെട്ടു. അതിരൂപത ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ഉദ്ഘാടനം ചെയ്ത നേതൃയോഗത്തിൽ അതിരൂപത പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ അധ്യക്ഷനായിരുന്നു. നടത്തിയ പരിപാടികളുടെ വിശകലനം, തുടർപരിപാടികളുടെ രൂപീകരണം തുടങ്ങിയവ സമ്മേളനത്തിന്റെ ഭാഗമായി നടന്നു.

## എക്സിക്യൂട്ടിവ് കമ്മിറ്റി ഓൺലൈൻ മീറ്റിങ്

അതിരൂപതാസമിതിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ ഓൺലൈൻ മീറ്റിങ് ജൂലൈ രണ്ടിന് ഓൺലൈനായി കൂടുകയുണ്ടായി. അതിരൂപത പ്രസിഡന്റ് ബിജു സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എക്സലൻഷ്യ സീസൺ 5 ക്വിസ് മത്സര നടത്തിപ്പിനുവേണ്ട കാര്യങ്ങൾക്ക് തീരുമാനമെടുത്തു.

## പ്രതികരണം

എയ്ഡഡ് സ്കൂളുകളിലെ അധ്യാപക-അനധ്യാപക തസ്തികകളിലെ താത്കാലിക നിയമനം ഇനി മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാകണമെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ള പൊതു വിദ്യാഭ്യാസ റീജണൽ ഡെപ്യൂട്ടി ഡയറക്ടർ പുറത്തിറക്കിയ RDDHSE/443/29/2026-A1 dt 15/07/26 ലെ ഉത്തരവ് അടിയന്തരമായി പിൻവലിക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ് അതിരൂപതാസമിതി ആവശ്യപ്പെട്ടു.

വിദ്യാഭ്യാസ മേഖലയിൽ കാലാകാലങ്ങളായി നടന്നു വരുന്ന നിയമന രീതിയിലെ മാനേജ്മെന്റുകളുടെ പങ്കാളിത്തം ഒഴിവാക്കുവാനുള്ള ശ്രമം പ്രതിഷേധാർഹമാണെന്നും കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപത മുന്നറിയിപ്പ് നൽകി.

മാനേജ്മെന്റിലെ എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനത്തിനുള്ള അവകാശം അതതു മാനേജ്മെന്റുകൾക്കാണെന്നു കോടതി പലവട്ടം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ് എന്നും ഇതിനു വിരുദ്ധമായിട്ടാണ് ഇപ്പോൾ വിദ്യാഭ്യാസവകുപ്പ് നിർദേശം പുറപ്പെടുവിച്ചിരിക്കുന്നത്, ഇത് നിയമവിരുദ്ധമാണ് തിരുത്തുവാൻ ഉത്തരവാദിത്തപ്പെട്ടവർ തയ്യാറാകണമെന്നും കത്തോലിക്കാ കോൺഗ്രസ് മുന്നറിയിപ്പ് നൽകി. പ്രസ്തുത വിഷയത്തിൽ പ്രതികരണം അറിയിച്ച് ജൂലൈ 22നു പത്രദ്വാര വാർത്ത നൽകുകയും ചെയ്തു.

### ഗ്ലോബൽ വർക്കിങ് കമ്മിറ്റി, പ്രതിനിധി സഭ

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ വർക്കിങ് കമ്മിറ്റി, പ്രതിനിധിസഭ എന്നിവ ജൂൺ 26ന് എറണാകുളം പി.ഒ.സി. യിൽ നടത്തപ്പെട്ടു അതിരൂപതയിൽ നിന്നുള്ള വർക്കിംഗ് കമ്മിറ്റി അംഗങ്ങളും പ്രതിനിധി സഭാംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു.

### സഭാ ദിനം

സീറോമലബാർ സഭാദിനത്തോടനുബന്ധിച്ച് ജൂലൈ 3 വെള്ളിയാഴ്ച കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ച സഭാദിനത്തിൽ അതിരൂപതയിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

### തുടർപരിപാടികൾ

#### ഫൊറോനാ കൺവെൻഷനുകൾ

കത്തോലിക്കാ കോൺഗ്രസിന്റെ ഫൊറോനാതല കൺവെൻഷനുകൾ ജൂലൈ 26 മുതൽ സെപ്റ്റംബർ 13 വരെയുള്ള ഞായറാഴ്ചകളിൽ വിവിധ ഫൊറോനാ കേന്ദ്രങ്ങളിൽ നടത്തപ്പെടും. യൂണിറ്റിലെ മുഴുവൻ ഭാരവാഹികളും ഫൊറോനാ ഭാരവാഹികളും അതിരൂപതാ ഭാരവാഹികളും കൺവെൻഷനിൽ പങ്കെടുക്കും.

#### വിശാല നേതൃത്വ സമ്മേളനം

കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, ഫൊറോന പ്രസിഡന്റ്, ജനറൽ സെക്രട്ടറി, അതിരൂപത എക്സിക്യൂട്ടിവ് കമ്മിറ്റിയംഗങ്ങൾ എന്നിവർ പങ്കെടുക്കുന്ന വിശാല നേതൃസമ്മേളനം ഓഗസ്റ്റ് 9 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ സന്ദേശനിലയം ഹാളിൽ നടത്തപ്പെടും.

#### നാഷണൽ കോൺഫറൻസ്

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽസമിതിയുടെ നേതൃത്വത്തിൽ മുംബൈയിൽ ഓഗസ്റ്റ് 1, 2 തീയതികളിൽ സംഘടിപ്പിക്കുന്ന നാഷണൽ കോൺഫറൻസിൽ അതിരൂപതാ പ്രതിനിധികളായി 11 അംഗങ്ങൾ പങ്കെടുക്കും.

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

# കേരള ലേബർ മൂവുമെന്റ്
# (KLM)

## പുതിയ യൂണിറ്റ്

ജൂലൈ അഞ്ചിനു നെടുങ്കുന്നം ഫൊറോന യൂണിറ്റിൽ സെന്റ് ജോൺസ് എസ്.എച്ച്.ജി. രൂപീകരിച്ചു. വികാരി ഫാ. വർഗീസ് കൈതപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., നെടുങ്കുന്നം ഫൊറോന കോഡിനേറ്റർ പി. എം. ജോസഫ് എന്നിവർ പങ്കെടുത്തു.

## പുതിയ സംഘം

ജൂലൈ 13നു നെടുങ്കുന്നം ചമ്പക്കര യൂണിറ്റിൽ സെന്റ് ജോസഫ് എസ്. എച്ച്.ജി. രൂപീകരിച്ചു. വികാരി ഫാ. സക്കറിയ കരിവേലിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു. അസി. വികാരി ഫാ. ജേക്കബ് പടമറ്റം, ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ജോയിന്റ് സെക്രട്ടറി ഷാജി കോര, നെടുങ്കുന്നം ഫൊറോന കോഡിനേറ്റർ പി. എം. ജോസഫ് എന്നിവർ പങ്കെടുത്തു.

## കെ.എൽ.എം. യൂണിറ്റ് വാർഷികങ്ങൾ

കെ.എൽ.എം. കുറുമ്പനാടം അസംപ്ഷൻ യൂണിറ്റിന്റെ വാർഷികം ജൂൺ 28നു നടത്തപ്പെട്ടു. വികാരി ഫാ. ജോസ് കൊച്ചുപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എൽ.എം. ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം നിർവഹിച്ചു. ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ജോയിന്റ് സെക്രട്ടറി ഷാജി കോര, കുറുമ്പനാടം ഫൊറോന കോർഡിനേറ്റർ കെ. ഡി. ചാക്കോ, ഫൊറോന സെക്രട്ടറി റെനി കുര്യാക്കോസ്, ഫൊറോന ട്രഷറർ സിനു ഫിലിപ്പ് എന്നിവർ പങ്കെടുത്തു.

കെ.എൽ.എം. കോട്ടയം കൂരോപ്പട യൂണിറ്റിന്റെ വാർഷികം ജൂലൈ 07നു നടത്തപ്പെട്ടു. വികാരി ഫാ. തോമസ് കാരക്കാട് അദ്ധ്യക്ഷതവഹിച്ചു. ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം നിർവഹിച്ചു. ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ജോയിന്റ് സെക്രട്ടറി ഷാജി കോര, കോട്ടയം ഫൊറോന കോർഡിനേറ്റർ ടോമി തോമസ്, യൂണിറ്റ് കോർഡിനേറ്റർ ബിജു കെ. ജെ. എന്നിവർ പങ്കെടുത്തു.

കെ.എൽ.എം. തൃക്കൊടിത്താനം യൂണിറ്റിന്റെ വാർഷികം ജൂലൈ 12നു നടത്തപ്പെട്ടു. വികാരി ഫാ. സെബാസ്റ്റ്യൻ പുന്നശേരി അദ്ധ്യക്ഷതവഹിച്ചു. ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് കോഡിനേറ്റർ ജോസഫ് ജോൺ എന്നിവർ പങ്കെടുത്തു.

## കർഷക തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് അർബൊന, പുല്ലുവെട്ടി വിതരണം

Empower Craft Project ന്റെ ഭാഗമായി കർഷക തൊഴിലാളി ക്ഷേമനിധിയിൽ

അംഗങ്ങളായി ജോലി ചെയ്യുന്നവരുടെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുവാനാ യുള്ള അർബാന, പുല്ലുവെട്ടി വിതരണ ഉദ്ഘാടനം ജൂലൈ 13നു ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ നിർവ്വഹിച്ചു. ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ. സ്വാഗതവും ജോയിന്റ് സെക്രട്ടറി ഷാജി കോര നന്ദിയും അർപ്പിച്ചു. തുരുത്തി ഫൊറോന സെക്രട്ടറി റോസമ്മ കെ. റ്റി. പങ്കെടുത്തു.

## ആദരാഞ്ജലികൾ

നാലുകോടി മദർ തെരേസ സംഘാംഗം വർഗീസ് തോമസ് കുളങ്ങര, തുരുത്തി സെന്റ് അൽഫോൻസാ സംഘാംഗം കുഞ്ചറിയ കെ. അരയശ്ശേരി, കുറുമ്പനാടം സെന്റ് തോമസ് സംഘാംഗം സജി ജോസഫ് ചെറിയമുക്കട, ചീരഞ്ചിറ സെന്റ് തോമസ് സംഘാംഗം മനോജ് എം. സി. മറ്റപ്പറമ്പിൽ, പറാൽ സെന്റ് ആന്റണീസ് സംഘാംഗം ആന്റണി റ്റി. പാറത്തറ എന്നിവരുടെ നിര്യാ ണത്തിൽ കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും നേരുന്നു.

**സെബാസ്റ്റ്യൻ പി. ജെ.**
*(ജനറൽ സെക്രട്ടറി)*

**ഫാ. ജോസഫ് ചമ്പക്കുളത്തിൽ**
*(ഡയറക്ടർ)*

# ദളിത് കത്തോലിക്കാ മഹാജനസഭ
# (DCMS)

## മെറിറ്റ് ഡേ

2025–2026 അദ്ധ്യയനവർഷം SSLC, PLUS TWO, DEGREE, PG മറ്റു കോഴ്സുകൾ പാസ്സായ ദലിത് കത്തോലിക്കാ വിദ്യാർഥികൾക്ക് ഡി.സി.എം.എസ്.ന്റെയും അഭി. മാർ ജോസഫ് പവ്വത്തിൽ ഫൗണ്ടേഷന്റെയും സഹകരണത്തോടുകൂടി സ്കോളർഷിപ്പ് വിതരണവും ആദരിക്കലും ജൂലൈ 25നു പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. ഇതോടൊപ്പം 2024–2025 വർഷത്തെ KCBC/ SC/ BC കമ്മീഷൻ അനുവദിച്ച സ്കോളർഷിപ്പ് വിതരണം ചെയ്തു. അഭി. മാർ തോമസ് തറയിൽ പിതാവ്, ബഹു. മന്ത്രി മോൻസ് ജോസഫ്, ഫൗണ്ടേഷൻ പ്രതിനിധി ഡോ. റൂബിൾ രാജ്, അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട്, KCBC/SC/BC കമ്മീഷൻ സെക്രട്ടറി തുടങ്ങിയവർ പങ്കെടുത്ത സമ്മേളനത്തിൽ സ്കോളർഷിപ്പിന് അർഹരായ വിദ്യാർഥികളും മാതാപിതാക്കളും ഡി.സി.എം.എസ്. യൂണിറ്റ്, ഫൊറോന, അതിരൂപതാ കമ്മറ്റിയംഗങ്ങളും പങ്കെടുത്തു.

## നീതിഞ്ഞായർ ദിനാചരണം

ഓഗസ്റ്റ് 16നു നീതിഞ്ഞായർ ഐക്യദാർഢ്യ ദിനാചരണവും KCBC /SC /BC കമ്മീഷനേയും കേരളത്തിലെ വിവിധ രൂപതാ പ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ട് ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ദളിത് ക്രൈസ്തവ വിഷയത്തിൽ സിമ്പോസിയവും 16–ാം തീയതി 10.30 മുതൽ ചങ്ങനാശ്ശേരിയിൽ നടക്കും.

ഈശോയിൽ സ്നേഹപൂർവം,

**ഡോ. സിജോ ജേക്കബ്**
*(പ്രസിഡന്റ്)*

**ഫാ. ജോസഫ് കുഴിയടിയിൽ**
*(ഡയറക്ടർ)*

**മാത്യു ജോസഫ്**
*(സെക്രട്ടറി)*

**NB:** ഓഗസ്റ്റ് 16നു രാവിലെ ഡി.സി.എം.എസ്. യൂണിറ്റ് പ്രവർത്തിക്കുന്ന എല്ലാ ഇടവകകളിലും ഡി.സി.എം.എസ്. പതാക ഉയർത്തി നീതിഞ്ഞായർ ദിന ഐക്യദാർഢ്യ സന്ദേശം നൽകേണ്ടതാണ്. യൂണിറ്റ്, ഫൊറോന ഭാരവാഹികൾ ബഹു. ഇടവക ഡയറക്ടറച്ചനോട് (വികാരി) സഹകരിച്ച് ഇതിനു വേണ്ട ക്രമീകരണങ്ങൾ നടത്തണമെന്ന് അറിയിക്കുന്നു.

"സമാധാനം-സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയ സഹോദരങ്ങളെ,

അതിരൂപത എക്സിക്യുട്ടിവ് കമ്മിറ്റി മെയ് 29നു ഗത്സമനി ആശ്രമത്തിൽ അതിരൂപത സ്പിരിചൽ അസിസ്റ്റന്റിന്റെ അദ്ധ്യക്ഷതയിൽ യോഗം കൂടി. മെയ് 22നു നടത്തപ്പെട്ട അതിരൂപതാ വാർഷികാചരണത്തിന്റെ വിലയിരുത്തൽ യോഗം നടത്തി. ട്രഷറർ ബ്രദർ മാത്യു കാനാട്ട് വാർഷികാചരണത്തിന്റെ കണക്കുകൾ അവതരിപ്പിച്ചു. ഫ്രാൻസിസ്കൻ ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള കർമ്മ പരിപാടികൾ യോഗം ചർച്ച ചെയ്തു.

## റീജൻ കൗൺസിൽ സമ്മേളനങ്ങൾ

4 റീജനുകളുടെ കൗൺസിൽ സമ്മേളനങ്ങൾ നടത്തപ്പെട്ടു.

**വാഴപ്പള്ളി** റീജൻ കൗൺസിൽ, മെയ് 31നു ഗത്സമനി ആശ്രമത്തിൽ റീജൻ മിനിസ്റ്റർ പ്രമോദ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടി. യൂദാപുരത്തു നടത്തപ്പെട്ട റീജൻ സമ്മേളനത്തെ യോഗം വിലയിരുത്തി. എല്ലാ ഭ്രാതൃത്വങ്ങളിൽ നിന്നുമുള്ള അംഗങ്ങളുടെ സജീവ സാന്നിദ്ധ്യത്തെ യോഗം പ്രശംസിച്ചു. റീജൻ ട്രഷറർ ബ്രദർ മാത്യു കാനാട്ട് അവതരിപ്പിച്ച റീജൻ അംഗത്വ രജിസ്റ്റർ ബുക്കിന്റെ വിവരശേഖരണം യോഗം വിലയിരുത്തി.

**എടത്വ** റീജൻ കൗൺസിൽ, ജൂൺ 3നു മുട്ടാർ സെന്റ് ജോർജ് ഇടവകയിൽ നടത്തപ്പെട്ടു. റീജൻ മിനിസ്റ്റർ ബ്രദർ സാബു കരിക്കമ്പള്ളി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റീജൻ സമ്മേളനത്തിന്റെ കണക്ക് ട്രഷറർ സഹോദരി അന്നമ്മ ഫിലിം ചാമക്കാലായിൽ അവതരിപ്പിച്ചു. ഫ്രാൻസിസ്ക്കൻ ജൂബിലി വർഷത്തിൽ ഭ്രാതൃത്വങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ യോഗം തീരുമാനിച്ചു.

**കുട്ടനാട്** റീജൻ കൗൺസിൽ, ജൂൺ 4നു തെക്കേക്കര സെന്റ് ജോർജ് പാരിഷ് ഹാളിൽ റീജൻ മിനിസ്റ്റർ ബ്രദർ ആന്റപ്പൻ ഓട്ടോക്കാരന്റെ അദ്ധ്യക്ഷതയിൽ മീറ്റിങ് വിളിച്ചുകൂട്ടി. റീജൻ സമ്മേളനത്തിന്റെ കണക്ക് യോഗത്തിൽ അവതരിപ്പിച്ചു. ജൂബിലി വർഷത്തിൽ ഫ്രാൻസിസ്ക്കൻ ചൈതന്യത്തിൽ വളരേണ്ടതിന്റെ ആവശ്യകതയും പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതിന്റെ ആവശ്യകതയും സ്പിരിചൽ അസിസ്റ്റന്റ് ഓർമ്മിപ്പിച്ചു.

**കുറുമ്പനാടം** റീജൻ കൗൺസിൽ ജൂൺ 4നു മായപ്പള്ളി ലിറ്റിൽ ഫ്ളവർ ഇടവകയിൽ റീജൻ മിനിസ്റ്റർ ബ്രദർ അലക്സ് വലിയപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ചുകൂട്ടി. സെക്രട്ടറി സഹോദരി എത്സമ്മ മരങ്ങാട് റിപ്പോർട്ട് വായിക്കുകയും ട്രഷറർ ബ്രദർ ജോസഫ് വർഗീസ് കണക്ക് അവതരിപ്പിക്കുകയും ചെയ്തു. ഫ്രാൻസിസ്ക്കൻ വർഷത്തിൽ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാൻ യോഗം തീരുമാനിച്ചു.

**വി. സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. അലക്സ് വാച്ചാപറമ്പിൽ ഒ.എഫ്.എം. കപ്പൂച്ചിൻ**
*(സ്പിരിചൽ അസ്സിസ്റ്റന്റ്)*

# വിൻസെൻഷ്യൻ വേദി
## (SSVP)

*ഓരോരുത്തരും തനിക്കു കിട്ടിയ ദാനത്തെ, ദൈവത്തിന്റെ വിവിധ ദാനങ്ങളുടെ ഉത്തമനായ കാര്യസ്ഥനെന്ന നിലയിൽ മറ്റെല്ലാവർക്കും വേണ്ടി ഉപയോഗിക്കട്ടെ* (1 പത്രോസ് 4:10).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളെ,

നമ്മുടെ രാഷ്ട്രത്തിന്റെ 79-ാം സ്വാതന്ത്ര്യദിനവും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളും ആഘോഷിക്കുന്ന ദിവസമാണല്ലോ ആഗസ്റ്റ് 15. തിരുസഭ വളരെയേറെ പ്രാധാന്യം നൽകുന്ന ഒന്നാണ് പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാൾ. ഫുൾട്ടൻ ജെ. ഷീൻ പിതാവ് ഇപ്രകാരം പറയുന്നു: ''ആത്മാക്കളുടെ ഉയിർപ്പും നിത്യജീവിതത്തിലുള്ള നമ്മുടെ പ്രത്യാശയും ഈ തിരുനാൾ നമുക്കു വ്യക്തമാക്കിത്തരുന്നു. മരണഭയത്തിനുള്ള മറുപടിയാണ് അമ്മയുടെ സ്വർഗ്ഗാരോപണം. ശരീരത്തിനു ദൈവം മൂല്യം നൽകുന്നു. ശരീരം ഉപേക്ഷിക്കപ്പെടുന്നില്ല. അതു രക്ഷിക്കപ്പെടുകയും മഹത്വപ്പെടുകയും ചെയ്യുന്നു.'' ഉത്ഭവപാപത്തിൽ നിന്ന് അവൾ സംരക്ഷിക്കപ്പെട്ടു എങ്കിൽ അവളുടെ ശരീരം അഴുകാൻ സാധിക്കുകയില്ല. നമുക്കു സ്ഥലമൊരുക്കാൻ തന്റെ പുത്രന്റെ പിന്നാലെ അമ്മയും പോയിരിക്കുന്നു. ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും വഴിയിലൂടെ ഒരുക്കപ്പെട്ട സ്ഥലത്ത് എത്തിച്ചേരുക എന്നതാണല്ലോ നമ്മുടെ ലക്ഷ്യം. അമ്മയുടെ മാതൃക അതിനു നമ്മെ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

പരസ്നേഹ പ്രവൃത്തികൾ ഉദാത്തമായ മാതൃകയായ കൽക്കത്തയിലെ വി. മദർ തെരേസയുടെ തിരുനാൾ ദിനമാണല്ലോ സെപ്റ്റംബർ 5. മിശിഹായോടുള്ള സ്നേഹത്താൽ പ്രേരിതയായി ഈ മിഷനറി സന്യാസിനി നടത്തിയ ഉപവി പ്രവർത്തനങ്ങൾക്കു തുല്യം വയ്ക്കാൻ മറ്റൊരു ശുശ്രൂഷയും ഈ നാട്ടിൽ ഉണ്ടായിട്ടില്ല. ലോകം ഈ ശുശ്രൂഷകളെ അത്ഭുതത്തോടെ കാണുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ തങ്ങൾക്കാവാത്ത ഈ ശുശ്രൂഷകളെ ദുഷ്പ്രചരണങ്ങളിലൂടെ ഇകഴ്ത്തി കാട്ടാനുള്ള ശ്രമങ്ങൾ നമ്മുടെ നാട്ടിൽ നടക്കുന്നു എന്നതു വേദനാജനകമാണ്. ശ്രേഷ്ഠമായ ശുശ്രൂഷകൾ നടത്തുന്ന നമ്മുടെ പല പ്രസ്ഥാനങ്ങളും വ്യക്തികളും സ്ഥാപനങ്ങളും ഒക്കെ ആക്രമിക്കപ്പെടുകയും നിർവീര്യമാക്കപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ ഇപ്പോൾ വർദ്ധിച്ചുവരുന്നുണ്ട്. മദറിന്റെ പ്രാർത്ഥനാജീവിതവും സഹനങ്ങളും തീഷ്ണതയുമൊക്കെ നമുക്കും മാതൃകയാക്കാം.

രാഷ്ട്രം അതിന്റെ 79-ാം സ്വാതന്ത്ര്യദിനം ആചരിക്കുമ്പോൾ അനേകം പേരുടെ ജീവത്യാഗത്തിന്റെയും സഹനത്തിന്റെയുമൊക്കെ ചരിത്രം നമ്മൾ അനുസ്മരിക്കുന്നു. നമ്മുടെ പൂർവികർ വിഭാവനം ചെയ്ത ഐക്യവും അഖണ്ഡതയും പുരോഗതിയുമൊക്കെ എവിടെ എത്തി നിൽക്കുന്നു എന്നതു ചിന്തിക്കേണ്ടതാണ്. ഉള്ളവന്റെ സമ്പത്തും ഇല്ലാത്തവന്റെ ദാരിദ്ര്യവും വർദ്ധിക്കുന്നു

എന്നതാണ് യാഥാർത്ഥ്യം. വർഗീയതയും വിഭാഗീതയും വളർത്തി അധികാരം സമ്പാദിക്കുകയും പി.ആർ. വർക്കിലൂടെ പ്രതിച്ഛായ സൃഷ്ടിക്കുകയും വിമർശനങ്ങളോടും എതിർപ്പുകളോടും അസഹിഷ്ണുത പ്രകടിപ്പിക്കുകയും ചെയ്യുന്ന നേതാക്കൾ നാടിന്റെയും ജനങ്ങളുടെയും അടിസ്ഥാനപ്രശ്നങ്ങൾ പലപ്പോഴും വിസ്മരിക്കുന്നു. പുരോഗതിയുടെ നേട്ടങ്ങൾ ഒരു ന്യൂനപക്ഷത്തിന്റേതായി മാറുന്നു. രാജ്യത്തിന്റെ വളർച്ചയ്ക്കും ഐശ്വര്യത്തിനുംവേണ്ടി നമുക്കു പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതോടൊപ്പം അതിന്റെ യഥാർത്ഥ ചരിത്രവും ദർശനങ്ങളുമൊക്കെ വരും തലമുറയ്ക്കു പകർന്നു നൽകാനും നമുക്കു കടമയുണ്ട്. എല്ലാവർക്കും സ്വാതന്ത്ര്യദിനത്തിന്റെയും സ്വർഗ്ഗാരോപണ തിരുനാളിന്റെയും തിരുവോണത്തിന്റെയും ആശംസകൾ നേരുന്നു.

സെപ്റ്റംബർ മാസത്തെ തിരുനാളാഘോഷങ്ങളുടെ വിശദാംശങ്ങൾ ആഗസ്റ്റ് 15 നു മുമ്പായി സോണൽ ഓഫീസർമാർ സി.സി.യിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ സെൻട്രൽ കൗൺസിലിന്റെ പുതിയ രജിസ്ട്രേഷൻ ലഭിച്ചത് ഡിസംബർ 3, 2025 നാണല്ലോ. വാർഷിക കണക്ക് സൊസൈറ്റി രജിസ്ട്രർക്ക് കൊടുക്കേണ്ടതിനാൽ നമ്മൾ പ്രവർത്തനമാരംഭിച്ച 1.4.2026 മുതൽ 30.9.2026 വരെയുള്ള വരവുചെലവുകളുടെ കണക്കുകൾ ഒക്ടോബർ പതിനഞ്ചിനെങ്കിലും സെൻട്രൽ കൗൺസിൽ ഓഫീസിൽ എത്തിക്കുവാൻ ഏരിയാ കൗൺസിൽ ഭാരവാഹികൾ ശ്രദ്ധിക്കുക. ഈ കാലയളവിൽ ലഭിച്ച വരവുകളും ചെലവുകളും മാത്രമേ പാടുള്ളു എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക. നമ്മുടെ പുതിയ സെൻട്രൽ കൗൺസിൽ പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പ് ഒക്ടോബർ പകുതിയോടെ നടത്തുന്നതാണ്. വിശദാംശങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്. പുതിയ ഭാരവാഹികൾ സ്ഥാനമേൽക്കുന്നതിനുമുമ്പായി കണക്കുകൾ നിയമാനുസൃതം സമർപ്പിക്കേണ്ടതിനാൽ ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകാൻ പാടില്ല. നമ്മുടെ സൊസൈറ്റിയുടെ പാസ്റ്ററൽ കൗൺസിൽ പ്രതിനിധിയായി ചമ്പക്കുളം ഏരിയാ കൗൺസിൽ പ്രസിഡന്റ് ബ്ര. ചാക്കപ്പൻ ആന്റണിയെ അഭി. പിതാവ് നാമനിർദ്ദേശം ചെയ്ത കാര്യം സന്തോഷപൂർവം അറിയിക്കുന്നു.

നമ്മിൽ നിന്നു വേർപിരിഞ്ഞ ചമ്പക്കുളം ഏരിയാ കൗൺസിൽ മുൻ സെക്രട്ടറി ബ്ര. ജോസഫ് തയ്യിൽ, പുന്നക്കുന്നം കോൺഫറൻസ് മുൻ അംഗം ബ്ര. ചാണ്ടപിള്ള പുളിവേലിൽ എന്നിവരുടെ സേവനങ്ങളെ നന്ദിയോടെ ഓർക്കുകയും ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹപൂർവം,

**തോമസ് റ്റി. മൂലയിൽ**
*സെൻട്രൽ കൗൺസിൽ പ്രസിഡന്റ്*

# കരിസ്മാറ്റിക് നവീകരണം

''കരിസ്മാറ്റിക് മുന്നേറ്റത്തിന് നന്ദി..! നിരവധി ക്രിസ്ത്യാനികൾ -പുരുഷന്മാരും സ്ത്രീകളും, യുവാക്കളും, മുതിർന്നവരും- അവരുടെ ദൈനംദിന ജീവിതത്തിൽ പരിശുദ്ധാത്മാനുഭവം ഒരു ജീവിക്കുന്ന യാഥാർത്ഥ്യമായി വീണ്ടും കണ്ടെത്തിയിട്ടുണ്ട്. പ്രാർത്ഥന, വിശുദ്ധി, കൂട്ടായ്മ, പ്രഘോഷണം എന്നിവയ്ക്കുള്ള ഒരു നവീകൃത പ്രോത്സാഹനമായി ഈ ആത്മീയത സഭയിൽ വ്യാപിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.''

– പോപ് ജോൺ പോൾ 2nd, മെയ് 29, 2004

## കരിസ്മാറ്റിക് ജൂബിലി/ കൃപാഭിഷേക കൺവെൻഷൻ കമ്മിറ്റി മീറ്റിങ്

ഓഗസ്റ്റ് 20 മുതൽ 24 വരെ ഫാ. ഡൊമിനിക്ക് വാളൻമനാൽ നയിക്കുന്ന (എസ്. ബി. കോളജ് ഗ്രൗണ്ട്) കൃപാഭിഷേക-ജൂബിലി കൺവൻഷനുമായി ബന്ധപ്പെട്ട മധ്യസ്ഥപ്രാർഥനയും വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങളും തുടർന്നുവരുന്നു. എല്ലാ ചൊവ്വാഴ്ചയും നാലുമണിക്ക് SOIL സിസ്റ്റേഴ്സ് കോൺവെന്റ് ചാപ്പലിൽ മധ്യസ്ഥപ്രാർഥനയും ബുധനാഴ്ചകളിൽ മൂന്നുമണിക്ക് കൺവൻഷൻ കമ്മിറ്റി കോർ ടീം ഒരുമിച്ച് കൂടി ഒരുക്കങ്ങളുടെ അവലോകനവും നടന്നുവരുന്നു.

## സോണിന്റെ പുനഃസംഘടന

വരുന്ന രണ്ടുവർഷം ചങ്ങനാശേരി സോണിന്റെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകേണ്ട സേവനസമിതിയെ കണ്ടെത്താനുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയും ഡിസേൺമെന്റും ജൂൺ 26നു പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. KCBC കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി ഫാ. ജോൺസൺ തൌണ്ടയിലിന്റെ നേതൃത്വത്തിൽ കരിസ്മാറ്റിക് കേന്ദ്രകാര്യാലയത്തിൽ നിന്നുള്ള പ്രതിനിധികളാണ് തെരഞ്ഞെടുപ്പു പ്രക്രിയ നടത്തിയത്. സജിനി പറത്തോട്, സൂസൻ മേലന്നൂർ, സോണിയ കാട്ടടിപരുത്തിയിൽ, മോൻ ചെത്തിമറ്റം, ജോസി കൊണ്ടോടി, ഡൊമിനിക് മറ്റപ്പറമ്പിൽ, വിൻസന്റ് മുതിരപ്പറമ്പിൽ, സിബിച്ചൻ ഉപ്പുകുന്നേൽ, കുര്യാക്കോസ് പുളിവേലിൽ എന്നിവരാണ് പുതിയ സർവീസ് ടീം അംഗങ്ങൾ. ഓഗസ്റ്റുമാസത്തിൽ കളമശ്ശേരിയിലുള്ള അൽമായ പരിശീലനകേന്ദ്രത്തിൽ (എമ്മാവൂസ്) നടക്കുന്ന കൈവയ്പ്പ് ശുശ്രൂഷയ്ക്കുശേഷം പുതിയ ടീം നിലവിൽ വരും. നിലവിലെ കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ അഭി. മാർ വർഗീസ് ചക്കാലക്കൽ ആണ് കൈവയ്പ്പ് ശുശ്രൂഷ നയിക്കുന്നത്.

## ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി

ലോഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ സോണൽ സർവീസ് ടീം യോഗം ജൂൺ 25നു ആനിമേറ്റർ ഫാ. ലൂയിസ് വെള്ളാനിക്കലിന്റെ നേതൃത്വത്തിൽ നടന്നു. ടോമിച്ചൻ-റോസമ്മ കൊച്ചുവീട്ടിൽ (മാമ്മൂട് ലൂർദ്മാതാ ഇടവക). വിവിധ ഇടവകകളിൽ തുടങ്ങിവച്ച ദമ്പതീ സെല്ലുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. ജൂൺ 19നു പുതുക്കരി സെന്റ് സേവ്യേഴ്സ് പള്ളിയിലും മെയ് 23ന് സെന്റ് മേരീസ് പള്ളി കുമരങ്കരിയിലും ദമ്പതി ധ്യാനം നടന്നു.

സ്നേഹപൂർവം,

**മഞ്ജു മാത്തൂർ**
*(കോഡിനേറ്റർ)*

**ഫാ. മാത്യു താന്നിയത്ത്**
*(ആനിമേറ്റർ)*

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ തോമസ് തറയിൽ

**ജൂൺ**

28 ഫാത്തിമാപുരം സ്നേഹനിവാസിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. കാഞ്ഞിരവേലി ബഹു. തോമസ് അച്ചന്റെ പിതാവ് ആന്റണി ദേവസ്യയുടെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്കു കാർമികത്വം വഹിച്ചു.

29 മണിമല ഇൻഫന്റ് ജീസസ് ആശുപത്രിയിലെ സ്കാനിങ് ഉപകരണങ്ങൾ ആശീർവദിച്ചു. അതിരൂപതാകേന്ദ്രത്തിൽ ശാലോം ടിവിയുടെ യുവജന സംവാദത്തിൽ പങ്കെടുത്തു. മാർത്തോമ്മാ വിദ്യാനികേതനിലെ ചാപ്പൽ കൂദാശ ചെയ്തു.

30 കുറിച്ചി മൈനർ സെമിനാരിയിൽ മ്ശംശാനാ പട്ടംനൽകൽ ശുശ്രൂഷയ്ക്കു കാർമികത്വം വഹിച്ചു. വാഴപ്പള്ളി സെന്റ് തെരേസാസ് സ്കൂളിൽ KCSL അതിരൂപതാതല പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്യുകയും പാറേൽ സെന്റ് മേരീസ് പള്ളിയിൽ ആദ്യ ബുധനാഴ്ച ഉപവാസപ്രാർത്ഥനയിൽ സന്ദേശം നൽകുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ ഇന്റർ ഡിപ്പാർട്ട്മെന്റ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

**ജൂലൈ**

01 മാരാനല്ലൂർ ക്രൈസ്റ്റ് നഗർ കോളേജിൽ അദ്ധ്യാനവർഷം ഉദ്ഘാടനം ചെയ്യുകയും തിരുവനന്തപുരം ലൂർദ് ഫൊറോനാപ്പള്ളിയിൽ ദുക്റാന സംഗമത്തിൽ അധ്യക്ഷതവഹിക്കുകയും ചെയ്തു.

02 ചീരംചിറ എ.എസ്.എം.ഐ. ജനറലേറ്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ദുക്റാനാ ദിനാഘോഷം ഉദ്ഘാടനം ചെയ്തു.

03 നിരണം മാർ തോമ്മാ ശ്ലീഹാ പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ മാർത്തോമാ വിദ്യാനികേതന്റെ പ്ലാസിഡ് സിമ്പോസിയം ഉദ്ഘാടനം ചെയ്യുകയും വൈകുന്നേരം ദുക്റാനാദിനാഘോഷത്തിൽ സന്ദേശം നൽകുകയും ചെയ്തു.

05 ന്യൂജേഴ്സിയിലെ സോമർസെറ്റ് ഫൊറോനാപ്പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

06-09 ചിക്കാഗോ സീറോമലബാർ രൂപതാ വൈദികരുടെ ധ്യാനം നയിച്ചു.

09 ചിക്കാഗോ രൂപതയിലെ എസ്.ബി.-അസംപ്ഷൻ പൂർവ്വവിദ്യാർത്ഥി കോൺഫറൻസിനെ അഭിസംബോധന ചെയ്തു.

10-11 ചിക്കാഗോ സീറോമലബാർ കൺവെൻഷനിൽ പങ്കെടുത്തു.

12 ആർലിങ്ടൺ രൂപതയിലെ സെന്റ് തിമത്തി പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

13 ആർലിങ്ടൺ ബിഷപ് മൈക്കിളിനെ സന്ദർശിച്ചു.

14 ഹൂസ്റ്റൺ സീറോമലബാർ ദൈവാലയത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

18 പടഹാരം സെന്റ് ജോസഫ് പള്ളിയിൽ കൊച്ചുതറ ബഹു. തോമസ് അച്ചനെ അനുസ്മരിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു. ചങ്ങനാശ്ശേരി എസ്.ബി. സ്കൂളിൽ കോർപ്പറേറ്റ് മാനേജ്മെന്റ് മെറിറ്റ് ഡേയിൽ സന്ദേശം നൽകി സമ്മാനങ്ങൾ വിതരണം ചെയ്തു. വില്ലൂന്നി സി.എം.സി. കോൺവെന്റിൽ സി. ഡയനീഷ്യായുടെ മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് കാർമികത്വം വഹിച്ചു.

19 അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ അജപാലന സന്ദർശനം നടത്തി. അതിരമ്പുഴ മാതൃ-പിതൃവേദിയുടെ ഫൊറോനാതല ഭാരവാഹികളുടെ യോഗത്തെ അഭിസംബോധന ചെയ്തു. ചെത്തിപ്പുഴ കാർമൽ മൗണ്ടിൽ സൗഹൃദ സഖ്യ പ്രാർത്ഥനാ കൂട്ടായ്മയിൽ സന്ദേശം നൽകുകയും കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന ഇടവകാംഗം ബാബു തോമസ് കൊട്ടാരത്തിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമികത്വം വഹിക്കുകയും ചെയ്തു. ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക പള്ളിയിൽ നസ്രാണി ഫാമിലി ഫ്രട്ടേണിറ്റി സംഗമത്തിൽ സന്ദേശം നൽകി.

20 ചേന്നംകരി ലൂർദ് മാതാ പള്ളിയിൽ തെക്കുമുറിയിൽ ബഹു. സോണി അച്ചനെ അനുസ്മരിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു.

21 കുറിച്ചി ഡോൺ ബോസ്കോ ഹൗസിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും കുറുമ്പനാടം സെന്റ് ജോസഫ് എഫ്.സി.സി. കോൺവെന്റിൽ സിസ്റ്റർ ലീമ മാതിരംപള്ളിയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് കാർമികത്വം വഹിക്കുകയും ചെയ്തു. തിരുവനന്തപുരത്ത് സി.എസ്.ഐ. മധ്യകേരള മഹായിടവക കൊല്ലം-കൊട്ടാരക്കര രൂപത മുൻ ബിഷപ്പ് റൈറ്റ് റവ. ഉമ്മൻ ജോർജിന്റെ സപ്തതിയാഘോഷത്തിൽ പങ്കെടുത്ത് ആശംസയറിയിച്ചു.

22 ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ പാലത്തുങ്കൽ ബഹു. ഡൊമിനിക് അച്ചനെ അനുസ്മരിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു. പച്ച ലൂർദ് മാതാ ഹോസ്പിറ്റൽ ചാപ്പൽ പൂനർകൂദാശ ചെയ്യുകയും പുല്ലങ്ങടി ഹോളി ഫാമിലി ഇടവകാംഗം ചൂരവടി ചാക്കോ എബ്രഹാമിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

23 പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ കുടുംബ സംഗമത്തിൽ സന്ദേശം നൽകി. പാറേൽ ഇടവകാംഗവും കൊച്ചുതറ ബഹു. തോമസ് അച്ചന്റെ സഹോദരനുമായ കെ. ജെ. ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

24 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതാ വൈദികരുടെ വാർഷിക ധ്യാനത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. ഫാത്തിമാപുരം പാലത്തിങ്കൽ ലാലു സെബാസ്റ്റ്യന്റെ മൃതദേഹ

ത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും അതിരൂപതാകേന്ദ്രത്തിൽ സി.സി.സി.എച്ച്.ഐ. യോഗത്തിൽ സന്ദേശം നൽകുകയും ചെയ്തു.

25 തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് പള്ളിയുടെ ഹാൾ ആശീർവദിക്കുകയും കരിമ്പനക്കുളം ഇടവകാംഗം ഏറത്തേടം ജോമി മാത്യുവിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമ്മികത്വം വഹിക്കുകയും ചെയ്തു. പാസ്റ്ററൽ സെന്ററിൽ ഡി.സി.എം.എസ്. മെറിറ്റ് ഡേയിൽ സന്ദേശം നൽകി സമ്മാനങ്ങൾ വിതരണം ചെയ്തു. പണ്ടകശ്ശാല സെന്റ് ജയിംസ് കുരിശുപള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി.

26 നെടുമങ്ങാട് മദർ തെരേസാ പള്ളിയിൽ പരിശുദ്ധ കുർബാനമധ്യേ സന്ദേശം നൽകി. പോങ്ങുംമൂട് സെന്റ് അൽഫോൻസാ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകുകയും തിരുനാൾ കൊടിയേറ്റ് കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

27 പാലാ അൽഫോൻസാ കോളേജിൽ അൽഫോൻസാ ദിനാഘോഷം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. ഭരണങ്ങാനം സെന്റ് അൽഫോൻസ തീർത്ഥാടന കേന്ദ്രത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

28 അതിരൂപതാകേന്ദ്രത്തിൽ സംസ്ഥാന ആഭ്യന്തരമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയെ സ്വീകരിച്ചു. സെന്റ് തോമസ് ആശുപത്രിയിൽ സംസ്ഥാന സർക്കാരിന്റെ 'ഓപ്പറേഷൻ തൂഫാൻ' പദ്ധതിയോടു ചേർന്നു ക്രമീകരിച്ച പരിപാടിയിൽ അധ്യക്ഷതവഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിലും അസംപ്ഷൻ കോളേജ് മാനേജ്മെന്റ് ബോർഡ് യോഗത്തിലും ഇന്റർ ഡിപ്പാർട്ട്മെന്റ് സമ്മേളനത്തിലും അധ്യക്ഷതവഹിച്ചു.

## മാർ ജോസഫ് പെരുന്തോട്ടം

**ജൂൺ**

29 ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

**ജൂലൈ**

01 ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. പഴവങ്ങാടി മാർ സ്ലീവാ ഫൊറോനാപ്പള്ളിയിൽ ചങ്ങനാശ്ശേരി കർമ്മലീത്താ പ്രോവിൻസിലെ പഴവങ്ങാടി മഠാംഗം സി. മമ്പലം ട്രീസ ഫ്രാൻസീന സി.എം.സി.യുടെ മൃതസംസ്കാര സമാപനശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന ബഹു. വൈദികരെ സന്ദർശിച്ചു.

02 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ കെ. ഇ. ജോബ് എം.എ.എൽ.റ്റി.യുടെ 'കേരളത്തിലെ ക്രിസ്തുമതം' എന്ന ചരിത്ര പുസ്തകത്തിന്റെ ശതാബ്ദി പ്രമാണിച്ച് പ്രസിദ്ധീകരിക്കുന്ന അതിന്റെ പുതിയ പതിപ്പിന്റെ പ്രകാശനകർമ്മം നിർവഹിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ നടന്ന ഹോം ഡേയ്ക്ക് ആശംസകൾ നേർന്നു സംസാരിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ അഭി. മാർ ജോർജ് കോച്ചേരി പിതാവിനെ സന്ദർശിച്ചു.

03 ദുക്റാനാ തിരുനാളിനോടനുബന്ധിച്ചു കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പരിശുദ്ധ റാസാക്കുർബാനയർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ മാർത്തോമ്മാവിദ്യാനികേതൻ 36-ാമത് വാർഷിക സമ്മേളനവും 26-ാമത് പ്ലാസിഡ് സിംപോസിയവും ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ പഴയപള്ളി പുനർകൂദാശാശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ ദുക്റാനത്തിരുനാളിന്റെയും അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ നാമഹേതുകതിരുനാളിന്റെയും ആഘോഷത്തിൽ ആശംസകൾ നേർന്നു.

04 പാലമറ്റം ബേസ് തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളി ഇടവകാംഗം കിഴക്കേക്കുറ്റ് ശ്രീ. സെബാസ്റ്റ്യൻ വർഗ്ഗീസിന്റെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു.

05 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. അതിരൂപത യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിലുള്ള 20-ാമത് നിരണം തീർഥാടനത്തിൽ പങ്കെടുത്തു സന്ദേശംനൽകി. പുത്തനങ്ങാടി കരുണാലയ ഹോസ്പിസ് രജത ജൂബിലി

ആഘോഷത്തിൽ പങ്കെടുത്ത് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

06 പൊടിപ്പാറ ഹോളി ഫാമിലി പള്ളിയിൽ മേരി ഭവൻ ആന്റണി & റോസാ ദമ്പതികളുടെ നാലാമത്തെ കുഞ്ഞ് ജോഹാന് പ്രവേശകകൂദാശകൾ നൽകി. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

07 ചങ്ങനാശ്ശേരി ദൈവമാതാ പ്രോവിൻസിലെ ചെത്തിപ്പുഴ വെരൂച്ചിറ ശാന്തി സദൻ ക്ലാരമഠം ഭവനാംഗം സി. നൂഴിമുറിയിൽ മേഴ്സിയുടെ മൃതസംസ്കാരശുശ്രൂഷയുടെ രണ്ടും മൂന്നും ഭാഗങ്ങൾക്ക് കാർമികത്വംവഹിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന കൊച്ചുതറ ബഹു. തോമസച്ചനെ സന്ദർശിച്ചു.

08 പനയമ്പാല സെന്റ് സെബാസ്റ്റ്യൻസ് പള്ളി ഇടവകാംഗം തൂമ്പുങ്കൽ ശ്രീ. സിബി തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

09 മോർക്കുളങ്ങര എ.കെ.എം. പബ്ലിക് സ്കൂളിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

10 പാലമറ്റം ബേസ് തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളി ഇടവകാംഗം കാട്ടടി ശ്രീ. കെ. എ. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു. പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളി ഇടവകാംഗം പുളിവേലിൽ ശ്രീ. ചാണ്ടപ്പിള്ള ജോർജിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

11 ചങ്ങനാശ്ശേരി മാർത്തോമ്മാ വിദ്യാനികേതനിൽ നസ്രാണിമാർഗം കൂട്ടായ്മാംഗങ്ങൾക്ക് ക്ലാസ്സെടുത്തു. പാറമ്പുഴ ബെത്‌ലഹേം പള്ളിയിൽ പൊടിമറ്റത്തിൽ വർഗീസ് & എലിസബത്ത് ദമ്പതികളുടെ നാലാമത്തെ കുഞ്ഞ് അന്നയ്ക്ക് പ്രവേശകകൂദാശകൾ നൽകി, മൂന്ന് കുഞ്ഞുങ്ങളുടെ ആഘോഷപൂർവ്വമായ ദിവ്യകാരുണ്യ സ്വീകരണത്തിൽ കാർമ്മികത്വം വഹിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

12 പന്ത്രണ്ട് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ചു മാന്നാനം പന്ത്രണ്ട് ശ്ലീഹന്മാരുടെ പള്ളിയിൽ പരിശുദ്ധ റാസാകുർബാനയർപ്പിച്ചു. പൂമറ്റം സെന്റ് ആന്റണീസ്പള്ളി ഇടവകാംഗം കാഞ്ഞിരത്തിങ്കൽ ശ്രീമതി മോളി ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. പായിപ്പാട് ലൂർദ് മാതാ ഇടവകപ്പള്ളിയിൽ സംഘടിപ്പിച്ച നസ്രാണിസംഗമം ഉദ്ഘാടനംചെയ്തു സംസാരിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

13 പടഹാരം സെന്റ് ജോസഫ്പള്ളി ഇടവകാംഗം കൊച്ചുതറ ബഹു. തോമസ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്ത് പരിശുദ്ധ കുർബാനയയിൽ വചനസന്ദേശം നൽകി, സമാപനശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

14 ഇത്തിത്താനം വൈദികഭവനത്തിൽ പാലത്തിങ്കൽ ബഹു. ഡൊമിനിക് അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

15 വില്ലൂന്നി സെന്റ് സേവ്യഴ്സ്പള്ളിയിൽ മാമ്പറയിൽ ചാക്കോ & എലിസബത്ത് ദമ്പതികളുടെ മകൻ സെബാസ്റ്റ്യന് പ്രവേശകകൂദാശകൾ നൽകി. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളി ഇടവകാംഗം പാലത്തുങ്കൽ ബഹു. ഡൊമിനിക് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു, സമാപനശുശ്രൂഷകൾക്ക് സഹകാർമികത്വംവഹിച്ചു.

16 പുന്നത്തുറ വെള്ളാപ്പള്ളി സെന്റ് തോമസ്പള്ളി ഇടവകാംഗം പേരാലുങ്കൽ ജോർജ്ജും അൽഫോൻസാഗിരി ആലക്കാമുറി കാതറിനും തമ്മിലുള്ള വിവാഹം ആശീർവദിച്ചു. ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻപള്ളി ഇടവകാംഗവും വല്ലയിൽ ബഹു. ജോബ് അച്ചന്റെ മാതാവുമായ ശ്രീമതി ത്രേസ്യാമ്മ മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി മറ്റം വാർഡിൽ പരിശുദ്ധ കർമ്മലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ചു വചനസന്ദേശവും സമാപനാശീർവാദവും നൽകി.

24 പാലമറ്റം ബേത് തോമ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഫാത്തിമാപുരം, ഫാത്തിമാമാതാപള്ളി ഇടവകാംഗം പാലത്തിങ്കൽ ശ്രീ. ലാലു സെബാസ്റ്റ്യന്റെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു.

25 വില്ലൂന്നി ജോസഫൈൻ സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചികിത്സാർത്ഥം വിശ്രമിക്കുന്ന കോട്ടയം പ്ലാക്കാലിൽ ബഹു. ജോസഫ് അച്ചനെ ഭവനത്തിലെത്തി സന്ദർശിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന ബഹു. വൈദികരെ സന്ദർശിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

26 ഇത്തിത്താനം ആയുഷ്യയിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാംപിനോടനുബന്ധിച്ച് നടത്തപ്പെട്ട സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ച് സംസാരിച്ചു. യൂദാപുരം സെന്റ് ജൂഡ് പള്ളിയിൽ നേരിയംപറമ്പിൽ ജോസഫ് & അന്നമ്മ ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞ് കുര്യാക്കോസിന് പ്രവേശകകൂദാശകൾ നൽകി. കോട്ടയം കാരിത്താസ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന തുമ്പേച്ചിറയിൽ ബഹു. മാത്യു അച്ചനെ സന്ദർശിച്ചു.




# *ENGAGEMENTS* | AUGUST 2026

**Mar Thomas Tharayil**
Metropolitan of Changanacherry

| | | |
|---|---|---|
| 01 | 11:30 am | Message: Sacerdotal Golden Jubilee: Fr Kozhuppakkalam MSFS @ Edathua |
| | 02:00 pm | Message: St. Alphonsa Pilgrimage @ Kudamaloor |
| | 04:00 pm | Sacraments of Initiation @ Paika |
| 02 | 07:00 am - 01:00 pm | Pastoral Visit @ Attingal St. Jude |
| | 06:00 pm | *Nasrani* Family Fraternity Meet @ Kazhakootam |
| 03-07 | | KCBC Retreat @ POC Palarivattom |
| 08 | 06:30 am | Sacraments of Initiation @ Mariyapuram |
| 09 | 07:00 am - 01:30 pm | Pastoral Visit @ Pangada Sacred Heart |
| | 03:00 pm | Parish Council Members Get Together @ Thrickodithanam |
| | 06:30 pm | *Nasrani* Family Fraternity Meet @ Thrickodithanam |
| 10 | 06:30 am- 06:00pm | Vadavathoor Seminary Commission Visit |
| 11 | 10:00 am | Archeparchial Priests' Silver and Golden Jubilee @ Minor Seminary |
| | 05:00 pm-07:00 pm | Finance Council |
| 12 | 08:30 am | *Curia* |
| | 02:30-06:00 pm | Visitors |
| | 05:00 pm | Holy *Qurbana* @ Cathedral |
| | 07:00 pm | Class @ Niranam Seminary |
| 13 | 10:00 am | Holy *Qurbana* @ SJSM Convent Puthusserry |
| | 04:00 pm | Sacraments of Initiation @ Muhamma |
| 14 | 10:00 am | Convocation Ceremony @ POC, Palarivattom |
| 15 | 07:00 am | Holy *Qurbana* @ Eravinalloor |
| | 10:30 am | Foundation Stone Blessing & Parish Day @ Punnamada |
| | 12:00 pm | Betrothal @ Thakazhy |
| 16 | 07:00-01:30 pm | Pastoral Visit @ Pullangady Holy Family |
| | 07:00 pm | Holy *Qurbana* @ Kottayam |

| | | |
|---|---|---|
| 17-28 | | Synod @ Mount St. Thomas, Kakkanad |
| 22 | 08:00 am | Episcopal Silver Jubilee: Cardinal Cleemis @ Trivandrum |
| | 05:00 pm | Holy *Qurbana* & Convent Blessing @ Chengannur |
| 23 | 10:00 am | Holy *Qurbana*: SD Sisters Centenary @ Thottumukkam |
| | 04:00 am | Holy *Qurbana* @ Laikkad |
| 29 | | Holy *Qurbana*: *Ecclesia* @ Kunnamthanam |
| | 11:30 am | Marriage @ Ponkunnam |
| | 02:30 am | Marriage @ Parel |
| 30 | 07:00- 01:30 pm | Pastoral Visit @ Cheruvandoor St. Sebastian's |
| | 06:00 pm | Message: Parish Day @ Punnakunnathusserry |
| | 06:30 pm | Holy *Qurbana* @ Priest Home, Ithithanam |
| 31 | 06:00 pm | Inter Department Meeting |

FR. SECRETARY - 8078088468



## ENGAGEMENTS | AUGUST 2026

**Mar Joseph Perumthottam**
Metropolitan Emeritus of Changanacherry

| | | |
|---|---|---|
| 01 | 07:30 am | Homily @ St. Alphonsa Bhavan, Kudamaloor |
| | 11:00 am | Sacraments of Initiation @ St. Xavier's Forane Church, Thrickodithanam |
| 02 | 02:30 pm | Holy *Qurbana & Kudumbayogam* @ Nithyasahaya Matha Church, Ezhukumvayal |
| 04 | 06:15 am | Holy *Qurbana* @ Little Flower Adoration Convent, Vazhappally |
| 05 | 06:30 am | Holy *Qurbana* & Class for First Years @ St. Thomas Minor Seminary, Kurichy |
| 06 | 04:00 pm | Sacraments of Initiation @ Sacred Heart Church, Chethipuzha |
| 07 | 06:30 am | Holy *Qurbana* @ *Bet-Thoma Dayara*, Palamattom |
| 07-09 | | *Mar Thoma Sleeha Dayara*, Nallathanni |
| 11 | 10:00 am | Holy *Qurbana* & Jubilee Celebration @ St. Thomas Minor Seminary, Kurichy |
| 15 | 09:00 am | Homily @ St. Mathew's Church, Kottackupuram |
| | 04:30 pm | Holy *Qurbana* @ St. Mary's Church, Parel |
| 16 | 09:00 am | Holy *Qurbana* @ St. Mary's Church, Kainakary |
| | 05:00 pm | *Idavakadinam* @ St. Sebastian's Church, Kodinattumkunnu |
| 17 | 11:00 am | Sacrament of Matrimony @ Ranigiri Church, Mannanthala |
| 17-28 | | Synod |
| 20 | 04:00 pm | Holy *Qurbana* & Inauguration Charismatic Convention @ S.B. College, Changanacherry |
| 27 | 10:30 am | Holy *Qurbana* @ St. Sebastians's Church, Ayarkunnam |

FR SECRETARY - +919292990040

VEDAPRACHARA MADHYASTAN VOL.99 No.02 2026 August
Date of Publication: 31-07-2026
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment Posted at Changanacherry sorting on the last day of every month

Rs 25/-



# സ്വർഗാരോപണത്തിരുനാളിന്റെ ആശംസകൾ

Estd. 1928 Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.
sjopresschry@gmail.com www.archdiocesechanganacherry.org